KNANAYADEEPAM
SINCE 1989

# ക്നാനായ ദീപം

Vol: 31 / Issue: 2 February 2020 ₹ :15/-



## നീതിമാന്റെ ഓർമ്മ
## അനുഗ്രഹത്തിനായിത്തീരട്ടെ

# 40 – ാം ചരമദിനം

## 09 – 02 – 2020



# എ. ഒ. കുര്യൻ (ബേബി)

## ആരുംമാംമൂട്ടിൽ, കല്ലിശ്ശേരി, റാന്നി

**“നിന്റെ മഹത്വമുദിക്കും നാൾ**
**നിൽക്കണമിവൻ വലഭാഗത്തിൽ”**

ഭാര്യ – പരേതയായ **Rt. Tr** ശോശാമ്മ കുര്യൻ (തങ്കമ്മ കങ്ങഴ)
മക്കൾ – റവ. ഫാ. ജോസഫ് കുര്യൻ (ബിജു അച്ചൻ യു.എസ്.എ)
ബിൻസി (എസ്.എ.പി.ജി. സ്കൂൾ ഉമയാറ്റുകര)
മാത്യു കുര്യൻ (ബിനോയി യു.എസ്.എ)
മരുമക്കൾ – ജോമോൾ കുടകശ്ശേരിയിൽ (യു.എസ്.എ)
തോമസ് ഏബ്രഹാം (ജയ് മാലികറുകയിൽ) **(AE.KSEB,** അസോസിയേഷൻ മെമ്പർ മാന്നാർ പള്ളി)
ഷേബ കുര്യൻ മടത്തുമണ്ണിൽ (യു.എസ്.എ)
കൊച്ചുമക്കൾ – അലീന, ആഷ്‌ലി, അലൻ, അലക്സ്, ഇവാന, അനാവി, ഇഷാന

Advt - O

# ക്നാനായ ദീപം

SINCE 1989

2020 ഫെബ്രുവരി പുസ്തകം 31 ലക്കം 2

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം


## ഉള്ളടക്കം


എഡിറ്റോറിയൽ 04

വലിയ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 06
റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ

പ്രസംഗദീപം 08
ഫാ. റോയി മാത്യൂസ് കോറെപ്പിസ്ക്കോപ്പ

പാതാളഗോപുരങ്ങൾ 09
കൊച്ചുമോൻ പള്ളിക്കപ്പറമ്പിൽ

മാതൃകാ കുടുംബജീവിതം 15
ഫാ. ഡോ. ജെയിംസ് തോടത്തിൽ

മനുഷ്യപുത്രനായ യേശു 18
പ്രൊഫ. പി. കെ. സ്കറിയ

ആത്മാവബോധം 21
ഡോ. ഐബി ജോസ് കിഴക്കേടത്ത്

സ്ത്രീകളുടെ വസ്ത്രധാരണം 23
ഡോ. ഏലിയാമ്മ ഏബ്രഹാം

കൗമാരപ്രണയദീപം 24
അഞ്ചു ലിജോ ഇളവൻകളം

26 മല്പാനോട് ചോദിക്കാം

28 മലർവാടിക്കൂട്ടം

28 ബാലദീപം ക്വിസ്

37 പരി. ഏലിയാസ് ത്രിതീയൻ ബാവ
ഫാ. മോനായി കെ. ഫിലിപ്പ്

38 വൈകല്യം കുട്ടിക്കോ? നമുക്കോ?
ഡോ. സുനിൽ ഡി. കുരുവിള

39 ക്നാനായ സംഗമം (തനിമ 2020)

40 ആത്മീയത കപടമാകുമ്പോൾ
ടോംസ് ആന്റണി

43 മാട്രിമോണിയൽ


ക്നാനായദീപം വരിസംഖ്യ കുടിശ്ശികയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം

മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.


**Chief Patron**
**H.E. Mor Severios Kuriakose**
Chief Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**

**Chief Editor**
**V. Rev. Roy Mathew Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
T. S. Mathukutty Thekkeparambil
E. P. Kuriakose, Edavazhikkal
K. A. Thomas Komarathumparambil
Sibi Mathew Thondukuzhiyil
Anu Kurian Padakasseril

**Press Manager**
**Fr. Sherin C. Kollamparambil**

**Press Managing Committee**
Abraham Kurian Kaipuzha
Benny Mathew Kariyil
P. A. Joseph Puthenpurackal
A. U. Kuriakose Ayikkara
Shino Joseph Kalloorthundiyil
Sibi Baby Thoppil

**Ex-officio Members**
Scaria Thomas (Ex. M.P.)
(Lay Trustee)
T. O. Abraham Thottathil
(Samudaya Secretary)

**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com



**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176
Mob. 7034400176
E-mail:
**kna.deepam@gmail.com**


**Visit www.knanayadeepam.com**


ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക

# editorial



## എഡിറ്റോറിയൽ

കർത്താവിൽ പ്രിയരെ,

സുവിശേഷ പ്രസംഗ മഹായോഗങ്ങൾ ധാരാളമായി പട്ടണങ്ങളിലും ഗ്രാമങ്ങളിലും മൈതാനങ്ങളിലും ഓഡിറ്റോറിയങ്ങളിലും വിശാലമായ പന്തലുകളിലും സംഘടിപ്പിക്കുകയും നടത്തുകയും ചെയ്യുന്ന ഒരു പ്രദേശമാണ് കേരളം. കൺവെൻഷനിൽക്കൂടി അനേകായിരങ്ങളെ ദൈവത്തിങ്കലേക്ക് ആനയിച്ചിട്ടുള്ള ഒരു പ്രദേശമാണ് കേരളം. കൺവെൻഷനുകളിൽ ദൈവം അത്ഭുതകരമായി ഉപയോഗിക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്തിട്ടുള്ള പ്രശസ്ത ദൈവദാസന്മാർ അനവധിയാണ്. അവരെ ആദരവോടെ സ്മരിക്കുന്നു. ശരിയായ ക്രമീകരണങ്ങളോടും പ്രാർത്ഥനയുടെ പിൻബലത്തോടും കൂടി നടത്തപ്പെടുന്ന കൺവെൻഷനുകൾ ആത്മീക ഉണർവിനും, ദൈവരാജ്യകെട്ടുപണിക്കും, ആത്മാക്കളുടെ രക്ഷയ്ക്കും, വിശ്വാസികളുടെ ആത്മീക വളർച്ചയ്ക്കും വളരെയധികം പ്രയോജനപ്പെടുന്ന ഒരു പ്രത്യേക ശുശ്രൂഷയത്രെ. മാറിക്കൊണ്ടിരിക്കുന്ന ഇന്നത്തെ കാലയളവിലും തലമുറയിലും സുവിശേഷ പ്രസംഗ മഹായോഗങ്ങൾക്കും കാര്യമായ മാറ്റങ്ങളും വ്യതിയാനങ്ങളും വന്നിട്ടുണ്ട്. മാറ്റമില്ലാത്ത നിത്യദൈവിക സത്യങ്ങളാണ് സുവിശേഷ മഹായോഗങ്ങളിൽക്കൂടെ പ്രഘോഷിക്കപ്പെടുന്നതെങ്കിലും ആ സത്യങ്ങളുടെ പ്രഘോഷണത്തിന് ഉപയോഗിക്കേണ്ട ഉപാധികളും രീതികളും കാലത്തിനനുസൃതമായിരിക്കേണ്ടതാണ്. എന്നാൽ ഇന്നത്തെ കൺവെൻഷനുകളിൽ കണ്ടുവരുന്ന ചില ദുരാചാരങ്ങളും ദൈവികാനുഗ്രഹത്തെ തടസ്സപ്പെടുത്തുന്ന ചില സംരംഭങ്ങളും ചൂണ്ടിക്കാണിക്കട്ടെ.

ഏതെങ്കിലും തരത്തിൽ കൺവെൻഷന്റെ ചുമതല വഹിക്കുന്ന എല്ലാവർക്കും തന്നെ പ്രസംഗവേദിയിൽ പ്രത്യക്ഷപ്പെടണമെന്നുള്ള ഒരു താല്പര്യവും കീഴ്വഴക്കവും പലയിടങ്ങളിലും സാധാരണമാണ്. ഇവരെ കൂടാതെ രാഷ്ട്രീയ നേതാക്കന്മാർ, ജനനേതാക്കൾ ഇവരെയും പ്രസംഗ വേദിയിൽ തന്നെയിരുത്തണമെന്നുള്ള നിർബന്ധവും പ്രവണതയും ഇന്നു കണ്ടുവരുന്നുണ്ട്. ദൈവത്തിനുള്ളത് ദൈവത്തിനും കൈസർക്കുള്ളത് കൈസർക്കും നൽകുന്നത് സമുചിതമായിരിക്കും. ഇങ്ങനെ വരുന്ന അതിഥികൾക്കും ചുമതലക്കാർക്കും പ്രസംഗവേദിയിലല്ലാതെ പ്രസംഗവേദിയുടെ താഴെ ഇരുവശങ്ങളിലും പ്രത്യേക ഇരിപ്പിടങ്ങൾ നൽകുന്നത് നന്നായിരിക്കും. വചന പ്രഘോഷണം നടത്തുമ്പോൾ ദൈവിക സാന്നിദ്ധ്യമാണ് സ്റ്റേജിൽ ആവശ്യം. ഇതുപോലെതന്നെ പ്രസംഗവേദിയിൽ ഇരിക്കുന്നവർ വചനശുശ്രൂഷ നടക്കുന്നതിനിടയിൽ ആവശ്യമുണ്ടെങ്കിലും ഇല്ലെങ്കിലും പ്രസംഗ വേദിയിൽ നിന്നിറങ്ങിപോകയും തിരികെവരികയും ചെയ്യുന്നത് അനുചിതമായ ഒരു നടപടി അല്ല. നീണ്ട ഉദ്ഘാടന പ്രസംഗവും സ്വാഗതവും കൃതജ്ഞതാ പ്രകടനങ്ങളും സുവിശേഷ പ്രസംഗയോഗങ്ങളിൽ ഒഴിവാക്കുന്നത് നന്നായിരിക്കും. ആത്മാക്കളുടെ രക്ഷയും വിശ്വാസികളുടെ ആത്മീകവളർച്ചയും ദൈവരാജ്യത്തിന്റെ കെട്ടുപണിയുമാണ് കൺവെൻഷന്റെ ലാക്കും ഉദ്ദേശവും എന്ന് മനസ്സിലാക്കി അതിനനുസൃതമായ ക്രമീകരണങ്ങൾ ചെയ്യേണ്ടിയത് ഇന്നത്തെ കൺവെൻഷനുകളെ സംബന്ധിച്ച ഒരാവശ്യമത്രേ. സുവിശേഷത്തിന്റെ കേന്ദ്ര സന്ദേശം ക്രിസ്തുവാണ്. സുവിശേഷത്തിൽ വിശ്വസിക്കുക എന്ന പ്രസ്താവനയുടെ അർത്ഥം തന്നെ ക്രിസ്തുവിൽ വിശ്വസിക്കുകയെന്നതാണ്. അപ്പോസ്തോലനായ പൗലോസ് പറയുന്നത്, ദാവീദിന്റെ സന്തതിയായി ജനിച്ചു മരിച്ചിട്ട് ഉയർത്തെഴുന്നേറ്റിരിക്കുന്ന യേശുക്രിസ്തുവിനെ ഓർത്തുകൊൾക. അതാകുന്നു എന്റെ സുവിശേഷം. അതിനാൽ ക്രിസ്തു കേന്ദ്രീയ സുവിശേഷം തന്നെ പ്രസംഗിക്കണമെന്ന് നമുക്ക് തീരുമാനിക്കാം.

എന്ന്

**നിങ്ങളുടെ പ്രിയ റോയി അച്ചൻ**

# വലിയ മെത്രാപ്പോലീത്തായുടെ സന്ദേശം



2020 ഫെബ്രുവരി 3,4,5 തീയതികളിൽ മൂന്നു നോമ്പ് ആചരിച്ച പരി. സുറിയാനി സഭ ഫെബ്രുവരി 24 മുതൽ 50 ദിവസം നീണ്ടു നിൽക്കുന്ന കഷ്ടാനുഭവ ആഴ്ച ഉൾപ്പെടുന്ന വലിയ നോമ്പും ഭയഭക്തിയോടെ ആചരിപ്പാൻ ഒരുങ്ങിക്കഴിഞ്ഞു. പ്രാർത്ഥനയോടും, ഉപവാസത്തോടും, ദൈവാശ്രയത്തോടും നോമ്പാചരിച്ച് നമ്മെ കീഴ്പ്പെടുത്തുവാൻ വെമ്പൽ കൊണ്ടു നിൽക്കുന്ന പൈശാചിക ശക്തിയിൽ നിന്നും രക്ഷ പ്രാപിപ്പാൻ ഈ വർഷത്തെ നോമ്പാചരണം നമുക്കേവർക്കും സംഗതിയാകട്ടെ.

ദൈവസൃഷ്ടിയായ ആദാമിന് ദൈവം നല്കിയ ആദ്യ കല്പനയാണ് "നിങ്ങൾ മരിക്കാതിരിക്കേണ്ടതിന് തോട്ടത്തിന്റെ നടുവിലുള്ള വൃക്ഷത്തിന്റെ ഫലം തിന്നരുത്' തൊടുകപോലും അരുത്" (ഉല്പ 3:3) ആ വൃക്ഷഫലം തിന്മാൻ നല്ലതും കാണ്മാൻ ഭംഗിയുള്ളതും, ജ്ഞാനം പ്രാപിപ്പാൻ കാമ്യവും എന്ന് മാതാവായ ഹൗവ്വാ കണ്ടു (ഉല്പ.3:6). ആദമിന്റെ വാരിയെല്ലുകളിൽ ഒന്നെടുത്ത് എപ്പോഴും തന്നോടുകൂടെ ഇരിപ്പാൻ സൃഷ്ടിക്കപ്പെട്ട ഹൗവ്വാ ആദാമിന്റെ സമീപത്തു നിന്നും ഏകയായി തോട്ടത്തിലേക്കിറങ്ങി. ദൈവത്തിന്റെ പ്രതിയോഗിയായ സാത്താൻ അവസരം പാഴാക്കാതെ, ആദിമാതാവായ ഹവ്വായെ സമീപിച്ചു. ദൈവ കല്പനയെപ്പറ്റി അവളോടു സംസാരിച്ചു. ദൈവിക കല്പന ദുർവ്യാഖ്യാനം ചെയ്തു. ഈ വൃക്ഷഫലം ഭക്ഷിച്ചാൽ മരിക്കയില്ല മറിച്ച് ദൈവത്തെപ്പോലെ ആകയാണു ചെയ്യുക; എന്നു സമർത്ഥിച്ചു. തെറ്റിദ്ധരിക്കപ്പെട്ട ഹൗവ്വാ തിന്മാൻ നല്ലതും, കാണ്മാൻ ഭംഗിയുള്ളതും ജ്ഞാനം പ്രാപിപ്പാൻ കാമ്യവും എന്നു വിചാരിച്ച്, വെളിച്ച ദുതന്റെ സാദൃശ്യത്തിലെത്തിയ സാത്താൻ ചായിച്ചുകൊടുത്ത വിലക്കപ്പെട്ട കനി പറിച്ചു തിന്നു; ഭർത്താവിനും കൊടുത്തു. അവരുടെ കണ്ണു തുറന്നു, നഗ്നരെന്നു തിരിച്ചറിഞ്ഞു.

തൊട്ടടുത്ത് മറ്റൊരു വൃക്ഷമുണ്ട്; ജീവവൃക്ഷം! അതിന്റെ കനി തിന്നാൽ, ഏവരും നിത്യജീവന് അവകാശികളാകും. പാപത്തിലായ മനുഷ്യനെ ഏദനിൽതന്നെ നിവസിപ്പിച്ചാൽ അവൻ ജീവ വൃക്ഷത്തിന്റെ ഫലം പറിച്ചു തിന്നു, പാപത്തിൽ എന്നേക്കും ജീവിക്കും.അതുകൊണ്ടുതന്നെയാണ് ദൈവം മനുഷ്യനെ ഭൂമിയിലേക്കിറക്കിക്കളഞ്ഞത്. കാലസമ്പൂർണ്ണതയിൽ സ്ത്രീയിൽ നിന്നു ജനിച്ചവനായി ദൈവം തന്റെ പുത്രനെ ലോകത്തിലേക്കയച്ചത് ലോകത്തെ വിധിപ്പാനല്ല; ലോകം അവനാൽ രക്ഷിക്കപ്പെടുവാനത്രെ. (യോഹ. 3:17).

ലോകരക്ഷയ്ക്കായി തന്റെ പിതാവിനാൽ, ലോകത്തിലേക്കയയ്ക്കപ്പെട്ട ദൈവപുത്രൻ തന്റെ പ്രവൃത്തി ആരംഭിക്കുന്നതിനുമുമ്പ് നാൽപതു നാൾ ഉപവസിച്ചു.

നോമ്പവസാനിച്ചപ്പോൾ കർത്താവ് പിശാചിനാൽ പരീക്ഷിക്കപ്പെട്ടു. പരീക്ഷകൻ അവനോടു നീ ദൈവപുത്രനാണെങ്കിൽ ഈ കല്ല് അപ്പമായി തീരുവാൻ കല്പിക്ക എന്നു പറഞ്ഞു. മനുഷ്യൻ അപ്പം കൊണ്ടു മാത്രമല്ല ദൈവത്തിന്റെ വായിൽ നിന്നു വരുന്ന സകല വചനം കൊണ്ടും ജീവിക്കുന്നു എന്നു പറഞ്ഞു പിശാചിനെ ലജ്ജിപ്പിച്ചു. പിന്നെ പിശാചു അവനെ വിശുദ്ധ നഗരത്തിൽ കൊണ്ടുപോയി ദൈവാലയാഗ്രത്തിൽ നിറുത്തി താഴോട്ടു ചാടുക; മാലാഖമാർ നിന്നെ കൈകളിൽ വഹിച്ചുകൊള്ളും എന്നല്ലോ വചനം പറയുന്നത് എന്നു പറഞ്ഞു. നിന്റെ ദൈവമായ കർത്താവിനെ പരീക്ഷിക്കരുത് എന്നും വചനം പറയുന്നില്ലേ എന്നു ചോദിച്ചുകൊണ്ട് കർത്താവു സാത്താനെ തോല്പിച്ചു. അതിന്റെ ശേഷം സാത്താൻ കർത്താവിനെ ഏറ്റവും ഉയർന്ന മലയിൽ കൊണ്ടുപോയി ലോകത്തിലുള്ള സകല രാജ്യങ്ങളേയും അവയുടെ മഹത്വത്തെയും കാണിച്ചു; വീണെന്നെ നമസ്ക്കരിച്ചാൽ ഇതൊക്കെയും തരും എന്നു പറഞ്ഞു. നമ്മുടെ കർത്താവ് സാത്താനോട് "എന്നെ വിട്ടുപോക; നിന്റെ ദൈവമായ കർത്താവിനെ നമസ്കരിച്ചു അവനെ മാത്രമെ ആരാധിക്കാവൂ എന്നല്ലേ ദൈവവചനം പറയുന്നത് എന്നു ചോദിച്ചു. (മത്താ.4:1-10) അങ്ങനെ സാത്താൻ ദൈവപുത്രന്റെ മുമ്പാകെ തോറ്റുപോയി.

വിശുദ്ധ യോഹന്നാൻ ശ്ലീഹാ നമ്മോടു പറയുന്നു. ജഢമോഹം, കൺമോഹം ജീവനത്തിന്റെ പ്രതാപം ഇങ്ങനെ ലോകത്തിലുള്ളത് പിതാവിൽ നിന്നല്ല ലോകത്തിൽ നിന്നത്രേ ആകുന്നു. (1.യോഹ.2:16) ഏദനിൽ ആദാം തോറ്റുപോയത് ഈ മൂന്നു വിഷയങ്ങളിലാണ്. തിന്മാൻ നല്ലത് (ജഢമോഹം) കാണ്മാൻ നല്ലത് (കൺമോഹം) ജ്ഞാനം പ്രാപിപ്പാൻ കാമ്യം (ജീവനത്തിന്റെ പ്രതാപം) ആദിമാതാപിതാക്കൾ എവിടെ തോറ്റുവോ രണ്ടാം ആദാമായ നമ്മുടെ കർത്താവ് ആ വിഷയങ്ങളിലെല്ലാം സാത്താനെ ജയിച്ചു; പരസ്യ ശുശ്രൂഷയ്ക്ക് തുടക്കം കുറിച്ചു. പിതാവായ ദൈവം തന്നെ എല്പിച്ച ദൗത്യം പൂർത്തീകരിച്ചു.

നമുക്കും ചിട്ടയായ നോമ്പാചരണത്താൽ പരീക്ഷകനെ തോല്പിക്കാം. ദൈവാശ്രയത്തിൽ ജീവിക്കാം.

കർത്തൃശുശ്രൂഷയിൽ നിങ്ങളുടെ
**ആർച്ച്ബിഷപ് സേവേറിയോസ് കുറിയാക്കോസ്**
**വലിയ മെത്രാപ്പോലീത്താ**



റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ, ക്നാനായ സമുദായ സെക്രട്ടറി

# സമുദായ വാർത്തകൾ

പ്രിയരെ, പുതു ദശാബ്ദത്തിലേക്ക് പ്രവേശിച്ച 2020 ജനുവരി മാസം നമ്മുടെ കൊച്ചുസമുദായത്തെ സംബന്ധിച്ചു വലിയ സംഭവബഹുലമായ അവസ്ഥയായിരുന്നു. ക്നാനായ അസ്സോസിയേഷൻ 2020 ജനുവരി 28-ന് കൂടുവാൻ നോട്ടീസയച്ച ദിവസം (2019 ഡിസംബർ 26) മുതൽ അസ്സോസിയേഷൻ കൂടാതെ ഇരിക്കുവാനും കൂടിയാൽ നാലും അഞ്ചും ഐറ്റം ചർച്ചയ്ക്ക് എടുക്കരുത് എന്നുമുള്ള അപേക്ഷയോടുകൂടി കോട്ടയം മുൻസിഫ് കോടതിയിലും ബഹു. ഹൈക്കോടതിയിലും കേസുകളുടെ ഒരു പ്രവാഹം തന്നെയായിരുന്നു. ദൈവകൃപയാൽ ഒരു കോടതിയിൽ നിന്നും അസ്സോസിയേഷൻ കൂടുന്നതിന് എതിരായി ഒരു സ്റ്റേയും കേസുകൊടുത്തവർക്ക് ലഭിച്ചില്ലാ എന്നു മാത്രമല്ല കോടതി നിരീക്ഷകന്റെ സാന്നിദ്ധ്യത്തിൽ ജനുവരി 28 ന് അസ്സോസിയേഷൻ യോഗം കൂടുന്നതിനും പല സുപ്രധാന തീരുമാനങ്ങളും അസ്സോസിയേഷനിൽ അവതരിപ്പിച്ച് ബഹു ഭൂരിപക്ഷത്തോടെ പാസ്സാക്കിയെടുക്കുവാനും സാധിച്ചു.

അമേരിക്ക, കാനഡ, യൂറോപ്പ്, ആസ്ട്രേലിയ, ഗൾഫ് തുടങ്ങി ലോകത്തിന്റെ നാനാഭാഗത്തുനിന്ന് അസ്സോസിയേഷൻ അംഗങ്ങൾ ഈ യോഗത്തിൽ പങ്കെടുത്തു എന്നത്, ഇപ്രാവശ്യത്തെ അസ്സോസിയേഷന്റെ പ്രത്യേകത എന്നതിലുപരി ലോകത്തിന്റെ നാനാഭാഗത്തുള്ള ക്നാനായക്കാരുടെ ഒത്തൊരുമയുടെയും ആവേശത്തിന്റെയും, ക്നാനായ എന്ന ആഗോള ഏകത്വത്തിന്റെയും പ്രതിഫലനവുമായിരുന്നു.

സമുദായത്തിന്റെ സഹായ മെത്രാപ്പോലീത്താമാർക്ക് ചുമതലകളും ഉത്തരവാദിത്വവും കൊടുക്കുവാൻ വേണ്ടിയാണ് അസ്സോസിയേഷൻ പ്രധാനമായും കൂടിയത്. പരി. പാത്രിയർക്കീസ് ബാവായുടെ നിർദ്ദേശങ്ങൾ അജണ്ടയിൽ വച്ചിരുന്നു. കോടതിയിൽ കേസുകൾ നിലവിൽ ഉള്ളതിനാൽ എല്ലാ നിർദ്ദേശങ്ങളും അതേ പടി പാസ്സാക്കിയാൽ കോർട്ട് അലക്ഷ്യമാകും എന്നതിനാൽ ചില ഭേദഗതികളോടെയാണ് പാസ്സാക്കിയത്. അസ്സോസിയേഷൻ പാസ്സാക്കിയ തീരുമാനങ്ങൾ താഴെ ചേർക്കുന്നു.

(1) വലിയമെത്രാപ്പോലീത്താ മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ അധിപനാണ്. ആയതിനാൽ അഭി.തിരുമേനിയോട് സമുദായമെത്രാപ്പോലീത്താ എന്ന വിധത്തിൽ ക്നാനായ സമുദായത്തിലെ സഹായമെത്രാന്മാരും, ബഹു. വൈദികരും, വിശ്വാസികളുടെ സമൂഹവും ബഹുമാനവും വിധേയത്വവും പുലർത്തണം. അതുപോലെ തന്നെ മേഖലയുടെ ചുമതലയുള്ള സഹായ മെത്രാൻമാരും ക്നാനായ അസ്സോസിയേഷനാൽ തെരഞ്ഞെടുക്കപ്പെട്ട് പരി. പാത്രിയർക്കീസ് ബാവായാൽ മെത്രാന്മാരായി വാഴിക്കപ്പെട്ടവരാണ്. അവരും സഭയിലെ ഇടയന്മാരാണ്. വലിയമെത്രാപ്പോലീത്തായോടു ചേർന്ന് ക്നാനായ അതിഭദ്രാസനത്തെ നയിക്കേണ്ടവരാണ്. അവർക്കും അർഹമായ ബഹുമാനം നൽകേണ്ടതുണ്ട്.

(2) സമുദായത്തിലെ ശെമ്മാശപട്ടം, വൈദികപട്ടം ഇവ കൊടുക്കണമെങ്കിൽ വലിയമെത്രാപ്പോലീത്തായിൽ നിന്നും ഒരു മാസത്തെ മുൻകൂർ രേഖാമൂലമുള്ള അനുവാദം വാങ്ങിയിരിക്കേണ്ടതാണ്.

(3) പള്ളികൂദാശ, പള്ളിയോടുബന്ധപ്പെട്ട മറ്റു സ്ഥാപനങ്ങൾ bless ചെയ്യുക മുതലായവ അതാതു സഹായ മെത്രാന്മാർക്ക് വലിയമെത്രാപ്പോലീത്തായിൽ നിന്നും ഒരു മാസത്തെ മുൻകൂർ രേഖാമൂലമുള്ള അനുവാദം വാങ്ങിചെയ്യാവുന്നതാണ്.

(4) വൈദികരുടെ പൊതുസ്ഥലമാറ്റം മൂന്നുവർഷത്തിലൊരിക്കൽ വലിയമെത്രാപ്പോലീത്താ നടത്തുന്നതായിരിക്കും. വൈദികരുടെ പൊതുസ്ഥലമാറ്റത്തിനുശേഷം വൈദികരിൽ നിന്നോ അവരുടെ ഇടവകയിൽ നിന്നോ പരാതിയുണ്ടായാൽ വലിയമെത്രാപ്പോലീത്തായ്ക്ക് വിഷയം സമർപ്പിക്കാവുന്നതും വലിയമെത്രാപ്പോലീത്തായുടെ തീരുമാനം അന്തിമം ആയിരിക്കുന്നതുമാണ്.

(5) ക്നാനായ സമുദായം ഒട്ടുക്കുള്ള ഭരണപരമായ കാര്യനിർവ്വഹണത്തിന്റെ അന്തിമ അധികാരം വലിയമെത്രാപ്പോലീത്തായിൽ നിക്ഷിപ്തമാണ്. പൊതുസ്ഥലമാറ്റത്തിനു ശേഷം ഏതെങ്കിലും സാഹചര്യത്തിൽ വൈദികരുടെ ഇടക്കാല സ്ഥലംമാറ്റം ആവശ്യമായാൽ വലിയമെത്രാപ്പോലീത്തായുടെ ചുമതലയിലായിരിക്കും നടത്തുക.

(6) മേഖലകളിൽ പുനഃക്രമീകരണം ആവശ്യമായതിനാൽ മലബാർ, ബാഹ്യകേരള മേഖലകൾ സംയോജിപ്പിച്ച് ക്രമീകരണം ചെയ്യുന്നതാണ്. അമേരിക്കയിൽ നിന്നും അഭി. സിൽവാനോസ് തിരുമേനി തിരികെ വരുമ്പോൾ ആ മേഖല അദ്ദേഹത്തിന് കൊടുക്കുന്നതുമാണ്.

**(7)** ഒരു മേഖലയിലുള്ള പള്ളിയിൽ നിന്നും അതേ മേഖലയിലുള്ള മറ്റൊരു പള്ളിയിലേയ്ക്ക് സമുദായ അംഗങ്ങളുടെ ഇടവകമാറ്റം സഹായ മെത്രാന്മാരുടെ ചുമതലയിൽ ആയിരിക്കും. പരാതി ഉണ്ടെങ്കിൽ വലിയമെത്രാ

പ്പോലീത്തായുടെ തീരുമാനം അന്തിമമായിരിക്കും.

(8) ഏതെങ്കിലും കാരണത്താൽ സമുദായ അംഗങ്ങളുടെമേൽ പള്ളിക്കുറ്റമോ മുടക്കോ ആവശ്യമാണെന്ന് ഇടവക വികാരിമാർ രേഖാമൂലമുള്ള റിപ്പോർട്ട് സഹായമെത്രാന്മാർക്ക് നൽകുന്നപക്ഷം ആയത് വലിയമെത്രാപ്പോലീത്തായ്ക്ക് സമർപ്പിക്കേണ്ടതും വലിയമെത്രാപ്പോലീത്തായിൽ നിന്നും രേഖാമൂലമുള്ള അനുവാദം ലഭിക്കുന്ന മുറയ്ക്ക് അവരുടെ മേൽ സഹായമെത്രാന്മാർക്ക് ശിക്ഷണനടപടികൾ സ്വീകരിക്കാവുന്നതാണ്. എന്നാൽ മുടക്കപ്പെടുന്നവർ മാനസാന്തരപ്പെട്ട് മടങ്ങിവന്നാൽ അവരെ തിരികെ എടുക്കേണ്ടത് വലിയമെത്രാപ്പോലീത്താ ആകുന്നു. ക്നാനായ കത്തോലിക്കാ പള്ളികളിൽ നിന്നും ക്നാനായ യാക്കോബായ പള്ളികളിലേയ്ക്ക് ഇടവകാംഗത്വം അനുവദിക്കുന്നതും വലിയമെത്രാപ്പോലീത്തായുടെ രേഖാമൂലമുള്ള അനുവാദത്തോടെ സഹായ മെത്രാന്മാർക്ക് നിർവ്വഹിക്കാവുന്നതാണ്. ഒരു മേഖലയിലുള്ള പള്ളിയിൽ നിന്നും മറ്റൊരു മേഖലയിലുള്ള പള്ളിയിലേക്കുള്ള സമുദായ അംഗങ്ങളുടെ ഇടവകമാറ്റം വലിയമെത്രാപ്പോലീത്താ നിർവ്വഹിക്കേണ്ടതാണ്.

(9) സഹായ മെത്രാന്മാർക്ക് അവരവരുടെ മേഖലയിലുള്ള പള്ളികളിലേയ്ക്ക് മാത്രം വലിയമെത്രാപ്പോലീത്തായുടെ മുൻകൂർ രേഖമൂലമുള്ള അനുവാദത്തോടെ കല്പന അയയ്ക്കാവുന്നതാണ്.

(10) ഇടവകതലത്തിലോ ഇടവകപൊതുയോഗങ്ങളിലോ ഉണ്ടാകുന്ന തർക്കവിഷയങ്ങൾ, പരാതികൾ മുതലായവ ഒത്തുതീർപ്പാക്കുന്നത് അതാതു സഹായ മെത്രാന്മാർ ആയിരിക്കും. എന്നാൽ ഈ വിഷയങ്ങളിൽ പ്രശ്നപരിഹാരതീരുമാനം ബന്ധപ്പെട്ട കക്ഷിയ്ക്ക് തൃപ്തികരമല്ല എങ്കിൽ അവർക്ക് വലിയമെത്രാപ്പോലീത്തായെ സമീപിക്കാവുന്നതും വലിയമെത്രാപ്പോലീത്തായുടെ തീരുമാനം അന്തിമം ആയിരിക്കുന്നതുമാണ്.

(11) സമുദായം ഒട്ടുക്കുള്ള പള്ളികളിലെ ഇടവകപൊതുയോഗങ്ങളുടെ മിനിട്ട്സ് വലിയമെത്രാപ്പോലീത്തായ്ക്ക് സമർപ്പിക്കേണ്ടതും വലിയമെത്രാപ്പോലീത്തായുടെ അംഗീകാരം അന്തിമമായിരിക്കുന്നതുമാണ്.

(12) സഹായ മെത്രാന്മാർ ഏതെങ്കിലും കാരണത്താൽ വിദേശപര്യടനത്തിനു പോകുന്ന അവസരത്തിൽ പത്തുദിവസമെങ്കിലും മുൻകൂട്ടി ക്നാനായ മാനേജിംഗ് കമ്മിറ്റിയേയും വലിയമെത്രാപ്പോലീത്തായേയും അറിയിക്കേണ്ടതാണ്.

(13) ഓരോ മേഖലയിലുള്ള വൈദികരുടെ ഇടവകതലത്തിലുള്ള പ്രവർത്തനം സഹായ മെത്രാന്മാർ വിലയിരുത്തി റിപ്പോർട്ടുകളും കത്തിടപാടുകളും രഹസ്യമായി ഫയലിൽ സൂക്ഷിക്കേണ്ടതും ആവശ്യസമയത്ത് വലിയമെത്രാപ്പോലീത്തായ്ക്ക് സമർപ്പിക്കേണ്ടതുമാണ്.

(14) സഹായ മെത്രാന്മാർ അവരവരുടെ മേഖലകളിലെ ആത്മീയ പ്രവർത്തന റിപ്പോർട്ട് എല്ലാവർഷവും തയ്യാറാക്കി വലിയമെത്രാപ്പോലീത്തായ്ക്ക് സമർപ്പിക്കേണ്ടതാണ്.

(15) സഹായ മെത്രാന്മാർ അവരവരുടെ മേഖലകളിലെ ഇടവകകൾ വർഷത്തിൽ ഒരിക്കലെങ്കിലും സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തുകയും/പ്രോത്സാഹിപ്പിക്കുകയും വേണം. സഹായ മെത്രാന്മാർ അവരവരുടെ മേഖലകളിലെ ആത്മീയ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കേണ്ടതാണ്.

ക്നാനായ കമ്മിറ്റിയുടെ നിർദ്ദേശം നോട്ടീസ് മുഖേന എല്ലാ വൈദികർക്കും അസ്സോസിയേഷൻ അംഗങ്ങൾക്കും 21 ദിവസം മുൻപ് അയച്ചു കൊടുത്തിരുന്നു. കോടതിയുടെ പരിഗണനയിലിരിക്കുന്ന ചില കാര്യങ്ങൾ അസ്സോസിയേഷനിൽ ചില വ്യതിയാനങ്ങൾ വരുത്തുക അനിവാര്യമായിരുന്നു. അതുകൊണ്ട് ആ കാര്യങ്ങളിൽ ചില മാറ്റങ്ങൾ വരുത്തേണ്ടി വന്നു. അതുമൂലം കോടതിയലക്ഷ്യവും കൂടുതൽ കേസ്സുകളും ഒഴിവാക്കാൻ സാധിച്ചു. കോടതി ഒബ്സർവരുടെ സാന്നിദ്ധ്യത്തിലാണ് ഈ തീരുമാനങ്ങളെടുത്തത്. മാനേജിംഗ് കമ്മറ്റി അംഗങ്ങൾ ഉൾപ്പെടെ 163 അംഗങ്ങൾ പിൻതാങ്ങി വോട്ടു ചെയ്തു. യോഗപ്രസിഡന്റിന്റെ തെരഞ്ഞെടുപ്പുൾപ്പെടെ അസ്സോസിയേഷൻ നോട്ടീസിൽ ഉണ്ടായിരുന്ന 15 നിർദ്ദേശങ്ങളും ഭേദഗതിയോടുകൂടി പാസ്സായതായി പ്രഖ്യാപിച്ചു.

യോഗത്തിൽ ആകെ 228 അംഗങ്ങൾ ഹാജരായിരുന്നു. കോടതി നിയമിച്ച ഒബ്സർവർ അറ്റന്റൻസ് രജിസ്റ്റർ നോക്കി ഒപ്പിട്ട മെമ്പർമാരെ പേരു വിളിച്ച് ബോദ്ധ്യപ്പെട്ടു തിട്ടപ്പെടുത്തി 1.00 P.M. ന് പ്രാർത്ഥനയോടുകൂടി യോഗം അവസാനിച്ചു.

ക്നാനായ സമുദായത്തിന്റെ പരമോന്നത സമിതിയായ ക്നാനായ അസ്സോസിയേഷനിൽ ലോകം മുഴുവനുള്ള ക്നാനായപള്ളി പ്രതിപുരുഷന്മാർ യോഗം കൂടി മഹാഭൂരിപക്ഷത്തോടെ എടുത്ത തീരുമാനം ക്നാനായ സമുദായത്തിലെ മഹാഭൂരിപക്ഷം വൈദീകരുടെയും അസ്സോസിയേഷൻ അംഗങ്ങളുടെയും തീരുമാനം ആണ്. മഹാഭൂരിപക്ഷ തീരുമാനം എന്നാൽ കൂടിയ മഹാഭൂരിപക്ഷം അനുകൂലിച്ചതുകൊണ്ട് ആണല്ലോ? അത് എങ്ങനെ പരപ്രേരിതം ആവും?

ചില തൽപ്പര കക്ഷികൾ സമുദായ മെത്രാപ്പോലീത്തയെ അപകീർത്തിപ്പെടുത്തികൊണ്ട് സോഷ്യൽ മീഡിയയിൽ നുണ പ്രചരണങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. യഥാർത്ഥത്തിൽ സമുദായ മെത്രാപ്പോലീത്താ അസ്സോസിയേഷൻ മെമ്പർ അല്ല. സമുദായ മെത്രാപ്പോലീത്തയ്ക്ക് ഭരണഘടന പ്രകാരം അസോസ്സിയേഷനിൽ വന്നു തീരുമാനമെടുക്കുവാൻ അനുവാദമില്ല അസ്സോസിയേഷൻ കൂടുമ്പോൾ മെത്രാപ്പോലീത്ത യോഗത്തിൽ സംബന്ധിക്കാറില്ല. ഈ അവസ്ഥയിൽ മെത്രാപ്പോലീത്തയുടെ തീരുമാനമാണെന്ന് തെറ്റിദ്ധരിക്കപ്പെടുന്ന രീതിയിൽ സോഷ്യൽ മിഡിയായിൽ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്ന വാർത്തകൾ വളരെ വേദനാജനകമാണ്.

ഇതര സഭകളിലെ അസ്സോസിയേഷൻ മീറ്റിങ്ങുകളിൽ വലിയ മെത്രാപ്പോലീത്തന്മാരും കാതോലിക്കാമാരും പങ്കെടുക്കാറുണ്ട്. എന്നാൽ ക്നാനായ സമുദായത്തിലെ പരമോന്നത ബോഡിയായ അസ്സോസിയേഷനിൽ മെത്രാന്മാർക്ക് ഭരണഘടനപ്രകാരം സംബന്ധിക്കാൻ അവകാശം ഇല്ല. തീരുമാനം എടുത്തു സമുദായ മെത്രാപ്പോലീത്തായെ അറിയിക്കുകയാണ് ചെയ്യുന്നത്. ഭരണഘടനപ്രകാരം അസ്സോസിയേഷൻ എടുക്കുന്ന തീരുമാനം നടപ്പാക്കുവാൻ സമുദായ മെത്രാപ്പോലീത്താ ബാധ്യസ്ഥൻ ആണ്. പരിശുദ്ധ ബാവായുടെ നിർദ്ദേശം ക്നാനായ മാനേജിഗ് കമ്മറ്റിയെ അറിയിക്കുക മാത്രമാണ് മെത്രാപ്പോലീത്ത ചെയ്തിട്ടുള്ളത്. തീരുമാനമെടുത്തത് സമുദായത്തിലെ വൈദികർ ഉൾപ്പെട്ട അസ്സോസിയേഷൻ അംഗങ്ങളും ആണ്.

പരിശുദ്ധ പാത്രിയർക്കീസ് ബാവായ്ക്ക് എതിരായോ പരിശുദ്ധ സിംഹാസനത്തിനെതിരായോ ഒരുവാക്കുപോലും പറയാത്ത സമുദായ മെത്രാപ്പോലീത്തായെ മോശമായി ചിത്രീകരിച്ച് യാക്കോബായ സഭാംഗങ്ങളുടെ ഇടയിൽ പ്രചരിപ്പിക്കുന്നത് വളരെ ദുഃഖകരമാണ്.

ഫാ. റോയി മാത്യൂസ് കോറെപ്പിസ്ക്കോപ്പ, മുളമൂട്ടിൽ



# യേശുക്രിസ്തുവിന്റെ ക്രൂശ്

**ക്രൂശിലെ പ്രശംസ**

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിൽ അല്ലാതെ പ്രശംസിപ്പാൻ ഇടവരരുത്. ഗലാ. 6:14.

ആദിമ കാലത്തെ ക്രിസ്ത്യാനികളിൽ അഗ്രഗ ണ്യനാണ് വിശുദ്ധനായ പൗലോസ്. ജാതീയമായും മതസംബ ന്ധമായും പ്രശംസനീയമായ ഒരു അവസ്ഥയായിരുന്നു പൗലോസിന്റേത്. സ്വന്ത മത ഭക്തിമൂലം അനുപമമായ മതവൈരാഗ്യം പിടിപെട്ടിരുന്ന ഒരു വിജ്ഞാനിയായ അദ്ദേഹത്തിന് മതപരിവർത്തനമുണ്ടായി. ഒരു നവജീവിത മാരംഭിച്ച കാലം മുതൽക്കേ താൻ പ്രശംസിച്ചു പോന്നി രുന്നത് കർത്താവിന്റെ ക്രൂശിലാണ്. ഇതരമായ പ്രശംസാ സ്ഥാനം തനിക്കില്ലെന്നും, ഒന്നുണ്ടെങ്കിൽ അതു ക്രിസ്തു വിന്റെ ക്രൂശാണെന്നും എത്രയും ഉറപ്പായി പ്രസ്താവിച്ചി രിക്കുന്നു.

അഖിലാണ്ഡത്തിന് ഒരു അത്ഭുത വിഷയമാണ് ക്രൂശ്. യുഗയുഗങ്ങളിലെ ദൈവാലോചനകളുടെ ഒരു ഏക കേന്ദ്രമായിട്ടാണ് അതിന്റെ വെളിപ്പാട്. അതുകൊണ്ട് ന്യായവിധിയുടെ മദ്ധ്യസ്ഥാനം അതു വഹിക്കുന്നു. അനന്തമായ ദൈവസ്നേഹച്ചൊരിച്ചിൽ അതുകൊണ്ട് പ്രത്യക്ഷമായി. ദ്വിവിധമായ നിർണ്ണയങ്ങളുടെയും നിയമ ത്തിന്റെയും സംഘടക്കുറ്റിയെത്രെ ക്രൂശ്. യുഗങ്ങളുടെ സംക്രമവും അവ നിന്നു തിരിയുന്ന ചുഴിക്കുറ്റിയും ക്രിസ്തുവിന്റെ ക്രൂശുതന്നെയെന്ന് നിശ്ചയിക്കാം. പൗലോസിനെ പിടിപെട്ടിരുന്ന മരണവിധിയുടെ നികൃഷ്ടതയിൽ നിന്നു വിടുവിക്കപ്പെടുന്നതിന് ഉപയുക്തമായ മറ്റേതെങ്കിലുമൊന്നുണ്ടോയെന്നു അവൻ വിളിച്ചു ചോദിക്കുന്നു. അയ്യോ ഞാൻ അരിഷ്ട മനുഷ്യൻ മരണത്തിനു അധീനമായ ശരീരത്തിൽനിന്നു എന്നെ ആർ വിടുവിക്കും? ക്രൂശല്ലാതെ മറ്റൊന്നുമില്ലെന്നു തനിക്കു നിർണ്ണയമായി. ആകയാൽ അതിൽ തന്നെ അധികമായി പ്രശംസിക്കുന്നു.

പൗലോസിന്റെ സ്വന്ത പുകഴ്ചക്കു ഹേതുവായ നാലു കാര്യങ്ങൾ ഈ വാക്യത്തിൽ പറയുന്നു. അവനാൽ ലോകം എനിക്കും ഞാൻ ലോകത്തിനും ക്രൂശിക്കപ്പെട്ടിരിക്കുന്നു. പരിച്ഛേദനയല്ല അഗ്രചർമ്മവുമല്ല പുതിയ സൃഷ്ടിയത്രെ കാര്യം.

**1) അവൻ ന്യായപ്രമാണത്തിനു ക്രൂശിക്കപ്പെട്ടു.**

ന്യായപ്രമാണത്തിന്റെ ശാപത്തിൽനിന്നു മനുഷ്യരെ വീണ്ടെടുപ്പാൻ ക്രിസ്തു ശരീരത്തെ മരവിപ്പിച്ചു. അവന്റെ രക്തം മറുവിലയായി കൊടുത്തുകൊണ്ട് നമ്മെവിലയ്ക്കു വാങ്ങി. ക്രൂശിന്മേൽ പിഴ ഒടുക്കപ്പെട്ടതുകൊണ്ട് അവൻ എല്ലാവർക്കുംവേണ്ടി ഒരു പ്രതിപുരുഷനായി തീർന്നു. ആ പ്രാതിനിധ്യകർമ്മം ന്യായപ്രമാണത്തിന്റെ അടിമ യിൽനിന്നും മനുഷ്യനെ വിടുവിച്ചിരിക്കുന്നു.

**2) ജഡം ക്രൂശിക്കപ്പെടുന്നു.**

ജഡത്തെ അതിന്റെ രാഗമോഹങ്ങളോടുകൂടി ക്രൂശിക്ക പ്പെട്ടു. പാപശരീരം നീക്കപ്പെടേണ്ടതിനായി ക്രിസ്തു മരത്തിന്മേൽ തൂക്കപ്പെട്ടു. അവന്റെ മരണത്താൽ പഴയ മനുഷ്യന്റെ പ്രവർത്തികൾക്കു അവസാനമുണ്ടായി. മനുഷ്യ ശരീരത്തിൽ പാപം മോഹമനുസരിച്ചു വാഴുന്നു. അതു ജഡസ്വഭാവത്തിനു നീക്കം വരുത്തുവാൻ പഴയ മനുഷ്യൻ ക്രൂശിക്കപ്പെടേണ്ടിയിരിക്കുന്നു. അവന്റെ മരണം അതിനാ യിട്ടുപകരിച്ചു. തന്റെ അവയവങ്ങളിൽ പോരാടിക്കൊ ണ്ടിരുന്ന നന്മയ്ക്ക് എതിരായ ശക്തിയെ ജീവന്റെ പ്രമാണ ത്താൽ അകറ്റുവാൻ പൗലോസിന് ശക്തിയുണ്ടായി. നമ്മുടെ സ്വയമാകെ തകരുന്ന സ്ഥാനമാണ് ക്രൂശ്. അതിമഹത്തായ പാപത്തിൽ നിന്നുള്ള സ്വാതന്ത്ര്യത്തെ ഓർത്തു ക്രൂശിങ്കൽ അവൻ പ്രസംഗിക്കുന്നു.

**3) ലോകം ക്രൂശിക്കപ്പെട്ടു.**

ലോകം ക്രിസ്ത്യാനിക്ക് ശത്രുവാണ്. പിശാചി നെപ്പോലെ അവന് എതിരാളിയായി ലോകവും ഇരിക്കുന്നു. പലവിധമോഹങ്ങൾ ലോകത്തിനുണ്ട്. വല്ല വിധേനയും മനുഷ്യനെ ആകർഷിച്ച് അധീനമാക്കുവാൻ ലോകം ശ്രമിക്കുന്നു. സകല ലോകവും ദുഷ്ടന്റെയാണ്. മനുഷ്യനു ലോകത്തെ മരിപ്പിക്കാൻ ശക്തിയില്ലാത്തതാകുന്നു. ക്രൂശു മൂലം ലോകം ക്രൂശിക്കപ്പെട്ടിരിക്കയാൽ പൗലോസിനു പ്രശംസയുണ്ട്.

**4) അവൻ ലോകത്തിനു ക്രൂശിക്കപ്പെട്ടു.**

ലോകത്തിനു അനുരൂപമായ പ്രകൃതിയാകണം. ഞാൻ മരിച്ചു എങ്കിലും ജീവിക്കുന്നു അതു ക്രിസ്തു തന്നെ. ക്രിസ്തു എന്നിൽ ജീവിക്കുന്നു. ആ ജീവിതം ലോകത്തിനു യോഗ്യമായിരിക്കുകയില്ല. മനസ്സു പുതുക്കി രൂപാന്തരപ്പെട്ട് നന്മയും പ്രസാദവുമുള്ള ദൈവഹിതം അറിഞ്ഞ് ജീവിക്കുന്ന അനുഭവമാണ് ലോകത്തിനു മരിച്ച ലക്ഷണം. അതു ക്രൂശു മൂലം മാത്രമേ ലഭിക്കുകയുള്ളൂ. ആയതുകൊണ്ട് ക്രൂശിൽ പ്രശംസിക്കണം. പ്രിയ വായനക്കാരാ– നിന്റെ പ്രശംസ എവിടെ. യേശു ക്രിസ്തുവിന്റെ ക്രൂശിൽ മാത്രം നമുക്ക് പ്രശംസിക്കാം.

# പാതാളഗോപുരങ്ങൾ

കൊച്ചുമോൻ പള്ളിക്കപ്പറമ്പിൽ, ചിങ്ങവനം

സാത്താൻ തന്നെ വെളിച്ച ദൂതന്റെ വേഷം ധരിക്കുന്നു. 2 കോരി 11:14 യേശുവിന്റെ അപ്പോസ്തോലന്മാരുടെ വേഷം ധരിക്കുന്നവർ തന്നെ. ഇവർ വഞ്ചകരായ വ്യാജ അപ്പോസ് തോലന്മാരാകുന്നു. ആടിന്റെ വേഷം ധരിച്ച് വെള്ള ജൂബായും, കറുത്ത പുസ്തകവും പിടിച്ച് വരുന്ന ചെന്നായ്ക്കളാണ്. ഇവർ സത്യത്തിന്റെ പരിജ്ഞാനം പ്രാപിപ്പാൻ കഴിഞ്ഞിട്ടില്ലാത്തവർ ഏദൻ തോട്ടത്തിൽ ഹവ്വായെ വഞ്ചിച്ച പിശാചിന്റെ ഏജന്റുമാരാണ്. നമ്മുടെ സഭയുടെ വിശ്വാസവും പാരമ്പര്യവും, ക്രമങ്ങളും, പരിഹസിച്ച് സത്യസഭയിൽപ്പെട്ട വിശ്വാസികളെ വഴിതെറ്റിക്കുന്നു. ഇവരിൽനിന്നും നാം അകന്നു കൊള്ളണമെന്ന് 2 തെസ്സ 3:6 ൽ പൗലോസ് നമ്മേ പ്രബോധിപ്പിച്ചിരിക്കുന്നു.



ഇപ്രകാരമുള്ള വ്യാജ അപ്പോസ്തോലന്മാർ ആരാണെന്നു നമുക്ക് പരിശോധിക്കാം. യേശു സഭ സ്ഥാപിച്ചപ്പോൾ പാതാളഗോപുരങ്ങൾ അതിനെ ജയിക്കില്ലെന്ന് (മത്താ. 16:18) പത്രോസിനോടു പറഞ്ഞു. പാതാള ഗോപുരങ്ങൾ എന്ന പദത്തിന്റെ അർത്ഥം മനസ്സിലാക്കാൻ എശ.38:10ൽ ഹിസിക്കീയ രാജാവിന് മരിക്കത്തക്ക രോഗം ബാധിച്ചപ്പോൾ തന്റെ ആയുസ്സിന്റെ മദ്ധ്യത്തിൽ പാതാളത്തിൽ പ്രവേശിക്കുമല്ലോന്നു വിലപിച്ചു പ്രാർത്ഥിച്ചു. ഇവിടെ പാതാളം എന്ന പദം നാശം സംഭവിക്കും എന്നാണ്. യേശു ഈ പദം തന്നെയാണ് പത്രോസിനോടു പറഞ്ഞത്. താൻ സ്ഥാപിക്കുന്ന സഭാ പാതാളഗോപുരങ്ങൾ അതിനെ ജയിക്കില്ലെന്നാൽ അതിന് ഒരു കാലത്തും നാശം വരില്ലെന്നർത്ഥത്തിലാണ്. നമ്മുടെ ഇടയിൽ വരുന്ന വ്യാജ അപ്പോസ്തോലന്മാർ പഴയ പാരമ്പര്യ സഭകൾ എല്ലാം തെറ്റിപ്പോയെന്നും, തങ്ങളുടെ സഭ മാത്രമാണ് സത്യസഭയെന്നും ദുരുപദേശം പ്രചരിപ്പിച്ച് വിശ്വാസികളെ വഴി തെറ്റിക്കുന്നു. വ്യാജം പറയുവാൻ യേശു മനുഷ്യൻ അല്ല (സംഖ്യ 23:19). നമ്മുടെ സഭ ഇന്നും നിലനിൽക്കുന്നതും പാരമ്പര്യ സഭകളായ റോമാ, അലക്സാന്ത്രിയാ, റഷ്യൻ ഓർത്തഡോക്സ് എന്നീ പ്രകാരമുള്ള പഴയ സഭകൾ യേശു പറഞ്ഞതു സത്യമാണെന്നുള്ളതിന് തെളിവാണല്ലോ? ക്രിസ്ത്യാനി ആയവരെ വീണ്ടും എന്തിനാണ് ക്രിസ്ത്യാനി ആക്കുന്നത്. ഈ വ്യാജ അപ്പോസ്തോലന്മാർ യേശുവിന്റെ ദൈവത്വം വി. കുർബ്ബാന യാഗമല്ലെന്നും, ദൈവമാതാവിനെയും, കുരിശിനെയും ബഹുമാനിക്കാത്തവരും, ശിശുസ്നാനവും മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനയും നിഷേധിക്കുന്നു. ഇവ എല്ലാം സഭയുടെ അടിസ്ഥാന പ്രമാണങ്ങൾ ആണ്. ഇതെല്ലാം തെറ്റാണെന്നും, പഠിപ്പിക്കുന്നു. ഇവരിൽ യേശുവിന്റെ ദൈവത്വത്തെ അംഗീകരിക്കാത്തവർ യഹോവ സാക്ഷികൾ എന്നാണ് അറിയപ്പെടുന്നത്. യേശു ജഡത്തിൽ വന്നവൻ എന്നു വിശ്വസിക്കാത്ത വഞ്ചകന്മാരാണ്. 2. യോഹ 7–ാം വാക്യം ഇവരെ ഭവനത്തിൽ പ്രവേശിപ്പിക്കരുതെന്നും ഇവരോട് കുശലം പറയുകപോലും അരുതെന്നുമാണ്. യേശു

ദൈവമല്ലെന്നും, സൃഷ്ടികളിൽ ആദ്യ ജാതനാണെന്നും മനുഷ്യനെ സൃഷ്ടിക്കുന്നതിനു മുമ്പ് യേശുവിനെ സൃഷ്ടിച്ചതാണെന്നും, ഉപദേശിക്കുന്നു ചില പ്രൊട്ടസ്റ്റന്റ് സഭയുടെ വേദപുസ്തകത്തിൽ. അപ്പോ. 10:39 ൽ നിന്നും യേശുവിനെ കുരിശിലല്ല മരത്തിലാണ് തൂക്കിയത് എന്നും അതിനാൽ കുരിശിനെ ആദരിക്കുന്നത് വിഗ്രഹാരാധന യാണെന്നും പഠിപ്പിക്കുന്നു. യേശു ദൈവമാണെന്നുള്ളതിനു പല വാക്യങ്ങൾ ഉള്ളതിൽ ചിലത്. ഫിലി.2:11, യോഹ 5:2, 1 തീമൊ. 3:16, റോമ 9:5, മർക്കോ 12:36, എബ്ര. 1:5, വെളി. 19:4-10, സങ്കീ. 110:1, ഉല്പ. 1:26, യെഹ. 44:1 ഇവ എല്ലാം യേശുവിന്റെ ദൈവത്വം തെളിയിക്കുന്നു.

ഇനി മറ്റു രണ്ടു ദുരുപദേശ സഭകൾ പെന്തക്കോസും ബ്രദറൺ സഭകളും ആകുന്നു. ഇവർ ശിശുസ്നാനവും, കുരിശിനെയും, ദൈവമാതാവിനേയും, വി. കുർബ്ബാനയും, മരിച്ചവരോടുള്ള പ്രാർത്ഥനയും, യേശു പഠിപ്പിച്ച കർത്തൃ പ്രാർത്ഥനയും എല്ലാം പുച്ഛിച്ച് തള്ളുന്നു. ഇവർ യേശുവിന്റെ ദൈവത്വം മാത്രം വിശ്വസിക്കുന്നു.

സഭയിൽ കുരിശിനുള്ള പ്രാധാന്യത്തെപ്പറ്റി ചിന്തിക്കാം. യേശു രണ്ടാമതു വരുമ്പോൾ മനുഷ്യപുത്രന്റെ അടയാളം ആദ്യം ആകാശത്തു വിളങ്ങും, മത്താ. 24:30. ഈ അടയാളം കുരിശല്ലാതെ മറ്റെന്താണ്. രാഷ്ട്രീയ പാർട്ടികൾക്ക് എല്ലാം അവരവരുടെ ചിഹ്നം ഉള്ളതുപോലെ ക്രിസ്തീയ സഭകളുടെ അടയാളമാണ് കുരിശ്. അനേകർ ക്രൂശിന്റെ ശത്രുക്കൾ ആയി നടക്കുന്നു. ക്രൂശിന്റെ വചനം നശിച്ചുപോയവർക്ക് (ഫിലി.3:18) ഭോഷത്വവും, രക്ഷിക്കപ്പെട്ട നമുക്കു ദൈവത്തിന്റെ ശക്തിയും ആകുന്നു 1. കോരി 1:18. ദൈവത്തിന്റെ ദൂതൻ മുദ്രയും ആയി കയറിവരുന്നതും തന്റെ ദാസന്മാരുടെ നെറ്റിയിൽ മുദ്രയിടുന്നതും (വെളി.7:2-3). ഈ മുദ്ര കുരിശല്ലാതെ മറ്റെന്താണ്.

യാഗപീഠത്തെക്കൊണ്ടു സത്യം ചെയ്യുന്നവൻ അതിനേയും, അതിന്മേൽ ഉള്ള സകലത്തേയും, മന്ദിരത്തെക്കൊണ്ടു സത്യം ചെയ്യുന്നവൻ അതിനേയും, അതിൽ വസിക്കുന്നവനേയും കൊണ്ടു സത്യം ചെയ്യുന്നു. ഇവിടെ യേശു രണ്ടിനും ഒരുപോലെ പ്രാധാന്യം കൊടുത്തിരിക്കുന്നു. നമ്മുടെ കർത്താവിന്റെ യാഗപീഠം കുരിശാണ്, അതിനോടു ചേർത്തു വച്ചാണ് അവനെ ക്രൂശിച്ചത്. യാഗവസ്തുവിനെ ആദരിക്കുന്ന പ്രകാരം യാഗപീഠത്തേയും ആദരിക്കണമെന്നാണ് യേശു പഠിപ്പിച്ചത് (മത്താ.23:20). അതിനാലാണ് സഭ കുരിശിനെ ആദരിക്കുന്നത്.

എ.ഡി. 325 ൽ കുസ്തന്തിനോസ് ചക്രവർത്തി ശത്രു സൈന്യം യുദ്ധത്തിനു വരുന്നതറിഞ്ഞ് പ്രാർത്ഥിച്ചപ്പോൾ ആകാശത്തു കുരിശടയാളം കാണുകയും, ഈ അടയാളം തന്റെ പട്ടാള വേഷത്തിൽ പതിച്ച് യുദ്ധത്തിനു പോകുകയും, വിജയം പ്രാപിക്കുകയും ചെയ്ത ശേഷം ക്രിസ്തുമതം സ്വീകരിക്കുകയും സഭയുടെ പുരോഗമനത്തിനായി ഒരു സമ്മേളനം വിളിച്ചു കൂട്ടി. ഇതാണ് നിഖ്യാസുന്നഹദോസ് എന്ന് അറിയപ്പെടുന്നത്. ഇതിൽ പീഢനം നിമിത്തം കണ്ണും, കാതും, മൂക്കും, നാക്കും, നഷ്ടപ്പെട്ട 318 സഭാപിതാക്കന്മാർ സംബന്ധിക്കുകയും, പള്ളികൾക്ക് കുരിശ് സ്ഥാപിക്കണ മെന്നു നിശ്ചയിക്കുകയും ചെയ്തു. ഇന്നും പാരമ്പര്യ സഭകൾ എല്ലാം കുരിശിനെ ആദരിക്കുന്നു.

നമ്മുടെ വി. കുർബ്ബാനയുടെ ഏറ്റവും ഒടുവിൽ ശുദ്ധമുള്ള റൂഹായുടെ ജയത്തിന്റെ അടയാളമായ സ്ലീബായാൽ മുദ്ര കുത്തപ്പെട്ടവരെന്ന് ആശിർവദിക്കുന്നത് നാം മാമോദീസായാൽ ഈ മുദ്ര പ്രാപിച്ച് രക്ഷിക്കപ്പെട്ടവർ ആയതിനാലാണ് പുരോഹിതൻ ഇപ്രകാരം ആശീർവദിക്കുന്നത്.



തിരുവനന്തപുരം പാറ്റൂർ സെന്റ് ഇഗ്നേഷ്യസ് പള്ളി ശുശ്രൂഷക നായി 25 വർഷം പൂർത്തിയാക്കിയ ശ്രീ. ബിനു ചെറിയാൻ കോട്ടൂരിന് ഇടവകയുടെ ഉപഹാരം ആർച്ച്ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് വലിയമെത്രാപ്പോലീത്താ നൽകുന്നു. ഫാ. ബിബിൻ ബേബി തിരുനിലം (വികാരി), ശ്രീ. എം.കെ. ഏബ്രഹാം മേനാന്തോട്ടത്തിൽ എന്നിവർ സമീപം.

## ഡോക്ടറേറ്റ് നേടി



മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ നിന്നും കൊമേഴ്സിൽ Operational Efficiency of Commercial Banks in India എന്ന വിഷയത്തിൽ ഡോക്ടറേറ്റ് നേടിയ രോണി ജയിൻ രാജു റാന്നി സെന്റ് തോമസ് കോളജ് കൊമേഴ്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ. മർച്ചന്റ് നേവി ഓഫീസറായ തെങ്ങേലി തിരുവൻഞ്ചേരിൽ ജിക്കു മാത്യുവിന്റെ ഭാര്യയും, റാന്നി ചിറ്റേട്ട് രാജു അമ്മോന്റെയും പ്രഭാ രാജുവിന്റെയും മകളുമാണ്.

# വിവാഹിതരായി



Advt - O

തിരുവൻവണ്ടൂർ സെന്റ് മേരീസ് ക്നാനായ പള്ളി ഇടവകയിൽ തോപ്പിൽ റ്റി. സി. തോമസിന്റേയും കുഞ്ഞുമോൾ തോമസിന്റേയും മകൻ **അലക്സ് തോമസും** റാന്നി സെന്റ് തോമസ് വലിയപള്ളി ഇടവകയിൽ വിളയിൽ സോമർ കുറിയാക്കോസിന്റെയും സാലി കുറിയാക്കോസിന്റെയും മകൾ **ലില്ലി അഞ്ജുവും** (USA) തമ്മിലുള്ള വിവാഹം 06 –01 –2020 ൽ തിരുവൻവണ്ടൂർ സെന്റ് മേരീസ് ക്നാനായ പള്ളിയിൽ വച്ച് അഭി. ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്തയുടെ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

# വിവാഹിതരായി



Advt - R

റാന്നി ഇടക്കുളം ക്നാനായ കുരിശുപള്ളി ഇടവകയിൽ ഒറ്റപ്ലാക്കൽ പരേതനായ ഏബ്രഹാം റ്റി. എം.ന്റേയും ഡെയ്സി ഏബ്രഹാമിന്റേയും മകൻ **റിൻറ്റോ ഏബ്രഹാമും** റാന്നി സെന്റ് തോമസ് ക്നാനായ വലിയപള്ളി ഇടവകയിൽ തുണ്ടിയത്ത് ഏബ്രഹാം മാത്യുവിന്റേയും ജയമോൾ ഏബ്രഹാമിന്റേയും മകൾ **സ്നേഹമോൾ ഏബ്രഹാമും** തമ്മിലുള്ള വിവാഹം 2020 ജനുവരി 2 –ാം തീയതി റാന്നി സെന്റ് തോമസ് വലിയപള്ളിയിൽ അഭി. H. E. ബർണാബാസ് മോർ ഗീവറുഗീസ് മെത്രാപ്പോലീത്തായുടെ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

**ആശംസകളോടെ,**
**കുടുംബാംഗങ്ങളും, ബന്ധുക്കളും**

Advt - R

# 41 –ാം വിവാഹ വാർഷികം

**12- 02-2020**



## തമ്പി ജോസ് & ലിസി ജോസ്

**തുണ്ടിയിൽ**
**ഇരവിപേരൂർ**

Advt - O

**ആശംസകളോടെ,**
**മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ**



## 50th Wedding Anniversary

01 – 02 – 2020

## വി. റ്റി. കുര്യൻ
## &
## മറിയാമ്മ കുര്യൻ

**വെട്ടിമൂട്ടിൽ, വിതുര (റാന്നി)**

**സകലത്തിലും മുമ്പെ തമ്മിൽ ഉറ്റ സ്നേഹം ഉള്ളവരായിരിപ്പിൻ.**
**സ്നേഹം പാപങ്ങളുടെ ബഹുത്വത്തെ മറയ്ക്കുന്നു.**
(1 പത്രോസ് 4:8)

**ആശംസകളോടെ**
**മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ**

Advt - O

# ഡോക്ടറേറ്റ് നേടി



റാന്നി സെന്റ് തോമസ് കോളജിൽ അസി. പ്രൊഫസറായ **റിജി ഇടിക്കുള** എം. ജി. യൂണിവേഴ്സിറ്റിയിൽ നിന്നും ഇന്റർ നാഷണൽ റിലേഷൻസ് & പൊളിറ്റിക്സിൽ ഡോക്ടറേറ്റ് നേടി. തിരുവൻവണ്ടൂർ സെന്റ് മേരീസ് ക്നാനായ പള്ളി ഇടവകയിൽ പള്ളത്ര (തത്തുകാട്ടിൽ) റ്റി. എസ്. ഇടിക്കുളയുടെയും (എക്സ് നേവി & കൊച്ചിൻ പോർട്ട് ട്രസ്റ്റ്) കുഞ്ഞൂഞ്ഞമ്മയുടെയും (റിട്ടയേർഡ് ഹെഡ്മിസ്ട്രസ്) മകളും, പടിഞ്ഞാറ്റോതറ സെന്റ് മേരീസ് ക്നാനായ പള്ളി ഇടവകയിൽ കല്ലേമണ്ണിൽ സ്കറിയാ ചാക്കോയുടെ ഭാര്യയുമാണ്.
കാരൺ ആൻ സ്കറിയ മകളും ആരൺ ജേക്കബ് സ്കറിയ മകനുമാണ്.

Advt - R






# Congratulations

Manchester സെന്റ് ജോർജ്ജ് ക്നാനായപള്ളി ഇടവകയിൽ Palakudiyil Santhosh Kuruvilla യുടെയും Honey Santhosh ന്റെയും (Pazhayakalathil, Neelamperoor) മകൾ **Sandra Santhosh,** Duke of Edinburgh Gold award, EARL OF FORFAR, PRINCE EDWARD ൽ നിന്ന് കരസ്ഥമാക്കി. U.K യിൽ ഈ award ലഭിച്ച ആദ്യത്തെ ക്നാനായ വിദ്യാർത്ഥി ആണ്. ഇപ്പോൾ Edinburgh University യിൽ Ist year degree യ്ക്ക് പഠിക്കുന്നു. Rotary Clubs in UK (Scotland & England) നടത്തിയ Public speaking competitions, debates എന്നിവയിൽ നിരവധി തവണ 1st Prize ലഭിച്ചിട്ടുണ്ട്. Scotland Mental Charity യ്ക്ക് വേണ്ടി Scottish young enterprize 2019 award for the best performance ന് ലഭിച്ചിരുന്നു.

Advt - O

# 50th Wedding Anniversary

ഇത്രത്തോളം യഹോവ നടത്തി ...

## Joy Pazhayakalm & Ludhiyamma Joseph

**Biju & Leny (Thamrathu)**
**Santhosh & Honey (Palakudiyil)**
**Anil & Raney (Algeria)**
**Jathish & Tuney (Thottathil)**

**Grand Children**
**Ben & Jen**
**Sandra & Sam**
**Harsh & Praveenya**
**Juan & Jerome**

Advt - O

## IPവാർഡിന്റെ ഉദ്ഘാടനം



**അഭി. ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്ത**യുടെ മെത്രാഭിഷേക ദിനമായ ജനുവരി 15–ന് ക്നാനായ മെഡിക്കൽ സെന്റർ & പാലിയേറ്റീവ് കെയർ സെന്ററിൽ ഐ. പി. വാർഡിന്റെ ഉദ്ഘാടനം സമുദായ മെത്രാപ്പോലീത്ത ഭദ്രദീപം തെളിയിച്ച് നിർവഹിക്കുന്നു. സമുദായ ട്രസ്റ്റി സ്കറിയാ തോമസ്, സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം, ക്നാനായ കമ്മിറ്റി അംഗം വില്ലി വടാമറ്റം, വൈദിക ട്രസ്റ്റി റവ. ഫാ. മോനായി കർക്കടകംപള്ളി, ഭദ്രാസന സെക്രട്ടറി റവ. ഫാ. മാത്യു പയ്യനാട്ട്, സെമിനാരി മാനേജർ റവ. ഫാ. ഷിബിൻ മണിമലേത്ത്, ക്നാനായ കോൺഗ്രസ് പ്രസിഡന്റ് ഫാ. ജേക്കബ് കല്ലുകുളം, ഡോ. കെ. റ്റി. യോഹന്നാൻ MBBS, MS, Dr. P. Latha Bsc, MBBS, DGO, DMCM, ക്നാനായ മെഡിക്കൽ സെന്റർ സ്റ്റാഫ് എന്നിവർ സമീപം.


## 50–ാം വിവാഹ വാർഷികം

**25- 01-2020**

യഹോവയായ ദൈവമേ നീ എന്നെ ഇത്രത്തോളം കൊണ്ടുവരുവാൻ ഞാൻ ആർ? എന്റെ ഗൃഹവും എന്തുള്ളു? (ദിനവൃത്താന്തം 17–16)





### പി.എ. തോമസ് & ചാച്ചിക്കുട്ടി തോമസ്

**പുത്തൻപുരയ്ക്കൽ, നിലമ്പൂർ**

ആശംസകളോടെ
മക്കൾ, കൊച്ചുമക്കൾ

Advt -R





PROJECT BY
WAKE
KNANAYA WEDDINGS.COM

# ക്നാനായ വെഡ്ഡിംഗ്സ്

ക്നാനായ സമുദായത്തിന്റെ സ്വന്തം
മാട്രിമോണി

www.knanayaweddings.com

എറണാകുളം
+91 70254 22022

ചിങ്ങവനം
+91 94461 46000

info@knanayaweddings.com I knanayaweddings@gmail.com





Advt - O

കഴിഞ്ഞ ലക്കം തുടർച്ച




**ഫാ. ഡോ. ജയിംസ് തോടത്തിൽ**
(ഡയറക്ടർ, ക്നാനായ ഫാമിലി ഡയറക്ടറേറ്റ്)


# മാതൃകാ കുടുംബജീവിതം ദൈവശാസ്ത്ര-മനഃശാസ്ത്ര വീക്ഷണത്തിൽ

**ആശയവിനിമയം (തുടർച്ച)**

അനൂപിന്റെ തറവാട്ടിൽ വന്നു കഴിഞ്ഞപ്പോൾ റോഷിനിയുടെ മട്ടും ഭാവവും മാറി. പഴയ റോഷിനി അല്ല. പഴയ ചിരിയും കളിയുമില്ല. എപ്പോഴും കുഞ്ഞുമായി മുറിയിൽ തന്നെയിരിക്കും. അപ്പച്ചനും അമ്മച്ചിക്കും പോലും വല്ലപ്പോഴുമെ കുഞ്ഞിനെ ലാളിക്കുവാൻ കിട്ടു. അനൂപ് പല പ്രാവശ്യം ഉപദേശിച്ചിട്ടും വലിയ മാറ്റമില്ല. സുന്ദരമായി ഒഴുകിയിരുന്ന പുഴയായിരുന്ന അവരുടെ ജീവിതത്തിൽ കാറും കോളും കണ്ടു തുടങ്ങി. ഒരു ദിവസം അനൂപിനോട് റോഷിനി പറഞ്ഞു. എനിക്കു കുഞ്ഞുമായി വീട്ടിലൊന്നു പോകണം. നീട്ടിയെടുത്ത അവധി തീരാറായി. സ്കൂളിൽ പോകുവാൻ തുടങ്ങിയാൽ വീട്ടിൽ പോകാൻ എളുപ്പമല്ല. അതുകൊണ്ട് അടുത്ത തിങ്കളാഴ്ച അനൂപ് ജോലിക്കു പോകുന്ന കൂട്ടത്തിൽ ഞാനും കൂടെ വരാം. വെള്ളിയാഴ്ച അനൂപ് വീട്ടിൽ പോകാൻ വരുമ്പോൾ എന്നെ കൂട്ടിക്കൊണ്ടു പോന്നാൽ മതി.

അനൂപും സമ്മതിച്ചു. വീട്ടിൽ പോയാൽ അവൾക്കെന്തെങ്കിലും മാറ്റം വന്നാൽ നല്ലതാണല്ലോ എന്ന പ്രതീക്ഷയിൽ സന്തോഷത്തോടെയാണ് പ്രതികരിച്ചത്. ഇതിനോടകം കുഞ്ഞ് ആ വീടിന്റെ ഭാഗമായി. അവളുടെ കരച്ചിലും ചിരിയും തറവാടിനെ സജീവമാക്കിയിരുന്നു.

പറഞ്ഞതിൻപ്രകാരം വെള്ളിയാഴ്ച വൈകിട്ട് ജോലി കഴിഞ്ഞ് അനൂപ് റോഷിനിയുടെ വീട്ടിൽ തിരികെ കൂട്ടിക്കൊണ്ടുപോകുവാൻ ചെന്നു. റോഷിനിയുടെ വീട്ടുകാർ നിർബന്ധിച്ചു.

"നാളെപ്പോയാൽ പോരെ".

അനൂപ് വഴങ്ങി.

അത്താഴം കഴിഞ്ഞപ്പോൾ റോഷിനി പറഞ്ഞു.

"എനിക്ക് പട്ടണത്തിലെ സ്കൂളിലേക്ക് transfer ആയി. നമുക്ക് ഒരു വാടകവീടെടുത്ത് രണ്ടുപേർക്കും ഇവിടെ താമസിച്ച് ജോലിക്കു പോകാം. നമ്മുടെ കുഞ്ഞ് പട്ടണത്തിലെ അന്തരീക്ഷത്തിൽ വളരട്ടെ".

അനൂപിന് ഈ വാർത്ത വല്ലാത്ത ഷോക്ക് ആയി.

"നിന്നോട് ഞാൻ വേണ്ടെന്ന് പറഞ്ഞിട്ടും transfer-ന് അപേക്ഷിച്ചില്ലെ, അത് ഒട്ടും ശരിയായില്ല. നിന്റെ വ്യക്തിത്വത്തെ ഞാൻ മാനിക്കുന്നു. എങ്കിലും എന്റെ അഭിപ്രായത്തിന് ഒരു വിലയും നൽകിയില്ലല്ലോ. മാത്രമല്ല എന്റെ അപ്പനും അമ്മയ്ക്കും എത്രമാത്രം വിഷമമാകും. ഈ കുഞ്ഞിനെ കാണുവാനും കളിപ്പിക്കുവാനും അവർ എത്ര മാത്രം കൊതിക്കുന്നുണ്ടെന്നോ?".

"അതിനെന്താ, എല്ലാ വെള്ളിയാഴ്ചയും വൈകിട്ട് നമുക്കു വീട്ടിൽ പോകാമല്ലോ. തിങ്കളാഴ്ച തിരികെ പോന്നാൽ പോരെ". റോഷിനി ചോദിച്ചു.

എല്ലാം സ്വന്തമായിട്ടങ്ങ് തീരുമാനിച്ചുവല്ലോ. ഞാനൊരു ഭർത്താവ് ഉണ്ടെന്നുപോലും ചിന്തിച്ചില്ലല്ലോ.

അനൂപ് തന്റെ സങ്കടം തുറന്നുകാട്ടി. രാത്രിയിൽ ഉറങ്ങാൻ കിടന്നിട്ട് അനൂപിന് ഉറക്കം വന്നില്ല. എന്തോ ഒരു അകൽച്ച തങ്ങളുടെ ഇടയിൽ ഉള്ളതുപോലെ. റോഷിനിയും ഒന്നും പറഞ്ഞില്ല.

പ്രഭാതത്തിൽ വൈകിയാണ് അനൂപ് ഉണർന്നത്. ഉണർന്ന ഉടനെ അനൂപ് റോഷിനിയോട് ചോദിച്ചു

"എന്താ തയ്യാറായില്ലെ. നമുക്കു വീട്ടിൽ പോകേണ്ടേ? പായ്ക്ക് ചെയ്തില്ലെ" ഉത്തരം നൽകിയത് റോഷിനിയുടെ അമ്മയാണ്.

"അതിന് അനൂപ് തന്നെ പോയാൽ പോരെ. റോഷിനി കുഞ്ഞുമായി യാത്രചെയ്യേണ്ട കാര്യമുണ്ടോ? അവൾ ഇനിയും പട്ടണത്തിലല്ലെ ജോലിചെയ്യുന്നത്. മാത്രമല്ല വാടകവീടിന്റെ കാര്യം റോഷിനി പറയുന്നതു കേട്ടു. ഇവിടെ ഈ വലിയ വീടുള്ളപ്പോൾ വേറെ വീടിന്റെ ആവശ്യം ഉണ്ടോ?"

അനൂപ് ഞെട്ടിപ്പോയി

"അപ്പോൾ എല്ലാവരും കൂടി പ്ലാൻ ചെയ്ത നാടകമാണോ?"

"നാടകമൊന്നുമല്ല; റോഷിനി ഇങ്ങനെയൊരു ആഗ്രഹം പറഞ്ഞപ്പോൾ ഞങ്ങളത് സമ്മതിച്ചു"

റോഷിനിയുടെ ഡാഡിയാണ് മറുപടി പറഞ്ഞത്.

"അതുകൊള്ളാം transfer ന്റെ ആവശ്യമില്ലെന്ന് ഞാൻ നേരത്തെ പറഞ്ഞിരുന്നതാണ്. അത് കൂട്ടാക്കാതെ എല്ലാവരുംകൂടി ഇങ്ങനെയൊരു പദ്ധതിയിട്ടു. എനിക്കെന്താണു വില?" അനൂപ് അല്പം രോഷത്തോടെയാണ് പറഞ്ഞത്.



"റോഷിനി റെഡിയാക്. വീട്ടിൽ ചെന്നിട്ട് തീരുമാനിക്കാം എന്തുവേണമെന്ന്"?

അനൂപ് നീരസത്തോടെയാണ് പറഞ്ഞത്.

"അനൂപ് പിടിവാശി കള, അവൾ ഇവിടെ നിൽക്കട്ടെ. അനൂപ് പോയിട്ട് തിങ്കളാഴ്ച വരിക. അപ്പോഴേക്കും നിങ്ങൾക്കുള്ള സൗകര്യപ്രദമായ മുറി ഞങ്ങൾ ശരിയാക്കാം"

മമ്മി പറഞ്ഞു.

അനൂപ് റോഷിനിയെ നോക്കി; റോഷിനി അനൂപിനൊപ്പം പോകാനുള്ള ഒരുക്കത്തിലല്ല. താൻ അവിടെ നിന്നാൽ സീൻ വഷളാകുമെന്ന് ഭയപ്പെട്ട് അനൂപ് യാത്രപോലും പറയാതെ അവിടെ നിന്നിറങ്ങി.

വീട്ടിൽ ചെന്ന് കയറിയ മാത്രയിൽ പപ്പയും അമ്മയും ഒരുമിച്ചു ചോദിച്ചു

"അവളും കുഞ്ഞും എവിടെ?".

അനൂപ് കാര്യങ്ങളൊക്കെ വിശദീകരിച്ചു. ആ വീട് മരണവീടുപോലെയായി. എല്ലാവർക്കും വിഷമമായി.

"അവളുടെയും വീട്ടുകാരുടെയും തോന്ന്യവാസത്തിന് കൂട്ടുനിന്നു കൂടാ. നീ അവിടെ പോകുകയും വേണ്ട; അവളെ വിളിക്കുകയും വേണ്ട. അവൾ തന്നെവരട്ടെ, അവളുടെ ജോലിയില്ലെങ്കിലും ഇവിടെ പട്ടിണി കിടക്കേണ്ടിവരില്ല. പട്ടണത്തിലാണ് ജോലിയെങ്കിൽ അവൾ രാജിവച്ചിട്ട് ഇങ്ങോട്ട് വരട്ടെ. നമ്മളെന്തായാലും താണു കൊടുക്കുന്ന പ്രശ്നമില്ല"

കല്ലേൽ പിളർക്കുന്ന കല്പനയായിരുന്നു പപ്പയുടേത്. "അങ്ങനെ പറഞ്ഞാൽ എങ്ങനെ ഒക്കാനാണ്. നമ്മുടെ കുഞ്ഞല്ലെ അത്. അതിനെ എങ്ങനെയാണ് കാണാതിരിക്കുന്നത്".

അമ്മയുടെ പരാതി കരച്ചിലായി മാറി.

ദുഃഖിതനായ അനൂപ് എന്ത് ചെയ്യണമെന്നറിയാതെ വിഷമിച്ചു. രാത്രിയിൽ ഭക്ഷണം പോലും കഴിക്കാതെയാണ് കിടന്നത്. അല്പം കഴിഞ്ഞപ്പോൾ റോഷിനിയുടെ ഫോൺ വന്നു. റോഷിനിയുടെ ന്യായീകരണത്തിന് മറുപടി പറയാൻ അനൂപിന് തോന്നിയില്ല.

"ജോലി പട്ടണത്തിലാണെങ്കിൽ രാജി വച്ച് വരിക".

"അയ്യോ വളരെ പ്രതീക്ഷയോടെ കാത്തിരുന്ന് ലഭിച്ച ജോലിയാണ്. എന്തായാലും ജോലി രാജിവയ്ക്കില്ല"

റോഷിനി പറഞ്ഞു.

രണ്ടുപേരും വിട്ടുവീഴ്ചയ്ക്ക് തയ്യാറായില്ല. മാത്രമല്ല വീട്ടുകാരെ തൃപ്തിപ്പെടുത്തേണ്ടതും ആവശ്യമായി വന്നു. ചുരുക്കിപ്പറഞ്ഞാൽ വീട്ടുകാർ ഈ വിഷയത്തിൽ ആവശ്യമില്ലാതെ കൈകടത്തി. രണ്ടുകൂട്ടരും വാശിക്ക് അവരവരുടെ ബന്ധുക്കളോട് പറഞ്ഞ് രണ്ട് ഇടവകയിലും എല്ലാവരും ഈ വിഷയം അറിഞ്ഞു. അതിനിടയിൽ പട്ടണത്തിലെ സ്കൂളിൽ റോഷിനി ജോലിക്ക് പ്രവേശിച്ചു.

ഉള്ളിൽ നീറ്റലുണ്ടെങ്കിലും രണ്ടുപേരും വാശിയിലാണ്. അനൂപിനും വീട്ടുകാർക്കും കുഞ്ഞിനെ കാണാനുള്ള കൊതിയുണ്ടെങ്കിലും അവളുടെ ജോലി രാജിവെപ്പിച്ചോ അനൂപിന്റെ നാട്ടിലേക്കു സ്ഥലം മാറ്റം വാങ്ങിച്ചോ അവൾ തറവാട്ടിൽ വരണമെന്ന വാശി. റോഷിനിയും വീട്ടുകാരും ആയുധം വച്ച് കീഴടങ്ങാൻ തയ്യാറല്ല. അങ്ങനെ ആറു മാസങ്ങൾക്കുശേഷം ഈ വിഷയം എന്റെ അടുക്കൽ വന്നു.

ശക്തമായ യാതൊരു കാരണങ്ങളുമില്ലെങ്കിലും രണ്ടുപേരും separated ആയിരിക്കയാണ്. ഈഗോ ആണ് വില്ലൻ. "താൻ പിടിച്ച മുയലിന് രണ്ട് കൊമ്പ്" എന്ന വാശിയിലാണ് രണ്ടുപേരും. റോഷിനിയെയും അനൂപിനെയും കാണാൻ ഞാൻ തീരുമാനിച്ചു. പട്ടണത്തിലെ ഒരു റസ്റ്റോറന്റിൽ ചർച്ചയ്ക്ക് അവസരം ഒരുക്കി.

അവർ തമ്മിൽ നേരിൽ കണ്ടപ്പോൾ രണ്ടുപേരുടെയും കണ്ണുകൾ നിറഞ്ഞു. യോജിക്കുവാനുള്ള positive sign. രണ്ടുപേരുടെയും ഹൃദയത്തിൽ യോജിക്കുവാനുള്ള ആത്മാർത്ഥമായ ആഗ്രഹമുണ്ടെന്ന് എനിക്കു മനസ്സിലായി. അവരുടെ ശീതസമരം വലിയ ഒരു അകൽച്ചയ്ക്ക് കാരണമായതാണ്. മാത്രമല്ല ഇവരുടെ അകൽച്ചയുടെ മുഖ്യകാരണം ഇവരുടെയുള്ളിലെ ഈഗോ വളർത്തിയ രണ്ടു കുടുംബങ്ങളാ

ണെന്ന് എനിക്കു തിരിച്ചറിയുവാൻ കഴിഞ്ഞു. വീട്ടുകാരുടെ അനാവശ്യമായ ഇടപെടലാണ് വിഷയം ഇത്രയും വഷളാക്കിയത്.

റോഷിനിയുടെ മാതാപിതാക്കളുടെ possessiveness ഇവിടെ പ്രശ്നങ്ങൾക്കു തുടക്കമായി. വിവാഹം കഴിച്ച് അയച്ച മകളെ കൂടെ നിർത്തുവാനുള്ള അതിമോഹം, ഗ്രാമത്തെക്കാൾ നല്ലത് പട്ടണമാണെന്ന് റോഷിനിയുടെ തെറ്റിദ്ധാരണ, മകളെ അവളുടെ ഭർത്താവിനും വീട്ടുകാർക്കും വിട്ടുകൊടുക്കുവാൻ കഴിയാത്ത മാതാപിതാക്കളുടെ മനോഭാവം, ധനത്തിന്റെ അഹങ്കാരം എന്നീ ഘടകങ്ങൾ ഒരുമിച്ചുചേർന്നപ്പോൾ മകളുടെ ഭർത്താവുപോലും അറിയാതെ transfer-ന് അപേക്ഷിക്കുവാൻ മാതാപിതാക്കൾ അവളെ പ്രേരിപ്പിച്ചു. ഒരു പക്ഷേ ഇങ്ങനെയൊക്കെ ആകുമെന്ന് റോഷിനിപോലും വിചാരിച്ചുകാണുകയില്ല. അതിനുള്ള പക്വത റോഷിനിയിൽ പ്രതീക്ഷിക്കുവാനും പാടില്ല. അനൂപിന്റെ വാശി കൂടിയതേയുള്ളൂ. തറവാടിത്തം തലക്കനമായപ്പോൾ കെട്ടിവന്ന പെണ്ണ് ഞാൻ എന്ന കാരണവർ പറയുന്നത് കേട്ടാൽ മതിയെന്ന് അഹങ്കാരമനോഭാവം അനൂപിന്റെ പിതാവിലുണ്ടായി. പുരുഷൻ അപ്പനെയും അമ്മയെയും വിട്ട് തന്റെ ഭാര്യയോട് പറ്റിച്ചേരുമെന്ന വേദവാക്യം ഓർത്തിരുന്നെങ്കിൽ ആ പിതാവിന് തന്റെ മകൻ ഭാര്യയും കുഞ്ഞുമില്ലാതെ വിഷമിക്കുന്നുവെന്ന യാഥാർത്ഥ്യം ബോധ്യമായേനെ.

ഇവിടെ രണ്ടുവീട്ടുകാരും വിഷയങ്ങൾ ഏറ്റെടുത്തപ്പോൾ അനൂപിന്റെയും റോഷിനിയുടെയും ജീവിതം അവരുടെ കൈയ്യിൽ നിന്നുതന്നെ വിട്ടുപോയി. രണ്ടിടത്തും മാതാപിതാക്കൾ വിചാരിക്കണമായിരുന്നു തങ്ങൾ കിടപ്പുമുറിയിൽ ഭാര്യാഭർത്താക്കന്മാരായി ഈ പ്രായത്തിലും കിടന്നുറങ്ങുമ്പോൾ തങ്ങളുടെ മക്കൾ ഏകാന്തതയുടെ ദുഃഖത്തിലാണെന്ന്. രണ്ടുപേരുടെയും മാതാപിതാക്കൾ അവരെയും കുഞ്ഞിനെയും ഓർത്തില്ല. വാശിയൊക്കെ മാറുന്ന ഒരു പ്രായമുണ്ട്. അപ്പോൾ രണ്ടുപേരും അടുക്കാനാകാത്തവിധം അകന്നുപോയിരിക്കും. ഒന്നുകിൽ വിവാഹമോചനവും പുനർവിവാഹവും. അല്ലെങ്കിൽ കടുത്ത വാശിയിലൂടെ സ്വയം ശിക്ഷിച്ചുകൊണ്ട്. എന്നാൽ ഇതിനിടയിൽ എരിഞ്ഞുതീരുന്ന ഒരു ജന്മമുണ്ട്. അത് തങ്ങളുടെ ഓമനമകളുടേതാണ്. അപ്പനും അമ്മയും ഒരുമിച്ചു വളർത്തിയിട്ടുപോലും കുഞ്ഞുങ്ങൾ വഴിതെറ്റുന്ന ഇക്കാലത്ത് അപ്പനോ അമ്മയോ ഒരാൾ മാത്രം വളർത്തിയാൽ ഒരു പക്ഷെ ആ കുട്ടി ഒരു anti-social element ആയേക്കാം. (എപ്പോഴും അങ്ങനെ സംഭവിക്കണമെന്നില്ല). ആയതിനാൽ ഇവരുടെ വേർപിരിയലിൽ ബലിയാടാകുന്നത് അവരുടെ കുഞ്ഞുങ്ങളാണ്.

രണ്ടുപേരുടെയും ബന്ധത്തിന്റെ ആഴത്തെക്കുറിച്ചും അനാവശ്യമായ ദുർവാശി മുഖാന്തിരമുണ്ടായ അപകടത്തെക്കുറിച്ചും അവരെ ബോധ്യപ്പെടുത്തുവാൻ എനിക്കു കഴിഞ്ഞു. അനൂപ് അറിയാതെ റോഷിനി transfer ന് അപേക്ഷിച്ചതാണ് അനൂപിന്റെ എറ്റവും വലിയ പ്രശ്നം. അനൂപിന്റെ വാശിക്ക് ജോലി രാജിവയ്ക്കുവാൻ പറഞ്ഞതാണ് റോഷിനിക്ക് സങ്കടമായത്. എന്നാൽ വീട്ടുകാരുടെ അനവസരത്തിലുള്ള അഭിപ്രായപ്രകടനമാണ് പ്രശ്നം ഇത്രയും വഷളാക്കിയത്. പ്രശ്നം തിരിച്ചറിഞ്ഞതിനാൽ പരിഹാരത്തിന് അധികം ബുദ്ധിമുട്ടേണ്ടി വന്നില്ല. രണ്ടുപേരുടെയും ഭാഗത്തുണ്ടായ തെറ്റ് അവരവരെ ബോധ്യപ്പെടുത്താൻ കഴിഞ്ഞു. പ്രായശ്ചിത്തത്തിനുള്ള വഴിയും അവരവരെക്കൊണ്ടുതന്നെ പറയിച്ചു. മാത്രമല്ല അവരുടെ കുഞ്ഞിനെയെങ്കിലും ഓർക്കണമെന്നു പറഞ്ഞതാണ് അവരെ കൂടുതൽ ചിന്തിപ്പിച്ചത്.

റോഷിനി തന്റെ തെറ്റു സമ്മതിച്ചു. അനൂപിനെ മറച്ച് transfer-ന് അപേക്ഷിച്ചതിലുള്ള ഖേദവും പ്രകടിപ്പിച്ചു. മാത്രമല്ല തന്റെ വീട്ടുകാർ തന്നെ നിർബന്ധിച്ചതുകൊണ്ടാണ് ഇങ്ങനെയൊക്കെ ചെയ്തത്. അതുവഴി തന്റെ വീട്ടിൽതന്നെ താമസിക്കുവാനുള്ള അവസരവും നല്ലതാണെന്ന് കരുതി. അതു മുഖാന്തിരം അനൂപിനും വീട്ടുകാർക്കുമുണ്ടായ മനോദുഃഖത്തിന്റെ ആഴം തിരിച്ചറിഞ്ഞ് റോഷിനി ഹൃദയപൂർവ്വം അനൂപിനോട് ക്ഷമ പറഞ്ഞു. മഞ്ഞുരുകി തുടങ്ങിയപ്പോൾ രാജിവയ്ക്കുവാൻ പറഞ്ഞ തന്റെ ഈഗോയിലൂടെ റോഷിനിയുടെ സ്തീത്വത്തിനേറ്റ ആഘാതം അനൂപ് തിരിച്ചറിഞ്ഞു. അതിന് അനൂപും ഖേദം പ്രകടിപ്പിച്ചു. ഭാര്യവീട്ടിൽ താമസിക്കുന്നത് അപമാനമാണെന്ന തെറ്റിദ്ധാരണ തിരുത്തുവാനും തയ്യാറായി. ആവശ്യമെങ്കിൽ ഭാര്യവീട്ടുകാരെ സഹായിക്കുന്നതിന് അവിടെ താമസിക്കുന്നത് ഒരു സൽപ്രവൃത്തിയാണെന്നും മനസ്സിലാക്കിക്കൊടുക്കുവാൻ എനിക്കു കഴിഞ്ഞു. എന്നാൽ മാതാപിതാക്കളുടെ അനാവശ്യമായ കൈകടത്തലിന് ദമ്പതികൾ അവസരം കൊടുക്കരുത്. സ്വന്തം മാതാപിതാക്കളായാലും അവരിലും അല്പമായിട്ടെങ്കിലും സ്വാർത്ഥത കാണും. മാത്രമല്ല സ്വന്തം മക്കളെ ന്യായീകരിക്കുവാനുള്ള പ്രവണതയും കാണും. അതിനാൽ നിങ്ങളുടെ പ്രശ്നങ്ങൾ അവരുടെ ചെവിയിലെത്താതിരിക്കുവാൻ ശ്രമിക്കുന്നതാണ് ബുദ്ധിയെന്ന് അവരെ പറഞ്ഞു മനസ്സിലാക്കി.

പല ആവർത്തികൾ ഈ കൂടിക്കാഴ്ച നടത്തിയതിനുശേഷം അവർ തന്നെ പ്രശ്നങ്ങൾക്ക് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുവാൻ അവരുടെ ആലോചനയ്ക്ക് അവസരം കൊടുത്തു. ചർച്ചയ്ക്കുശേഷം അവർ എന്നോടു പറഞ്ഞത്

(1) റോഷിനി അനൂപിന്റെ തറവാടിന് അടുത്തുള്ള പഴയ സ്കൂളിലേയ്ക്ക് തിരികെ transfer-ന് അപേക്ഷിക്കാമെന്ന് സമ്മതിച്ചു.

(2) Transfer ലഭിക്കുന്നതുവരെ പട്ടണത്തിൽ ഒരു വാടക വീടെടുക്കുക.

(3) കുഞ്ഞിനെ നോക്കുവാൻ വീട്ടുകാരുടെ സഹായം ആവശ്യമാകുന്ന പക്ഷം അതിന് ശ്രമിക്കുക.

(4) Transfer ലഭിച്ച് തറവാട്ടിൽ പോകുന്നതുവരെ എല്ലാ വെള്ളിയാഴ്ചയും വൈകിട്ട് അനൂപിന്റെ തറവാട്ടിൽ പോകുകയും തിങ്കളാഴ്ച രാവിലെ മടങ്ങി വരികയും ചെയ്യുക.

(5) റോഷിനിയുടെ വീട്ടിൽ അനൂപും അനൂപിന്റെ വീട്ടിൽ റോഷിനിയും സന്തോഷത്തോടെ പെരുമാറുക.

(6) എന്തു പ്രശ്നങ്ങളുണ്ടെങ്കിലും തങ്ങളുടെ മുറിയിൽ നിന്നും ആ പ്രശ്നം പുറത്തേക്കു പോകാതിരിക്കുവാൻ ശ്രദ്ധിക്കുക.

(7) തങ്ങളുടെ കുഞ്ഞിനെ തങ്ങൾ രണ്ടുപേരും ചേർന്ന് വളർത്തുമെന്ന് തീരുമാനിച്ചു.

ദൈവകൃപയാൽ രണ്ടുപേരും കാര്യങ്ങൾ ശരിയാംവണ്ണം മനസ്സിലാക്കിയതിനാൽ പുനഃസമാഗമം താരതമ്യേന എളുപ്പമായി. അവനവനിലെ 'അഹം' മരിച്ചാൽ ഏതു പ്രശ്നങ്ങളും അവസാനിക്കും.

ഇപ്പോൾ അവർ മൂന്നുകുഞ്ഞുങ്ങളുമായി സന്തോഷത്തോടെ കഴിയുന്നു.

അച്ചൻ ജോസഫിനോടും ലിസിയോടും പറഞ്ഞു.

"മക്കളെ ശീതസമരങ്ങളും സൗന്ദര്യപിണക്കങ്ങളും ഉണ്ടാകാത്ത ഭവനങ്ങളില്ല. അഭിപ്രായഭിന്നതയും പൊരുത്തക്കേടുകളും കുടുംബത്തിൽ സാധാരണമാണ്. എന്നാൽ അതിനോടുള്ള സമീപനമാണ് ശ്രദ്ധിക്കേണ്ടത്. പ്രശ്നങ്ങൾ പറഞ്ഞവസാനിപ്പിക്കണം. കഴിവുണ്ടെങ്കിൽ പുറത്താരും അറി

*ശേഷം 20 - ാം പേജിൽ*

# മനുഷ്യപുത്രനായ യേശു

## യേശു സുവ്യക്തമാക്കിയ മൂല്യങ്ങളും വർത്തമാനകാല കേരള ക്രൈസ്തവ സഭയും (സഭകളും) (തുടർച്ച)

പ്രൊഫ. പി. കെ. സ്കറിയാ, കുന്നത്തിൽ

ക്രൈസ്തവസഭാ സ്ഥാപകനായ യേശുക്രിസ്തു തന്റെ ജനനവും ജീവിതവും ഉപദേശങ്ങളും മരണവും വഴിയായി നമുക്കുകാട്ടിത്തന്ന മൂല്യങ്ങൾ പ്രധാനമായും എന്തൊക്കെയാണെന്ന് കഴിഞ്ഞ രണ്ടുലക്കങ്ങളിൽ ചൂണ്ടിക്കാണിക്കുവാൻ ശ്രമിച്ചിരുന്നു. അവയിൽ വളരെ പ്രധാനപ്പെട്ടവ വളരെ ചുരുക്കമായി ഒരിക്കൽക്കൂടി ഓർമ്മിപ്പിക്കട്ടെ.

(1) താഴ്മ, ലാളിത്യം, കാരുണ്യം, ഔദാര്യം, സൗമ്യത, കരുതൽ

(2) പരസ്പര സ്നേഹം, സമാധാനം, സഹിഷ്ണുത, ആത്മാർത്ഥത, സ്വഭാവ നൈർമല്യം

(3) സത്യത്തിനും നീതിക്കും വേണ്ടി അനീതിക്കെതിരായ ധീരമായ പ്രതികരണം.

യേശുക്രിസ്തുവിന്റെ ലളിതജീവിതവും ആദർശങ്ങളും, ഉപദേശങ്ങളും അടിസ്ഥാനമാക്കി രൂപീകൃതമായ ക്രൈസ്തവസഭ പ്രത്യേകിച്ച് കേരളത്തിലെ ക്രൈസ്തവസഭകളും സമുദായങ്ങളും സഭാനേതൃത്വങ്ങളും അവരുടെ നിലപാടുകളും മനുഷ്യപുത്രനായ യേശു മുറുകെപ്പിടിച്ച മാനുഷിക ഗുണങ്ങളിൽ നിന്ന് എത്രമാത്രം വ്യതിചലിച്ചിരിക്കുന്നു എന്ന് നിഷ്പക്ഷമായ ഒരു വിശകലനത്തിന് ശ്രമിക്കുന്നത് കാലാനുസൃതം എന്നു കരുതുന്നു. ഇതൊരിക്കലും വ്യക്തിപരമല്ല. വർത്തമാനകാല ക്രൈസ്തവ സമൂഹത്തിൽ കാണപ്പെടുന്ന ചില ക്രൈസ്തവ യോഗ്യമല്ലാത്ത പ്രവണതകളും പ്രവർത്തനങ്ങളും ചൂണ്ടിക്കാണിക്കുവാൻ ശ്രമിക്കുന്നുവെന്നേയുള്ളൂ.

(1) യേശുക്രിസ്തു തന്റെ ഇഹലോക ജീവിതകാലത്ത് കാട്ടിത്തന്ന ഏറ്റവും വലിയ മനുഷ്യഗുണങ്ങളിൽ ഒന്നാണല്ലോ താഴ്മ അഥവാ ലാളിത്യം. ബേത്‌ലഹേമിലെ പുൽതൊട്ടിലിൽ ജനിച്ച് സമൂഹത്തിൽ ഏറ്റവും താഴേയ്ക്കിടയിലുള്ളവർ എന്നു കരുതപ്പെട്ടിരുന്ന മുക്കുവരെ ശിഷ്യന്മാരാക്കി, നിന്ദ്യമായ കഴുതപ്പുറത്ത് വാഹനമേറി സത്യത്തിനുവേണ്ടി നിന്ദ്യമായ കുരിശുമരണം വരിച്ച് ആരാന്റെ കല്ലറയിൽ അടയ്ക്കപ്പെട്ട യേശുക്രിസ്തു എവിടെ? ക്രിസ്തുവിന്റെ കാലത്തെ മതമേധാവികളെ കടത്തിവെട്ടുംവിധം തങ്ങളുടെ മന്ത്രപ്പട്ടകൾ വിതിയാക്കി, തൊങ്ങൽ വലുതാക്കി, അത്താഴത്തിൽ മുഖ്യാസനവും അങ്ങാടിയിൽ വന്ദനവും മനുഷ്യരാൽ 'റബ്ബി' എന്ന് എപ്പോഴും വിളിക്കപ്പെടുവാൻ ആഗ്രഹിക്കുകയും ഭാരമുള്ള ചുമടുകളെ മനുഷ്യരുടെമേൽ വയ്ക്കുകയും ഒരു വിരൽകൊണ്ടുപോലും അവയെ തൊടുവാൻ മനസ്സില്ലാതിരിക്കുകയും തങ്ങൾ ചെയ്യുന്നതെല്ലാം മനുഷ്യർ കാണണമെന്ന് ആഗ്രഹിക്കുകയും ചെയ്യുന്ന ഇന്നത്തെ ചില ക്രൈസ്തവ നേതൃത്വങ്ങൾ എവിടെ?

യാത്രയായ ശിഷ്യന്മാർക്ക് യേശു നൽകിയ ഉപദേശം ഇപ്രകാരം ആയിരുന്നു. "മടിശ്ശീലയിൽ പൊന്നും വെള്ളിയും കരുതിവയ്ക്കരുത്, രണ്ട് ഉടുപ്പും ചെരിപ്പും വടിയും എടുക്കരുത്".

സമ്പത്തും അധികാരവും (യജമാനത്തം) ആണ് ഇന്ന് പല കേരള ക്രൈസ്തവ സഭകളിലെയും സമൂഹത്തിന്റെയും വിഷയം. ശിഷ്യന്മാർക്കിടയിൽ ആരാണ് വലിയവൻ എന്ന തർക്കം ഉണ്ടായപ്പോൾ യേശു ഒരു ശിശുവിനെ അടുക്കൽ നിറുത്തി പറഞ്ഞു "നിങ്ങൾ മനം തിരിഞ്ഞ് ശിശുവിനെപ്പോലെ ആകുന്നില്ലായെങ്കിൽ സ്വർഗ്ഗരാജ്യത്തിൽ കടക്കുകയില്ല (വി. മത്തായി 18:13). നിഷ്കളങ്കനായ ശിശുവിന് സമ്പത്തിനോടോ അധികാരത്തിനോടോ മോഹമില്ലല്ലോ. സ്വർഗ്ഗരാജ്യത്തിലെ സ്ഥാനത്തെക്കുറിച്ച് സെബദിപുത്രന്മാരുടെ അമ്മയുടെ അപേക്ഷയ്ക്ക് യേശു കൊടുത്ത മറുപടി നേരത്തെ സൂചിപ്പിച്ചിരുന്നല്ലോ.

"നിങ്ങളിൽ മഹാനാകുവാൻ ഇച്ഛിക്കുന്നവരെല്ലാം നിങ്ങളുടെ ശുശ്രൂഷക്കാരനാകണം. നിങ്ങളിൽ ഒന്നാമനാകുവാൻ ഇച്ഛിക്കുന്നവരെല്ലാം നിങ്ങളുടെ ദാസനാകണം (വി. മത്തായി 20:26). അന്ത്യഅത്താഴ സമയത്ത് തങ്ങളിൽ ആരാണ് വലിയവൻ എന്ന തർക്കം ശിഷ്യന്മാർക്കിടയിൽ ഉണ്ടായി. കർത്താവ് പറഞ്ഞു "നിങ്ങളിൽ വലിയവൻ ചെറിയവനെപ്പോലെയും നായകൻ ശുശ്രൂഷിക്കുന്നവനെപ്പോലെയും ആയിരിക്കട്ടെ (വി. ലൂക്കോസ് 22:26).

കേരളത്തിലെ ക്രൈസ്തവ സഭാവിഭാഗത്തിലെനേതൃനിരയിലുള്ള ഏതാനും ചിലരുടെ സ്ഥാനമാനങ്ങളോടുള്ള ആർത്തിയും ആഡംബരജ്വരവും പ്രത്യേകം പറയേണ്ടതില്ല. സാമാന്യജനം വിവേചിക്കട്ടെ. ബാഹ്യ പ്രകടനങ്ങളുടെ ആധിക്യം കാണുമ്പോൾ യേശുക്രിസ്തുവിന്റെ ചില ഉപദേശങ്ങൾ ഓർത്തുപോകുന്നു.

"മനുഷ്യർ കാണേണ്ടതിന് നിങ്ങളുടെ നീതി അവരുടെ മുൻപിൽ ചെയ്യാതിരിക്കുവാൻ സൂക്ഷിക്കുവീൻ. അങ്ങനെ ചെയ്താൽ സ്വർഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവിൽ നിന്ന് നിങ്ങൾക്ക് യാതൊരു പ്രതിഫലവും ലഭിക്കയില്ല. ആകയാൽ ഭിക്ഷ കൊടുക്കുമ്പോൾ മനുഷ്യരാൽ മാനം ലഭിക്കുവാൻ പള്ളികളിലും തെരുവീഥികളിലും കപടഭക്തിക്കാർ ചെയ്യുന്നതുപോലെ നിന്റെ മുൻപിൽ കാഹളം ഊതിക്കരുത്. അവർക്കു പ്രതിഫലം കിട്ടിക്കഴിഞ്ഞു എന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു. നീയോഭിക്ഷ കൊടുക്കുമ്പോൾ വലംകൈ ചെയ്യുന്നത് എന്തെന്ന് ഇടംകൈ അറിയരുത്; നിന്റെ ഭിക്ഷ രഹസ്യത്തിൽ ആയിരിക്കേണ്ടതു തന്നെ. രഹസ്യത്തിൽ കാണുന്ന പിതാവ് നിനക്ക് പ്രതിഫലം തരും" (വി.മത്തായി 6:1-4).

ഈ അവസരത്തിൽ സ്വയം സ്ഥാനത്യാഗം ചെയ്ത പോപ്പ് ബനഡിക്റ്റ് 16-ാമനെയും കാക്കിക്കുപ്പായവും മരക്കുരിശും അണിഞ്ഞ് ബസ് യാത്ര ശീലമാക്കിയിരുന്ന മാത്യൂസ് മാർ ബർണബാസ് മെത്രാപ്പോലീത്തായെയും വളരെ ലളിത ജീവിതം നയിച്ചിരുന്ന, നയിക്കുന്ന ചുരുക്കം ചില വൈദികരെയും ആദരപൂർവ്വം സ്മരിക്കട്ടെ. കാലാനുസൃതമായ മാറ്റങ്ങൾ ജീവിത ശൈലിയിൽ സ്വാഭാവികമാണെങ്കിലും അത്

അനാവശ്യ ആഡംബരങ്ങളിലേയ്ക്ക് നീങ്ങാതെ ശ്രദ്ധിച്ചാൽ നന്ന്.

"അങ്ങനെ നിങ്ങളുടെ പിതാവ് മനസ്സലിവുള്ളവനാകുന്നപോലെ നിങ്ങളും മനസ്സലിവുള്ളവരാകുവീൻ".

കാരുണ്യത്തിന്റെയും ഔദാര്യത്തിന്റെയും കാര്യം പറയുമ്പോൾ മനസ്സിൽ ഓടി എത്തുന്നത് തൊടുപുഴ ന്യൂമാൻസ് കോളജ് അദ്ധ്യാപകനായിരുന്ന പ്രൊഫ. റ്റി. ജെ. ജോസഫിന്റെ ദുരനുഭവങ്ങളാണ്. കൈപ്പത്തി വെട്ടിമാറ്റപ്പെട്ട ഈ അദ്ധ്യാപകൻ ജോലിയിൽ നിന്ന് പിരിച്ചുവിടപ്പെടുകയും പിന്നീട് നിരപരാധി എന്ന് കോടതി വിധിയെങ്കിലും 2010 സെപ്തംബർ 1 മുതൽ സർവ്വീസിൽ നിന്നുള്ള വിരമിക്കൽ തീയതിയായ 2014 മാർച്ച് 31 വരെ ശമ്പളമില്ലാതെ ശാരീരികമായും മാനസികമായും പീഡിപ്പിക്കപ്പെട്ടു. ദുഃഖവും നിരാശയും സഹിക്കവയ്യാതെ അദ്ദേഹത്തിന്റെ ഭാര്യ ആത്മഹത്യ ചെയ്തു. ഇത്ര കഠിനമായ നീണ്ട പീഡാനുഭവങ്ങൾ ക്രൈസ്തവ മേലാളൻമാർ അദ്ദേഹത്തിനു വിധിച്ചത് മതമൗലികവാദികളെ ഭയന്നാണെന്നു പറയപ്പെടുന്നു. നിരപരാധിയാണെന്ന് കോടതി വിധിച്ചിട്ടും ശമ്പളം അനുവദിച്ചത് വീണ്ടും 1 വർഷവും 2 മാസവും കഴിഞ്ഞല്ലേ? ക്രൈസ്തവ സമൂഹവും നേതൃത്വവും എന്തു കാരുണ്യമാണ് ഈ സഹജീവിയോടു കാണിച്ചത്.

"കരുണയുള്ളവർ ഭാഗ്യവാന്മാർ; അവർക്കു കരുണ ലഭിക്കും" (വി. മത്തായി 5:7).

(2) "പിതാവ് എന്നെ സ്നേഹിക്കുന്നതുപോലെ ഞാനും നിങ്ങളെ സ്നേഹിക്കുന്നു. എന്റെ സ്നേഹത്തിൽ വസിക്കുവീൻ" (വി.യോഹ. 15:9). "നിന്നെപ്പോലെ തന്നെ നിന്റെ അയൽക്കാരനെ സ്നേഹിക്കണം". (വി.മർക്കോസ്12:31).

"സ്നേഹം ദീർഘമായി ക്ഷമിക്കുകയും ദയ കാണിക്കുകയും ചെയ്യുന്നു. സ്നേഹം അസൂയപ്പെടുന്നില്ല, നിഗളിക്കുന്നില്ല; പരുഷമായി പെരുമാറുന്നില്ല, അയോഗ്യമായി നടക്കുന്നില്ല. സ്വാർത്ഥം അന്വേഷിക്കുന്നില്ല കോപിക്കുന്നില്ല, ദോഷം കണക്കിടുന്നില്ല" (1 കൊരി. 13:3,5).

"സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാൻമാർ,അവർ ദൈവത്തിന്റെ പുത്രന്മാരെന്നു വിളിക്കപ്പെടും" (വി.മത്തായി 5:9).

"എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു" (വി. യോഹ. 14:27). "അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം, ഭൂമിയിൽ ദൈവപ്രസാദമുള്ളവർക്കു സമാധാനം'' (വി.ലൂക്കോസ് 2:14).

"ഒരു രാജ്യം തന്നിൽ തന്നെ ഭിന്നിക്കുന്നുവെങ്കിൽ ശൂന്യമാകും. ഒരു പട്ടണമോ ഗൃഹമോ തന്നിൽ തന്നെ ഭിന്നിക്കുന്നുവെങ്കിൽ നിലനിൽക്കുകയില്ല (വി.മത്തായി 12:25).

"മൂടിവച്ചതൊന്നും വെളിച്ചത്തുവരാതെയും ഗൂഢമായതൊന്നും അറിയാതെയും ഇരിക്കയില്ല. ആകയാൽ നിങ്ങൾ ഇരുട്ടത്തു പറഞ്ഞതെല്ലാം വെളിച്ചത്തു കേൾക്കും. അറകളിൽവച്ച് ചെവിയിൽ മന്ത്രിച്ചത് വീടിനുമുകളിൽ ഘോഷിക്കും" (വി.ലൂക്കോസ് 12:2,3).

മേൽപറഞ്ഞവയും അല്ലാത്തവയുമായ അനേക ക്രിസ്തുവചനങ്ങളും വേദപ്രമാണങ്ങളും ഇന്നത്തെ കേരള ക്രൈസ്തവ സമൂഹത്തിലും സഭകളിലും പ്രസക്തമല്ലെന്നു തോന്നുന്നു. പരസ്പര സ്നേഹവും സമാധാനവും ആത്മാർത്ഥതയും സ്വഭാവനൈർമല്യവും ക്രിസ്തു സ്ഥാപിച്ച സഭയിൽ പ്രത്യേകിച്ച് കേരളസഭകളിൽ മരീചികയായിരിക്കുന്നു.

സീറോ മലബാർ സഭയിൽ ഭൂമി വില്പന ആരോപണവും വ്യാജരേഖാ കേസും കള്ളപ്പണകേസും നടക്കുന്നു. ഒരേ വിശ്വാസവും ആചാരാനുഷ്ഠാനങ്ങളും ഉള്ള യാക്കോബായ -ഓർത്തഡോക്സ് സഭകളിൽ വഴക്കുകളും ഏറ്റുമുട്ടലുകളും നിരന്തരം പ്രോത്സാഹിപ്പിക്കപ്പെടുന്നു. ഓരോ ഇടവകകളിലും സമുദായത്തിലും സഭയിലും വിവിധ താൽപര്യങ്ങൾക്കുവേണ്ടി ഭിന്നതകളും പോർവിളികളും തുടരുന്നു. (ചിലരൊക്കെയെങ്കിലും നീതിക്കുവേണ്ടിയാകാം മത്സരിക്കുന്നത്). കൂടുതൽ എഴുതുന്നില്ല. ഒരു കാര്യം ഓർക്കുക "നീ അളക്കുന്ന അളവിനാൽ നിനക്കും അളന്നുകിട്ടും". താഴെ കൊടുക്കുന്ന ക്രിസ്തുവചനം പലർക്കും ബാധകമല്ലെന്നു തോന്നുന്നു. "സ്വന്തം കണ്ണിലെ കോൽ നോക്കാതെ സഹോദരന്റെ കണ്ണിലെ കരട് നോക്കുന്നത് എന്ത്?

കപടഭക്തിക്കാരാ, മുൻപെ സ്വന്തം കണ്ണിൽ നിന്ന് കോൽ എടുത്തു കളയുക; അപ്പോൾ സഹോദരന്റെ കണ്ണിൽ നിന്ന് കരട് എടുത്തു കളയുവാൻ തക്കവണ്ണം നിനക്ക് വ്യക്തമായി കാണുവാൻ കഴിയും (വി.മത്തായി 7:3,5).



ആത്മാർത്ഥതയും സ്വഭാവനൈർമല്യവും നേതൃനിരയിൽപോലും വിരളമാകുന്നു. സ്വാർത്ഥ താൽപര്യങ്ങൾ മുഖ്യമാകുമ്പോൾ ആത്മാർത്ഥത അപ്രത്യക്ഷമാവുക സ്വാഭാവികം ആണല്ലോ. സ്വഭാവ നൈർമല്യത്തിന്റെ കാര്യം പറയേണ്ട. സിസ്റ്റർ അഭയകേസും, ബിഷപ്പ് ഫ്രാങ്കോയ്ക്കെതിരെയുള്ള ആരോപണങ്ങളും മറ്റും സമൂഹമാദ്ധ്യമങ്ങളിൽ നിരന്തരവാർത്തകളാണല്ലോ.

ഏതായാലും സത്യവും നീതിയും ജയിക്കാൻ പ്രാർത്ഥിക്കാം. "നീതിക്കായി വിശന്നു ദാഹിക്കുന്നവർ ഭാഗ്യവാൻമാർ, അവർ തൃപ്തരാകും" (വി.മത്തായി 5:6)

(3) സത്യത്തിനും നീതിക്കും വേണ്ടി ശബ്ദിക്കുവാനും പ്രവർത്തിക്കുവാനും ഇന്ന് ഭൂരിപക്ഷത്തിനും താൽപര്യമില്ല. സ്വാർത്ഥ താൽപര്യക്കാരായ മേലാളരുടെ പീഡനം ഭയന്നാവാം. എന്നാൽ "പ്രതിഷേധിക്കേണ്ടപ്പോൾ നിഷ്പക്ഷതയുടെ പാപമാർഗ്ഗം സ്വീകരിക്കുന്നവർ ഭീരുക്കൾ" - ഏബ്രഹാം ലിങ്കൺ.

ഭീരുക്കൾക്കു ധർമ്മനീതി പാലിക്കാൻ ആവില്ല - മഹാത്മാഗാന്ധി.

അനീതി നടക്കുമ്പോൾ നിഷ്പക്ഷനാണെങ്കിൽ നിങ്ങൾ അക്രമിയുടെ പക്ഷത്താണ് - ആർച്ച്ബിഷപ്പ് ഡെസ്മണ്ട് ടുട്ടു (നോബൽ പ്രൈസ് ജേതാവ്).

ഇന്ന് സമൂഹത്തിലായാലും സഭകളിലായാലും അനീതിക്കും തെറ്റിനും എതിരെ പ്രതികരിക്കുന്നവർ ക്രൂശിക്കപ്പെടുന്ന അവസ്ഥയാണ്.

ലോകരക്ഷിതാവായ യേശുക്രിസ്തുവിന്റെ ഇക്കാര്യത്തിലുള്ള ചില പ്രവർത്തനങ്ങളിലേക്കും വചനങ്ങളിലേക്കും വരാം.

യരുശലേം ദേവാലയത്തിലേക്കു കടന്നുചെന്ന യേശു അവിടെ വിൽക്കുന്നവരെയും വാങ്ങുന്നവരെയും പുറത്താക്കി. നാണയ വിനിമയം ചെയ്യുന്നവരുടെ മേശകളും പ്രാവിനെ വിൽക്കുന്നവരുടെ ഇരിപ്പിടങ്ങളും മറിച്ചിട്ടു. അവരോടു പറഞ്ഞു "എന്റെ ആലയം പ്രാർത്ഥനാലയം എന്നു വിളിക്കപ്പെടും നിങ്ങളോ അതിനെ കള്ളന്മാരുടെ ഗുഹയാക്കിത്തീർക്കുന്നു (വി. മത്തായി 21:12,13).

പരീശന്മാരുടെയും സാദൂക്യരുടെയും പുളിച്ചമാവിനെ (ദുരുപദേശങ്ങൾ) സൂക്ഷിച്ചുകൊള്ളുവാൻ ജനങ്ങളെ ഉപദേശിച്ചു. യഹൂദ മഹാപുരോഹിതന്മാരെയും ശാസ്ത്രിമാരെയും 'വെള്ളതേച്ച ശവക്കല്ലറകൾ' എന്നു വിളിച്ചു. മുൻപു പലതും സൂചിപ്പിച്ചിട്ടുള്ളതുകൊണ്ട് ആവർത്തിക്കുന്നില്ല. തെറ്റുകൾക്കെതിരെ ശക്തമായി പ്രതികരിച്ചതിനും സത്യത്തിനും നീതിക്കുംവേണ്ടി നിലകൊണ്ടതിനുമാണല്ലോ യഹൂദ മതമേധാവികളും മഹാപുരോഹിതന്മാരും, പരീശന്മാരും ശാസ്ത്രിമാരും യേശുവിനെ ക്രൂശിക്കാൻ മുറവിളികൂട്ടിയതും ക്രൂശിച്ചതും. എന്നാൽ യേശു ഉയിർത്തെഴുന്നേറ്റ് ലോകത്തെ ജയിച്ചു. സത്യവും നീതിയും ഉയിർത്തെഴുന്നേൽക്കും. സംശയമില്ല.

മാദ്ധ്യമങ്ങളിൽ ദിവസേന വന്നുകൊണ്ടിരിക്കുന്നതും അല്ലാത്തതുമായ വാർത്തകൾ യേശുവിന്റെ അനുയായികൾക്കും പ്രതിനിധികൾക്കും യോജിച്ചതാണോ എന്ന് സ്വയ വിമർശനം നടത്തിയാൽ നന്നായിരിക്കും.

കാലിത്തൊഴുത്തിൽ ജനിച്ച്, മീൻപിടുത്തക്കാരായ മുക്കുവരെ ശിഷ്യന്മാരാക്കി, സാധാരണക്കാരും സമൂഹത്തിൽ താഴെയ്ക്കിടയിലുള്ളവരുമായി മാത്രം സുഹൃത്ബന്ധം പുലർത്തി, മനുഷ്യർക്കുണ്ടായിരിക്കേണ്ട അടിസ്ഥാന നന്മകളെക്കുറിച്ച് രാപ്പകൽ ജനങ്ങളെ പ്രബോധിപ്പിക്കുകയും രോഗികൾക്കും അശരണർക്കും സഹായഹസ്തമായി പ്രവർത്തിക്കുകയും സമൂഹത്തിലെ തിന്മകളെയും അനീതികളെയും മുഖം നോക്കാതെ എതിർക്കുകയും ചെയ്ത മനുഷ്യപുത്രനായ യേശു എവിടെ? സമ്പത്തിന്റെയും അധികാരത്തിന്റെയും ആഡംബരങ്ങളുടെയും പിറകെ പോകുന്ന ഇന്നത്തെ ചില ക്രൈസ്തവ നേതൃത്വങ്ങൾ എവിടെ?

യേശുക്രിസ്തുവിന്റെ ജീവിതവും ഉപദേശങ്ങളും അടിസ്ഥാനമാക്കി സ്ഥാപിതമായ സഭ ക്രൈസ്തവമൂല്യങ്ങളിൽ നിന്ന് വ്യതിചലിച്ച് ഇന്നത്തെ ശോചനീയാവസ്ഥയിൽ എത്തിയതിന്റെ കാരണവും കാരണക്കാരും എന്തായാലും ആരായാലും സ്വയം തിരുത്തലിനു വിധേയമാകേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. അല്ലാത്തപക്ഷം യേശു യഹൂദ മതമേധാവികളുടെ മേൽ ഓങ്ങിയ ചാട്ടവാർ പതിക്കപ്പെടും എന്ന കാര്യത്തിൽ സംശയം വേണ്ട. ചില വിദേശരാജ്യങ്ങളിൽ സംഭവിച്ചതുപോലെ, ഒരു പക്ഷെ വരാനുള്ള തലമുറയിൽ ദേവാലയങ്ങൾ വാണിജ്യ/വിനോദ കേന്ദ്രങ്ങളായി രൂപമാറ്റം സംഭവിക്കാതിരിക്കാൻ പരിശ്രമിക്കാം. പ്രാർത്ഥിക്കാം.

●

## മാതൃകാ കുടുംബജീവിതം

*17 -ാം പേജ് തുടർച്ച*

യാതെ നിങ്ങൾ തന്നെ തുറന്ന് ചർച്ചചെയ്ത് അവസാനിപ്പിക്കണം. നിങ്ങളുടെ പ്രശ്നങ്ങൾ നിങ്ങൾ സ്വയം നീതീകരിക്കുവാൻ മറ്റുള്ളവരോട് (മാതാപിതാക്കളോടുപോലും) പറയാതിരിക്കുവാൻ ശ്രമിക്കുക. പറയാതെ നിർവ്വാഹമില്ലെങ്കിൽ മാത്രം പറയുക. തന്റെ ശരികളെ ഉയർത്തിക്കാട്ടുവാനും പങ്കാളിയെ കുറ്റം വിധിക്കാനുമായിരിക്കരുത് ആ പങ്കുവയ്ക്കൽ. മാത്രമല്ല പങ്കാളിയുടെ കുറ്റം സ്വയം പറയാതിരിക്കുകയും മറ്റുള്ളവർ പറയുവാൻ അനുവദിക്കാതിരിക്കുകയും വേണം. ചുരുക്കിപ്പറഞ്ഞാൽ നിങ്ങളുടെ സ്വകാര്യതകൾ നിവൃത്തിയുണ്ടെങ്കിൽ മറ്റുള്ളവരുടെ മുൻപിൽ വിളമ്പാതിരിക്കുക".

സംസാരിച്ചിരുന്ന് നേരം വൈകിയതറിഞ്ഞില്ല. കുട്ടികളെ കൂട്ടി നമുക്കു തിരികെപ്പോകാം. ബാക്കിയുള്ള കാര്യങ്ങൾ മറ്റൊരു ഒഴിവുദിവസത്തിൽ ചർച്ചചെയ്യാം. അച്ചൻ പറഞ്ഞു.

"അച്ചോ, അച്ചന്റെ വിഷയാവതരണത്തിൽ ഞങ്ങൾ മുങ്ങിപ്പോയതിനാൽ സമയം പോയതറിഞ്ഞില്ല. ഈ വില കൂടിയ അറിവുകൾ അച്ചൻ ഞങ്ങൾക്കു സമ്മാനിക്കുമ്പോൾ കുടുംബജീവിതത്തിന്റെ മഹത്വം ഞങ്ങൾക്ക് കൂടുതൽ ബോധ്യമാകുന്നു. ആയതിനാൽ അടുത്ത പ്രാവശ്യം ഞങ്ങളുടെ സുഹൃത്തുക്കളെകൂടി വിളിച്ചാലോ എന്നു കരുതുകയാണ്. അച്ചന് വിരോധമുണ്ടോ?.

ജോസഫ് ചോദിച്ചു.

"ഒരു വിരോധവുമില്ല. ആർക്കെങ്കിലും ഈ ചിന്തകൾ പ്രയോജനപ്പെടുന്നുവെങ്കിൽ വളരെ സന്തോഷം".

അച്ചൻ സമ്മതം അറിയിച്ചു.

"ലിസി, പിള്ളാരെ വിളിക്ക്. നേരം സന്ധ്യയാകുന്നു. നമുക്കു തിരികെപ്പോകാം" ജോസഫ് പറഞ്ഞു.

എല്ലാവരും പാർക്കിനോട് വിട പറഞ്ഞു. നല്ലയൊരു ഒഴിവുദിവസം കിട്ടിയതിൽ ദൈവത്തിന് നന്ദി പറഞ്ഞുകൊണ്ട് അവർ കാറിൽ കയറി. ജോസഫിന്റെ വീടിന്റെ മുൻപിൽ കാർ നിർത്തിയപ്പോഴാണ് അന്നമ്മയും ചാക്കോച്ചനും ഉണർന്നത്.

"ഗുഡ് നൈറ്റ്" അച്ചൻ നല്ലൊരു രാത്രി ആശംസിച്ചു തിരികെപ്പോയി. (തുടരും)

●

# ആത്മാവബോധം

ഡോ. ഐബി ജോസ് കിഴക്കേടത്ത്, റാന്നി

നമ്മുടെ ഉള്ളിന്റെ ഉള്ളിൽ ഉറങ്ങിക്കിടക്കുന്ന പരമമായ ആത്മഗുണങ്ങളും, ശാന്തിയും, ആനന്ദവും ഉണർത്തി ബോധ തലങ്ങളെ പ്രകാശിപ്പിക്കുക. പരിശുദ്ധാത്മാവിന്റെ ശക്തിയെക്കുറിച്ചുള്ള ബോധം ഏതു പ്രതികൂല സാഹചര്യങ്ങളിലും പരമാനന്ദവും ശുഭാപ്തി വിശ്വാസവും ശുഭപ്രതീക്ഷയും സമചിത്തതയും സമബുദ്ധിയും ഊർജ്ജവും ഉള്ളിൽ നിറയ്ക്കുന്നു. പരമമായ ആത്മജ്ഞാനം ഉള്ളിൽ പ്രകാശിപ്പിക്കുന്നു. അന്തരാളങ്ങളിൽ പരിശുദ്ധാത്മാവിന്റെ വരദാനങ്ങളുടെ ഉണർവ്വ് നിങ്ങളുടെ ഉള്ളിൽ ആത്മാവബോധമുള്ള ഒരു പുതിയ നിങ്ങളെ ഉയിർത്തെഴുന്നേൽപ്പിക്കും. പരിശുദ്ധാത്മാവിനെ തപസ്സുചെയ്താൽ പരമാത്മാവ് ഒരു പുതിയ നിങ്ങളെ വാർത്തെടുക്കുന്നു. അചഞ്ചലമായ ഏകാഗ്രതയും ധ്യാനവും ഒരു പുതിയ നിങ്ങളെ കൊത്തിയെടുക്കുന്നു. നമ്മുടെ ഏകാഗ്രമായ പ്രാർത്ഥനകളിൽ 'ആത്മഗുരു ചൈതന്യം' നമ്മുടെ ഉള്ളിൽ പ്രകാശിക്കുന്നു. ഏതു പ്രതിസന്ധിഘട്ടങ്ങളിലും നമ്മുടെയുള്ളിലെ 'ഗുരു ചൈതന്യം' ഒരു വഴിവിളക്കായി, സകല പ്രശ്നങ്ങൾക്കും സംശയങ്ങൾക്കും, ചോദ്യങ്ങൾക്കുമുള്ള ഉത്തരമായി നമ്മെ വഴിതെളിയിക്കുന്നു. പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള അവബോധം അഥവാ ബോധോദയം നമുക്ക് ആത്മധൈര്യവും, ആത്മവിശ്വാസവും നൽകുന്നു. ഭയത്തിന്റെ അന്ധകാരമകലുന്നു. ലൗകിക വിഷയാസക്തിയിൽ മരവിക്കാതെ സത്യവിശുദ്ധിയുടെ ആത്മീയ ഊർജ്ജം ഉള്ളിൽ നിറയ്ക്കുന്നു.

ആത്മാവബോധ ജ്യോതിർദീപം ഉള്ളിൽ പ്രകാശിക്കുവാൻ, ബോധോദയം ലഭിക്കുവാൻ നാം എന്തൊക്കെ ചെയ്യണമെന്ന് നോക്കാം.

**1. വർത്തമാനത്തിൽ നിലനിൽക്കുക**

കഴിഞ്ഞ കാലത്തെക്കുറിച്ച് ചിന്തിച്ചും, വരുവാനിരിക്കുന്ന കാലത്തെക്കുറിച്ച് ചിന്തിച്ചും അമിത ചിന്തയും, വിഷാദവും, നിരാശയും, ഉത്കണ്ഠയുമൊക്കെയായി നമ്മുടെ വർത്തമാനകാലത്തെ (Present tense) നാം ഇല്ലാതാക്കുകയാണ്. ഉയർന്ന ബോധനിലവാരത്തിലെത്തി പരിശുദ്ധാത്മ നിറവിൽ ബോധോദയം പ്രാപിക്കണമെങ്കിൽ ഇന്നിന്റെ (Present tense) ഈ നിമിഷത്തിന്റെ നിഷ്കളങ്കതയും, വിശുദ്ധിയും, മനോഹാരിതയും, പരമാനന്ദത്തിന്റെ പരമോന്നതിയും നമ്മുടെ ഉള്ളിൽ നാം അനുഭവിച്ച് ആസ്വദിച്ച് ജീവിക്കണം. ഇന്നലെകളുടെ (Past tense) നഷ്ടബോധവും കുറ്റബോധവും, അമിത ദുഃഖചിന്തകളും, നാളെയെക്കുറിച്ചുള്ള (future) ഉത്കണ്ഠകളും ഒഴിവാക്കുക. ചിന്തകൾ ഒഴിഞ്ഞ ശൂന്യമായ മനസ്സിൽ ഇന്നിന്റെ ഈ നിമിഷത്തിന്റെ നിത്യവിശുദ്ധിയുടെ സത്യലോകം അനുഭവിച്ച് ഉണർത്തി ഉറപ്പിക്കണം. ഭൂതവും ഭാവിയും ഉപാധികളില്ലാതെ നിഷ്പക്ഷമായി അംഗീകരിക്കുക, സ്നേഹിക്കുക. വർത്തമാനത്തിന്റെ ഈ നിമിഷത്തിന്റെ ശുദ്ധബോധത്തിൽ ലയിപ്പിക്കുക.




ഭാവിയെക്കുറിച്ചുള്ള സ്വപ്നങ്ങളും സങ്കല്പങ്ങളും ഭൂതകാലത്തിന്റെ നിരാശയിലും അഹം ബോധത്തിലും ചിന്തകൾ പെരുപ്പിച്ച് ബോധത്തെ മലിനമാക്കി മറയ്ക്കാതെ ചിന്തകളൊഴിഞ്ഞ തെളിഞ്ഞ ആകാശം പോലെ 'ആത്മമനസ്സ്' വിരിയിച്ചെടുക്കുക. അമിത ചിന്തകളും ഉത്കണ്ഠയും ആത്മാവബോധ വികസനത്തിന് തടസ്സമാണ്. നാം കൂടുതൽ ചിന്തിക്കുന്നത് ഇന്നലെകളെക്കുറിച്ചും നാളെകളെക്കുറിച്ചുമാണ്. ഭാവിയിലും ഭൂതത്തിലും വർത്തമാനത്തിന്റെ മനോഹാരിത നഷ്ടപ്പെടുത്തരുത്. വർത്തമാനകാലത്തിൽ മനസ്സ്/ബോധം ഉറപ്പിക്കുമ്പോൾ ലഭിക്കുന്ന ശക്തിയും സൗഖ്യവും തിരിച്ചറിയുക. ഇന്നലെകളിൽ നിന്നും പാഠങ്ങൾ ഉൾക്കൊണ്ട് ഇന്നത്തെ ഓരോ നിമിഷവും പ്രചോദിക്കപ്പെട്ടയവസ്ഥയിൽ നന്മനിറഞ്ഞ നാളെകളുടെ സുന്ദരഅനുഭൂതികളെ ശുഭാപ്തി വിശ്വാസത്തോട് നേരിടുക. വർത്തമാന കാലത്തിൽ മനസ്സ് ഉറപ്പിക്കുന്നതിനുള്ള അവബോധവും ഏകാഗ്രതയും സ്വന്തമാക്കുക.

**2. നിശബ്ദത (മഹാമൗനം)** – മനുഷ്യരുമായി ആശയവിനിമയം നടത്തുന്നത് മൗനത്തിന്റെ ഭാഷയിലൂടെയാണ്. നിശബ്ദവും, നിഷ്കളങ്കവും നിസ്വാർത്ഥവുമായ മനസ്സിലാണ് ദൈവം എന്ന 'മഹാബോധം' ആത്മജ്യോതിസ്സായി ഉദിക്കുന്നത്. സംസാരം നിർത്തി ഉള്ളിലേക്കു തിരിയുന്നതോടൊപ്പം മനസ്സിന്റെ മൗനവും, ചിന്തകളുടെ നിശ്ചലതയും അത്യാവശ്യമാണ്. (Stillness of mind). ഒഴിഞ്ഞ പാത്രത്തിലേ പകരാനാവൂ. അതുപോലെ ചിന്തകൾ ഒഴിഞ്ഞ ശൂന്യമായ മനസ്സിലെ ആത്മജ്ഞാനം പകരപ്പെടൂ.

**3. നിരീക്ഷണം–** ശുദ്ധബോധം/സുബോധം ഉണ്ടാവാൻ അവനവനെ തന്നെ ഏകാഗ്രതയോടെ നിരീക്ഷിക്കണം. അവനവന്റെ ചിന്തകളെ, സങ്കല്പങ്ങളെ, വികാരവിചാരങ്ങളെ, ചലനങ്ങളെ നിരീക്ഷിക്കുക. അവയുടെ മുൻപിൽ ഒരു സാക്ഷീഭാവത്തിൽ നിൽക്കുക. ഇവയൊന്നും നമ്മിൽ ഇഴുകി ചേരാതിരിക്കുവാൻ, മനസ്സിന്റെ ഭാഗമാകാതിരിക്കുവാൻ, സ്വാധീനിക്കാതിരിക്കുവാൻ. ചേമ്പിലയിൽ വെള്ളം വീഴുമ്പോൾ തങ്ങി നിൽക്കാതെ ഒഴുകിപ്പോകുംപോലെ ബാധിക്കുവാതിരിക്കുവാൻ അവനവന്റെ ചിന്തകൾക്കു മുൻപിൽ മൂകസാക്ഷിയാവുക.

**4. ശ്വാസത്തിൽ ശ്രദ്ധിക്കുക**

ശ്വാസത്തിൽ തന്നെ ശ്രദ്ധിച്ചുകൊണ്ടിരുന്നാൽ വർത്തമാനത്തിലേയ്ക്ക് തിരിച്ചുവരാം. ഉള്ളിലേയ്ക്ക് എടുക്കുന്നതും

പുറത്തേക്കു വിടുന്നതുമായ ശ്വാസത്തെ ശ്രദ്ധയോടെ മറ്റു ചിന്തകളില്ലാതെ ധ്യാനവിഷയമാക്കുക/നിരീക്ഷിക്കുക. ശ്വാസത്തിന്റെ താളം, വ്യാപ്തി, അളവ്, എണ്ണം തുടങ്ങിവയെക്കുറിച്ച് കൃത്യമായി ശ്രദ്ധിക്കുക. മറ്റൊരു ലോകത്തിലേക്ക്, ഒരു പുതിയ ബോധത്തിലേയ്ക്ക് പ്രവേശിക്കുവാനുള്ള വാതിലാണ് ശ്വാസോച്ഛ്വാസത്തെ ശ്രദ്ധിച്ചു ചെയ്യുന്ന ധ്യാനം.

**5. ഞാനെന്ന ഭാവം/അഹംബോധം ഒഴിവാക്കുക**

അഹം കേന്ദ്രീകൃത വ്യക്തിത്വം (Ego centric personality) ഒഴിവാക്കുക. നമ്മുടെ നന്മ, ഉയർച്ച, വിജയം, വിശുദ്ധി, നേട്ടം തുടങ്ങിയവയെക്കുറിച്ച് 'ഞാൻ', 'എന്റേത്' എന്ന ബോധത്തിൽ നിന്ന് ഉരുത്തിരിയുന്ന അമിത ചിന്തകളുടെ ആസ്വാദനം നമ്മെ യഥാർത്ഥ ദൈവാവബോധത്തിൽ നിന്നും, വർത്തമാനകാലത്തിൽ നിന്നും അകറ്റുന്നു. "അഹങ്കാരം നാശത്തിനു മുന്നോടിയാണെന്ന്" ബൈബിൾ പറയുന്നു. വിശുദ്ധിയെക്കുറിച്ചാണെങ്കിൽ പോലും അതിന്റെ അഹംബോധം നമ്മെ വിജയത്തിൽ നിന്നകറ്റി ചിന്തകൾ പെരുപ്പിക്കുന്നു. ഞാൻ എന്ന പരിമിതമായ ബോധത്തിൽ ദൈവത്തെയും, പ്രപഞ്ചത്തെയും, മറ്റുള്ള സഹജീവികളെയും ലയിപ്പിച്ച് 'ഞാൻ', 'എന്റേത്' എന്നത് 'നാം', 'നമ്മുടേത്' എന്നൊക്കെ ഒരുമയോടെ, ഒറ്റക്കെട്ടായി പറയാൻ സാധിക്കുമ്പോൾ 'ഞാൻ' അലിഞ്ഞില്ലാതാവുന്നു.

**6. കാമ ക്രോധാദികളെ അതിജീവിക്കുക.**

ചിന്തകളിൽ അഹങ്കാരത്തിന്റെ കാമം, ക്രോധം, ലോഭം, മോഹം, മദമാത്സര്യം, അസൂയ, സ്വാർത്ഥത, വക്രത തുടങ്ങിയ മഹാവിഷങ്ങൾ കലർത്തി മനസ്സ് മലിനമാക്കുന്ന പ്രവണത ഒഴിവാക്കുക. ഇത്തരം മഹാവിഷയങ്ങൾ ചിന്തയിലും രക്തത്തിലും നിറയുമ്പോൾ ശാരീരികവും മാനസികവുമായ രോഗങ്ങൾ ഉണ്ടാകുന്നു. കാമാത് സംജായതേ ക്രോധം... ആഗ്രഹങ്ങളിൽ നിന്നും ദുഃഖം, നിരാശ,ക്രോധം, ബുദ്ധിനാശം, സർവ്വനാശം സംഭവിക്കുന്നു. മോഹങ്ങളും, മോഹഭംഗങ്ങളും നിരാശയുമെല്ലാം നമ്മെ വർത്തമാനകാലത്തിൽ നിന്നകറ്റുന്നു. ഇവയെല്ലാം ബോധോദയ പ്രാപ്തിക്കു തടസ്സം ആണ്. ഇത്തരം മഹാവിഷയത്തെ പരിശുദ്ധാത്മാവിന്റെ വരങ്ങളായ സ്നേഹം, സന്തോഷം, സമാധാനം, ദയ, പരോപകാരം, സൗമ്യത, ഇന്ദ്രിയവിജയം കൊണ്ട് നേരിടണം. പരിശുദ്ധാത്മാവിന്റെ വരങ്ങൾ നമുക്ക് ശാരീരികവും മാനസികവുമായ ആരോഗ്യം നൽകി ചിന്തകളെ വിശുദ്ധീകരിച്ച് പ്രസാദാത്മകവും, ക്രിയാത്മകവും ആക്കുന്നു. ഉയർന്ന ദൈവാവബോധത്തിന്റെ ഊർജ്ജ നിലവാരങ്ങളിൽ നിന്നുകൊണ്ട് ദൈവാത്മബോധത്തിൽ മനസ്സ് സ്ഥിരമായി പ്രതിഷ്ഠിച്ച് ആത്മീയ ചിന്തകളിൽ വളരെ ഉയർന്ന നിലവാരം പുലർത്തുന്ന വിശുദ്ധ ക്രിയാത്മക ചിന്തകളിൽ വിശുദ്ധാത്മാവിന്റെ പുണ്യത്തിൽ മനസ്സ് ലയിപ്പിക്കണം. ചിന്തകൾ കുറഞ്ഞ് ഇല്ലാതെയാവുമ്പോൾ ബോധോദയം ലഭിക്കുന്നു. ജീവാത്മാവ് പരമാത്മാവിലലിഞ്ഞ് മോക്ഷവും, പരമാനന്ദവും, നിത്യജീവനും പ്രാപിക്കുന്നു.

നെഗറ്റീവ് ചിന്തകൾ അമിതമായി മനസ്സിനെ കീഴടക്കുമ്പോഴാണ് സ്വയം നശിക്കുന്നതും സമൂഹത്തെ നശിപ്പിക്കാൻ തോന്നുന്നതും, സാമൂഹ്യവിരുദ്ധർ ഉയർത്തെഴുന്നേൽക്കുന്നതും.

**7. സ്നേഹം:**

മുൻവിധികളില്ലാതെ ഉപാധികളില്ലാതെ പരിധികളില്ലാതെ നിഷ്കളങ്കമായി അവനവനെയും അപരനെയും ദൈവത്തേയും സ്നേഹിക്കുമ്പോൾ ആത്മാവബോധം സൂര്യതേജസ്സുപോലെ പ്രകാശിക്കും. സ്നേഹം സർവ്വതും വിശുദ്ധീകരിക്കുന്നു.

**8. ശ്രദ്ധാപൂർണ്ണത (Mindfullness)**

പൂർണ്ണമായി ശ്രദ്ധിക്കുക. എന്തുചെയ്താലും അതിലേക്ക് പരിപൂർണ്ണ ശ്രദ്ധയൂന്നി ചെയ്യുക. Aware ആകുക. മുൻവിധിയില്ലാതെ, ലേബലുകളൊന്നും ചേർക്കാതെ തുറന്ന മനസ്സോടുകൂടി മനഃപൂർവ്വം വർത്തമാനകാലത്തിൽ ശ്രദ്ധിക്കുന്നതിലൂടെ നമുക്ക് ലഭിക്കുന്ന കഴിവ്/തിരിച്ചറിവാണ് ശ്രദ്ധാപൂർണ്ണത (Mindfullness). ശ്വാസത്തിൽ ശ്രദ്ധിക്കുക. ശരീരത്തെപ്പറ്റി ശ്രദ്ധിക്കുക. വികാരങ്ങളെപ്പറ്റി ശ്രദ്ധിക്കുക. ചിന്തകളെ ശ്രദ്ധിക്കുക. ശ്രദ്ധപൂർണ്ണതയിൽ തലച്ചോറിന് skill/നിപുണത ലഭിക്കുന്നു. വിഷാദരോഗം, ഉത്കണ്ഠ, ലഹരി ഉപയോഗം, കൊലപാതകങ്ങൾ, ആത്മഹത്യകൾ തുടങ്ങിയവ പെരുകുന്ന ഇന്നത്തെ കേരളത്തിൽ Mindfullness അഥവാ ശ്രദ്ധാപൂർണ്ണത എന്ന മനഃശാസ്ത്ര അനുബന്ധ ചികിത്സ അത്യാവശ്യമാണ്. കഠിനമായ മനോരോഗ ചികിത്സയിലായിരിക്കുമ്പോൾ ശ്രദ്ധാപൂർണ്ണത പ്രാക്ടീസ് ചെയ്താൽ രോഗ കാഠിന്യം കുറയും. പ്രാർത്ഥിക്കുമ്പോൾ ഓരോ വരിയും ശ്രദ്ധിച്ചു പ്രാർത്ഥിക്കുക. തലച്ചോറിന്റെ മുൻഭാഗം Pre frontal cortex ശ്രദ്ധയും ഏകാഗ്രതയും വർദ്ധിപ്പിക്കുന്നു. നിശ്ചിത സമയം മുപ്പതു ആഴ്ച Mindfullness പരിശീലിച്ചാൽ തലച്ചോറിന്റെ ചിന്തിക്കുന്ന ഭാഗത്തിന്റെ കട്ടികൂടും. പ്രായമാകുന്നവരിൽ കാണുന്ന മേധാക്ഷയം (dementia) എന്ന മറവി രോഗത്തിന്റെ തീവ്രത കുറയ്ക്കുവാനും ശ്രദ്ധാപൂർണ്ണത വളരെ നല്ലതാണ്.

**9. ആഴമായ ഉറക്കം or deepsleep**

ആഴമായ ഉറക്കത്തിലും ചിന്തകൾ ഉണ്ടാവില്ല. മനസ്സ് ശാന്തമാവും. സമാധി അവസ്ഥപോലെയാവും. delta wave ആവും EEG യിൽ തെളിയുന്നത്. ഈ അവസ്ഥയിൽ ഉണർന്നാൽ **ബോധോദയസുഖം** ലഭിക്കും. അതുപോലെതന്നെ ആഴമായ ധ്യാനവും, ശ്രദ്ധാപൂർണ്ണമായ പ്രാർത്ഥനയും തലച്ചോറിന്റെ നിപുണതയും ആരോഗ്യവും വർദ്ധിപ്പിക്കും. ഇത് മസ്തിഷ്ക പ്ലാസ്തികത Neuro plasticity വർദ്ധിപ്പിക്കുന്നു. മസ്തിഷ്കത്തിന് ഘടനാപരമായും ക്രിയാപരമായും ഗുണകരമായ വ്യതിയാനങ്ങൾ സംഭവിക്കുന്നു എന്ന് പഠന റിപ്പോർട്ട്, സ്കാൻ റിപ്പോർട്ട് എന്നിവ തെളിയിക്കുന്നു.

**10. അദ്വൈതം.**

അല്പം പോലും ദ്വൈതം (രണ്ട്) ഇല്ലാതെയിരിക്കുക. പൂർണ്ണമായി ദൈവത്തിൽ, പ്രപഞ്ചാതീത പരിശുദ്ധാത്മശക്തിയിൽ അലിഞ്ഞ് ചേർന്ന് ഒന്നായിരിക്കുക. 'പൂർണ്ണഹൃദയത്തോടും, പൂർണ്ണ ആത്മാവോടും, പൂർണ്ണമനസ്സോടും ദൈവത്തെ സ്നേഹിക്കുക, നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക' എന്നിങ്ങനെ ഒരുമിപ്പിക്കുന്ന, ഒന്നാകുന്ന, രണ്ടില്ലാതാക്കുന്ന കല്പനയാണ് ക്രിസ്തുദേവൻ പറഞ്ഞിരിക്കുന്ന ഏറ്റവും വലിയ കല്പന.

വിവിധ ചിന്തകളാലും, വികാര വിചാരങ്ങളാലും പ്രക്ഷുബ്ധമായി 'മനസ്സ്' പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. നാം ശരീരമല്ല, മനസ്സല്ല, ആത്മാവാണ് എന്ന ആത്മാവബോധം ഉണ്ടാക്കിയെടുക്കുക. ശുദ്ധചൈതന്യസ്വരൂപമായ ആത്മാവാണ് താൻ എന്ന ബോധോദയം സകല പ്രശ്നങ്ങളും ദുഃഖങ്ങളും അകറ്റുന്നു. നമ്മുടെയുള്ളിലെ 'ജീവാത്മാവ്' പരിശുദ്ധാത്മാവിൽ പൂർണ്ണമായി ലയിച്ചുചേർന്ന് ഒന്നാകുമ്പോൾ നമുക്ക് വലിയ ആത്മശക്തിയും, ആത്മധൈര്യവും, ആത്മനിറവും ശുദ്ധ ആത്മാവബോധ പ്രകാശവും ലഭിക്കുന്നു.

# സ്ത്രീകളുടെ വസ്ത്രധാരണം

ഡോ. ഏലിയാമ്മ ഏബ്രഹാം, എണ്ണിക്കാട്



1 തീമോത്തിയോസ് 2:9 മുതലുള്ള വാക്യങ്ങളിൽ പറയുംപോലെ സ്ത്രീകൾ യോഗ്യമായ വസ്ത്രം ധരിച്ച് ലജ്ജാശീലത്തോടും സുബോധത്തോടുംകൂടെ തങ്ങളെ അലങ്കരിക്കണം. പൊന്ന്, മുത്ത്, വിലയേറിയ വസ്ത്രം എന്നിവകൊണ്ടല്ല, ദൈവഭക്തിയെ സ്വീകരിക്കുന്ന സ്ത്രീകൾക്ക് ഉചിതമാകുംവണ്ണം സൽപ്രവർത്തികളെക്കൊണ്ടത്രേ അലങ്കരിക്കേണ്ടത്.

ആകയാൽ മാന്യമായ രീതിയിൽ വസ്ത്രം ധരിക്കണമെന്നുള്ളത് ആവശ്യമല്ല, അത്യാവശ്യമാണ്. കാരണം മറ്റുള്ളവരുടെ മുന്നിൽ മാന്യതയോടെ ജീവിപ്പാൻ നമ്മുടെ വസ്ത്രധാരണം നമ്മെ വളരെയധികം സഹായിക്കുന്നു എന്നത് ഒരു സത്യം മാത്രം.

പഴയ തലമുറയിലെ ചട്ടയും മുണ്ടും മാന്യമായ വേഷം. അത് അന്യംനിന്നു പോയി. പുതിയ തലമുറയിലെ സാരി, ചുരിദാർ, പാവാട, ബ്ലൗസ് എല്ലാം മാന്യമായ വേഷം തന്നെ. അത് മാന്യമായ രീതിയിൽ ധരിക്കണം എന്നു മാത്രം.

നമ്മുടെ ശരീരം നമുക്കുള്ളതാണ്. അതിന്റെ ആകാരഭംഗിയും വടിവും ഒന്നും മറ്റുള്ളവരുടെ മുന്നിൽ പ്രദർശിപ്പിക്കേണ്ട ആവശ്യം ഇല്ല. നമ്മുടെ ശാരീരിക അളവുകൾ മറ്റുള്ളവർക്ക് ദൃശ്യവല്ക്കരിച്ചിട്ട് മാനഭംഗപ്പെടുത്തി എന്ന് പറയുന്നതിൽ യാതൊരു ന്യായീകരണവും ഇല്ല.

ബ്ലൗസിന്റെ കഴുത്ത് വെട്ടിത്തുറന്നും, സാരി ഉടുക്കലിലൂടെ വയറ് മുഴുവനും കാണിച്ചും ചുരിദാറിലൂടെ വശക്കാഴ്ചകളും പുറംകാഴ്ചകളും കാണിച്ചും കൂട്ടത്തിൽ തണുപ്പുരാജ്യങ്ങളിലെ അടിവസ്ത്രമായ ഒരു ലെഗിൻസ് ഇട്ടും വളരെ വികൃതമായ രീതിയിൽ സ്ത്രീകളെ കാണുന്നത് തികച്ചും അരോചകം തന്നെ. മാത്രവുമല്ല കാറ്റുപോലും കയറുവാൻ അനുവദിക്കാത്തവിധം ഇറുങ്ങിയ ജീൻസും ടോപ്പും ധരിക്കുവാനാണ് ഇന്നത്തെ യുവതലമുറയ്ക്ക് ഇഷ്ടം എന്നുള്ളതും വളരെ വിചിത്രവും പരിതാപകരവും.

എന്നാൽ ആവർത്തനപുസ്തകം 22:5 ൽ നാം വായിക്കുന്നു പുരുഷന്റെ വസ്ത്രം സ്ത്രീയും സ്ത്രീയുടെ വസ്ത്രം പുരുഷനും ധരിക്കരുത് എന്ന്. അങ്ങനെ ചെയ്യുന്നവരെയൊക്കെയും നിന്റെ ദൈവമായ യഹോവയ്ക്ക് വെറുപ്പാകുന്നു എന്നും.

ഞാൻ ഈ കുറിപ്പ് എഴുതുവാൻ എന്നെ പ്രേരിപ്പിച്ചത് ഈ അടുത്ത കാലത്ത് സാമുദായിക ലവലിൽ നടന്ന ഒരു കൂട്ടായ്മയിൽ കണ്ട കാഴ്ചകളാണ്.

സദൃശ്യവാക്യങ്ങൾ 22:6 ൽ പറയുംപോലെ ബാലൻ നടക്കേണ്ടുന്ന വഴി അവനെ അഭ്യസിപ്പിക്കുക, വൃദ്ധനായാലും അവൻ അത് വിട്ടുമാറുകയില്ല എന്ന്. ആയതിനാൽ പ്രത്യേകിച്ചു മാതാക്കളായ നാം നമ്മുടെ കുഞ്ഞുങ്ങളെ ചെറുപ്പം മുതൽ മാന്യമായ രീതിയിൽ വസ്ത്രം ധരിക്കുവാൻ പഠിപ്പിക്കണം. നമ്മുടെ ശരീരം മറ്റുള്ളവർക്ക് പ്രദർശന വസ്തുവായി തീരാനുള്ളതല്ല എന്നും നാം കുഞ്ഞുങ്ങൾക്ക് മനസ്സിലാക്കി കൊടുക്കണം.

1. തീമോത്തിയോസ് 2:13ൽ കാണുന്നു ആദാം ആദ്യം നിർമ്മിക്കപ്പെട്ടു പിന്നെ ഹവ്വാ. എന്നാൽ ആദാം അല്ല സ്ത്രീ അത്രേ വഞ്ചിക്കപ്പെട്ടത് ആകയാൽ ലംഘനത്തിൽ അകപ്പെടാതിരിക്കുവാൻ നമ്മുടെ വസ്ത്രധാരണത്തിൽ നാം പ്രത്യേകം ശ്രദ്ധിക്കുക.



# കൗമാര പ്രണയ ദീപം

**അഞ്ചു ലിജോ (MSW), ഇളവൻകളം, വാലടി**

**ശൈ**ശവം, കൗമാരം, യൗവ്വനം, വാർദ്ധക്യം എന്നിങ്ങനെ പല കാലഘട്ടങ്ങളിലൂടെ മനുഷ്യ ജീവിതം കടന്നു പോകുന്നു. ശൈശവത്തിൽ നിന്നും യൗവ്വനത്തിലേക്കു പ്രവേശിക്കുന്നതിനു തൊട്ടു മുമ്പുള്ള കാലഘട്ടമാണ് കൗമാരം. ലോകാരോഗ്യ സംഘടനയുടെ കണക്കു പ്രകാരം 10 നും 19 നും ഇടയ്ക്കുള്ള കാലഘട്ടമാണ് കൗമാരപ്രായം. ശാരീരികവും, മാനസികവും, വൈകാരികവുമായ വ്യതിയാനങ്ങൾ ഈ പ്രായത്തിൽ ഉണ്ടാകുന്നു. സ്വന്തം ശരീരത്തിലും മനസ്സിലും ഉണ്ടാകുന്ന പ്രായത്തിനനുസരിച്ചുള്ള വ്യതിയാനങ്ങളെക്കുറിച്ചുള്ള അവബോധവും ആത്മവിശ്വാസവും കൗമാര പ്രായക്കാർ വളർത്തിയെടുക്കണം. വീട്ടിൽ മാതാപിതാക്കളും, സ്കൂളിൽ അദ്ധ്യാപകരും ആരോഗ്യകരമായ ലൈംഗിക വിജ്ഞാനം കുട്ടികൾക്കു പകർന്നു നൽകണം. കൃത്യമായ സമയത്ത് ശരിയായ അറിവു ലഭിച്ചില്ലെങ്കിൽ തെറ്റായ വഴികളിലൂടെ വിവരങ്ങൾ ശേഖരിക്കുവാൻ ശ്രമിച്ച് കൗമാര പ്രായക്കാരായ കുട്ടികൾ നിരവധി ചൂഷണങ്ങൾക്കും വിധേയരാവാൻ സാധ്യതയുണ്ട്. ശരിയായ ലൈംഗിക വിദ്യാഭ്യാസത്തിന്റെ അഭാവമാണ് ഇന്ന് സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ നടക്കുന്ന അതിക്രമങ്ങൾക്കു കാരണം.

ഒരാൺകുഞ്ഞിനെ പിതാവാകാനും, ഒരു പെൺകുഞ്ഞിനെ മാതാവാകാനുമുള്ള സജ്ജീകരണങ്ങളോടു കൂടിയാണ് ഈശ്വരൻ സൃഷ്ടിക്കുന്നത്. മനുഷ്യ ശരീരം ഈശ്വരൻ വസിക്കുന്ന ക്ഷേത്രമാണെന്ന് എല്ലാ മതങ്ങളും പറയുന്നു. ശരീരമാകുന്ന ദേവാലയം വൃത്തിയിലും വെടിപ്പിലും വിശുദ്ധിയിലും കാത്തു സൂക്ഷിച്ച് നമ്മുടെ ഉള്ളിന്റെ ഉള്ളറകളിൽ വാണരുളുന്ന ജഗദീശ്വരന് ദിവസവും പൂജകൾ അർപ്പിക്കേണ്ട പൂജാരികളാണ് നാം ഓരോരുത്തരും.

മനുഷ്യവർഗ്ഗത്തിന്റെ നിലനിൽപ്പിനായി ദൈവം മനുഷ്യനിൽ നിവേശിപ്പിച്ചിരിക്കുന്ന വരങ്ങളാണ് പ്രണയവും, ലൈംഗികവികാരങ്ങളും. "പ്രേമം മരണംപോലെ ബലമുള്ളതും, പത്നീവ്രതശങ്ക പാതാളംപോലെ കടുപ്പമുള്ളതും ആകുന്നു; അതിന്റെ ജ്വലനം അഗ്നിജ്വലനവും ഒരു ദിവ്യ ജ്വാലയും തന്നെ. ഏറിയ വെള്ളങ്ങൾ പ്രേമത്തെ കെടുപ്പാൻ പോരാ; നദികൾ അതിനെ മുക്കിക്കളകയില്ല". (ഉത്തമഗീതം 8:6-7). മരണം പോലെ ബലമുള്ളതും അഗ്നി ജ്വലനവുമായ പ്രേമത്തെ കെടുത്താനോ, മുക്കികളയുവാനോ ഒരു ജലപ്രവാഹത്തിനും ശക്തിയില്ലെന്നു ബൈബിൾ പറയുന്നു. സഭയാം മണവാട്ടിയുടെ വീണ്ടെടുപ്പിനു വേണ്ടി പീഢകൾ സഹിച്ച് ക്രൂശിൽ ബലിയായി സ്വന്തം ജീവിതം പകുത്തു തന്നതിൽ പരമൊരു സ്നേഹം വേറെയില്ലെന്ന് യേശു മണവാളന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. പ്രണയത്തെക്കുറിച്ച് പഠനം നടത്തിയ ന്യൂ ജഴ്സി Rutgers University യിലെ ഗവേഷകയായ ഹെലൻ ഫിഷർ പ്രണയത്തിന്റെ മൂന്നു ഘട്ടങ്ങളെക്കുറിച്ച് 'Why we Love' 'The nature and chemistry of Love' എന്ന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. Lust (ആസക്തി), Attraction (ആകർഷണം), Attachment (അടുപ്പം) എന്നിങ്ങനെ മൂന്നു ഘട്ടങ്ങളിലായി പ്രണയത്തിന്റെ തുടക്കവും, വളർച്ചയും ശാസ്ത്രീയമായി ഫിഷർ തെളിയിച്ചിരിക്കുന്നു.

**ആസക്തി അഥവാ ഭ്രമമെന്ന** ആദ്യഘട്ടത്തിൽ Testosterone, oestrogen എന്ന ഹോർമോണുകളുടെ പ്രവർത്തന ഫലമായി കടുത്ത ലൈംഗികാസക്തി ഉണ്ടാകുന്നു. ഈ ഘട്ടത്തിൽ എതിർ ലിംഗത്തിൽപെട്ടവരുടെ മനസ്സിനോടല്ല, ശരീരത്തോടാണ് ഭ്രമം. ആരെ കണ്ടാലും ലൈംഗിക വികാരങ്ങളെ തൃപ്തിപ്പെടുത്തുവാനുള്ള വിശപ്പുണ്ടാകുന്നു.

**ആകർഷണം-** എന്ന രണ്ടാം ഘട്ടത്തിലേക്കു കടക്കുമ്പോൾ തലച്ചോറിലെ Monoamines എന്നറിയപ്പെടുന്ന Dopamine എന്ന ഒരു കൂട്ടം Neurotransmitter - കളുടെ പ്രവർത്തന ഫലമായി ശരീരത്തോടു തോന്നുന്ന ആകർഷണം മനസ്സിനോടും തോന്നുന്നു. ഒരിണയിൽ മനസ്സും ശരീരവും ശ്രദ്ധ കേന്ദ്രീകരിക്കുന്നു. Dopamine ന്റെ പ്രവർത്തനഫലമായി പ്രണയജ്വരം ഉണ്ടാകുന്നു. ദിവാ സ്വപ്നങ്ങൾ കണ്ടു തുടങ്ങുന്നു. പിന്നെ ഊണിലും, ഉറക്കത്തിലും പഠനത്തിലും, സ്കൂളിലും വീട്ടിലുമെല്ലാം മനസ്സിൽ തെളിയുന്നത് ഒരേ ഒരു രൂപം മാത്രം. Dopamine-ന്റെ അളവു വർദ്ധിക്കുമ്പോൾ വിമർശന ബുദ്ധിയേയും, സമൂഹത്തിന്റെ വിലയിരുത്തലുകളുമായും ബന്ധപ്പെട്ട

തലച്ചോറിന്റെ ഭാഗങ്ങൾ താത്കാലികമായി പണിമുടക്കുന്നു. തലച്ചോറിൽ പ്രണയ വികാരങ്ങളും, പ്രണയ ചിന്തകളും മാത്രം നില നിൽക്കുന്നു. തന്മൂലം മനസ്സ് അന്ധമാകുന്നു. അതു കൊണ്ടാവാം Love is blind എന്നു പറയുന്നത്.

ആകർഷണം മൂർച്ഛിക്കുന്നതോടെ രാസ വസ്തുവിൽ വീണ്ടും വ്യതിയാനം സംഭവിക്കുന്നു. Seratonin എന്ന ഹോർമോണിന്റെ പ്രവർത്തന ഫലമായി പ്രണയം ഒരു തരം ഉന്മാദാവസ്ഥയിലേക്കു നീങ്ങുന്നു. അതുകൊണ്ടാവാം കവിയും കാമുകനും ഭ്രാന്തനും ഒരുപോലെയാണെന്ന് പറയപ്പെടുന്നത്. പ്രണയം തലയ്ക്കു പിടിക്കുന്ന ഘട്ടത്തിൽ Seratonin-ന്റെ അളവ് ക്രമാതീതമായി കുറയുന്നതിന്റെ ഫലമായി വിഷാദം, ഉത്കണ്ഠ, മുതലായ മാനസിക പ്രശ്നങ്ങൾ ഉണ്ടാകുന്നു. 'പ്രണയത്തിന്റെ ഭാവി എന്താകും', 'പ്രണയം നഷ്ടമാകുമോ' മുതലായ ആകുല ചിന്തകളാൽ മനസ്സ് തളരുന്നു. ഇനിയൊരിക്കലും പിരിയാൻ പറ്റില്ല എന്ന മാനസിക അവസ്ഥയിലേക്കു പ്രണയം വളരുന്നു. ഇതു കേവലം ആകർഷണത്തിന്റെ കാല്പനിക ഭ്രമങ്ങൾ മാത്രമാണെന്ന് കൗമാര പ്രായക്കാർ തിരിച്ചറിയണം.

**അടുപ്പം അഥവാ attachment-** എന്ന അവസാന ഘട്ടത്തിൽ Oxytocin, Vasopressini എന്ന ഹോർമോണുകളുടെ പ്രവർത്തനഫലമായി ആകർഷണം അടുപ്പമായി മാറുന്നു. എന്നും നിലനിൽക്കുന്ന ആത്മബന്ധത്തിലേക്കും കുടുംബ ബന്ധത്തിലേക്കും പ്രണയത്തെ വളർത്തിയെടുക്കുന്നത് ഈ ഹോർമോണു കളാണ്. ഈ ഘട്ടത്തിൽ Serotonin-ന്റെ അളവ് സാധാരണ നിലയിലെത്തുന്നു. വിഷാദവും, ഭയവും, ഭ്രാന്തും, ആകുലത കളും അകലുന്നു. മനസ്സുകൾ തമ്മിൽ സന്തോഷത്തോടെ, സൗഖ്യമായി ശാന്തമായി പ്രണയിക്കുന്നു.

ലൈംഗിക ഹോർമോണുകളുടെ പ്രവർത്തന ഫലമായി ഉണ്ടാകുന്ന പ്രണയ വികാരങ്ങൾ പ്രകൃതിദത്തമായൊരു ആകർഷണം മാത്രമാണ്. കൗമാര കാലഘട്ടത്തിന്റെ കൗതുകവും ചെറിയ ചെറിയ ഇഷ്ടങ്ങളുമായും അഗാധ സ്നേഹബന്ധങ്ങൾക്ക് വ്യത്യാസമുണ്ട്. വേരുകൾ പൊട്ടി മുളച്ചിട്ടില്ലാത്ത സ്നേഹബന്ധങ്ങളാണ് ഇഷ്ടങ്ങൾ. അതു കേവലം ഉപരിപ്ലവമാണ്. എപ്പോൾ വേണമെങ്കിലും പിഴുതെറിയപ്പെടാം, മാറിയും മറിഞ്ഞും വരാം. ഇന്നത്തെ ഇഷ്ടമായിരിക്കില്ല നാളെ. പക്വതയാർജ്ജിച്ചിട്ടില്ലാത്തതും, സ്ഥിരതയില്ലാത്തതുമായ ചെറിയ ചെറിയ ആകർഷ ണങ്ങൾ/ആഗ്രഹങ്ങളാണ് ഇഷ്ടം. യഥാർത്ഥ സ്നേഹ ബന്ധത്തിന്റെ വേരുകൾ പൊട്ടിമുളച്ചിറങ്ങി പടർന്നു പന്തലിച്ചു നിൽക്കുന്നതായിരിക്കും. ഇതു കേവലം ഉപരിപ്ലവമല്ല. ആർക്കും പിഴുതെറിയുവാനോ, ഇല്ലാതാക്കുവാനോ കഴിയില്ല. ജീവിതത്തിന്റെ ആഴങ്ങളിലേയ്ക്കാഴ്ന്നിറങ്ങി വേരൂന്നി നിൽക്കുന്ന ബലമുള്ള ബന്ധങ്ങൾ സ്ഥിരതയുള്ളതും ഏതു പ്രതികൂല സാഹചര്യങ്ങളിലും മായാതെ മങ്ങാതെ തെളിഞ്ഞു നിൽക്കുന്നതുമാണ്. കാലത്തിന്റെ പരിണാമത്തിൽ സമൂഹ പിന്തുണയോടെ പക്വതയാർജ്ജിച്ച പ്രണയ ബന്ധങ്ങൾ നല്ല കുടുംബ ബന്ധങ്ങളിലേക്കു വഴി തെളിക്കുന്നു.

പ്രായപൂർത്തിയായതിനുശേഷം, സ്വയം തീരുമാന മെടുക്കുവാനുള്ള പ്രാപ്തിയും പക്വതയുമാർജ്ജിച്ചെടുത്ത തിനുശേഷം, മാതാപിതാക്കളുടെ ആലോചന സ്വീകരിച്ച്, അവരുടെ സമ്മതത്തോടെ, സമൂഹത്തിന്റെ അറിവോടും പിന്തുണയോടും കൂടെ സമൂഹം തീർത്ത മാന്യമായ അതിർ വരമ്പുകൾക്കുള്ളിൽ നിന്നുകൊണ്ട് പ്രണയിക്കുന്നതിൽ തെറ്റില്ല. എങ്കിലും വിവാഹത്തിനു ശേഷമുള്ള പ്രണയമാണ് ഉത്തമവും, സുരക്ഷിതവും.

കൗമാര കാലഘട്ടം മറ്റെല്ലാവിധ ശ്രദ്ധയിൽ നിന്നും ഒഴിഞ്ഞുമാറി 'മനസ്സ്' പഠനത്തിൽ മുഴുകേണ്ട സമയമാണ്. എഴുത്ത്, വായന, വ്യക്തിത്വവികസനം, സ്വഭാവ രൂപീകരണം, അറിവ് സമ്പാദിക്കുക എന്നിങ്ങനെ നമ്മുടെ ഭാവിയുടെ നന്മയ്ക്കും ജീവിതലക്ഷ്യ പൂർത്തീകരണത്തിനുള്ള ഊർജ്ജവും, പരിജ്ഞാനവും വെളിച്ചവും സമ്പാദിക്കേണ്ട കാലമാണ് കൗമാരം. പഠനകാലയളവിൽ പഠിച്ചേ ഒരു ഡിഗ്രി സമ്പാദിച്ചെടുക്കുവാൻ കഴിയു. കൗമാരം കരുത്തിന്റെയും ഊർജ്ജത്തിന്റെയും സംഭരണിയാണ്. ഈ പ്രായത്തിലെ ഊർജ്ജം നല്ല നാളെയ്ക്കായുള്ള വിദ്യാ സമ്പാദനത്തിനായി ഉപയോഗിക്കുക. കൗമാര കരുത്ത് സമ്പൂർണ്ണ ആരോഗ്യവും, നന്മയും, നേട്ടവും കൈവരിക്കുവാൻ മാത്രം ഉപയോഗിക്കുക.

കൗമാര പ്രായത്തിന്റെ കാലഘട്ടം മനസ്സ് പൂർണ്ണമായും പക്വതയിൽ വികസിച്ചിട്ടില്ല. മനസ്സിന്റെ വ്യതിയാന കാലഘട്ടമാണിത്. മനസ്സ് സ്ഥിരതയോടെ പക്വതയിൽ ബലപ്പെട്ടതിനുശേഷം മാത്രം പ്രണയത്തെക്കുറിച്ചു ചിന്തിക്കുക. കൗമാര പ്രായക്കാർ പ്രണയത്തിന്റെ ശരിയായ അർത്ഥം ഉൾക്കൊള്ളുന്നില്ല. വെറും ആകർഷണങ്ങളിൽ മാത്രമുള്ള പ്രണയത്തെക്കുറിച്ച് ചിന്തിക്കുക ഇല്ലെങ്കിൽ എടുത്തുപോയ അപക്വമായ തീരു മാനങ്ങളെക്കുറിച്ചോർത്ത് ഭാവി ജീവിതത്തിൽ ദുഃഖിക്കേ ണ്ടതായിവരും. കൗമാര പ്രായക്കാർ പ്രണയത്തിന്റെ ശരിയായ അർത്ഥം ഉൾക്കൊള്ളുന്നില്ല. വെറും ആകർഷണങ്ങളിൽ മാത്രമുള്ള ഭ്രമമാണ് അവരുടെ പ്രണയം. 'എന്താണ് ജീവിതം', 'എന്താണ് ലോകം' എന്നൊക്കെ തിരിച്ചറിയുന്നതിനു മുമ്പ് തന്നെ വികാരാവേശത്താൽ വരുംവരായ്കകളെക്കുറിച്ച് ചിന്തിക്കാതെ പ്രണയത്തിന്റെ അപകടക്കയങ്ങളിലേ ക്കെടുത്തു ചാടുന്നു. ഒടുവിൽ ശ്വാസംമുട്ടി പിടഞ്ഞ് ഒരു പിടിവള്ളിക്കായി കൈകാലിട്ടടിക്കുന്നു. സ്വയം കണ്ടെത്തുക. ഇണയെ തിരിച്ചറിഞ്ഞു പഠിക്കുക. അവരുടെ സമ്പൂർണ്ണ ഉയർച്ചയ്ക്കായി അവർ വളരാൻ അനുവദിക്കുക. അവരുടെ ഭാവിക്കോ പഠനത്തിനോ ദോഷമുണ്ടാകുന്നതൊന്നും സ്വന്തം ഭാഗത്തുനിന്നും വരാതിരിക്കുവാൻ ശ്രദ്ധിക്കുക. സ്വയം നിയന്ത്രിക്കുക. അവരെ ബുദ്ധിമുട്ടിക്കാതെ അംഗീകരിക്കുക. ഉചിതമെന്നു തോന്നിയാൽ മാത്രം ജീവിത സഖിയാക്കുക. എന്നിട്ടു പ്രണയിക്കുക. ആത്മാർത്ഥമായി സ്നേഹിക്കുന്ന ഒരാൾ ഒരിക്കലും പുറകെ നടന്ന് ശല്യപ്പെടുത്തുകയില്ല. പക്വതയോടെ ചിന്തിക്കുന്ന ആൾ ഉചിതമായ സമയംവരെ പ്രണയം ഉള്ളിലൊതുക്കി കാത്തിരിക്കും. സ്വയം പര്യാപ്തത നേടുക. 'എല്ലാറ്റിനും ഒരു സമയമുണ്ട്' എന്നു വേദ പുസ്തകം പറയുന്നു. കൗമാര കാലഘട്ടത്തിൽ ചപലമായ പ്രണയക്കെടുതിയിലകപ്പെടാതെ സ്വയം സൂക്ഷിക്കുക. പ്രണയത്തിന്റെ സത്യവും പക്വതയുമാർജ്ജിച്ച വസന്തകാലംവരെ ദൈവത്തിന്റെ സമയത്തിനായി ക്ഷമയോടെ ഒരുങ്ങി കാത്തിരിക്കുക. ●

(തുടരും)

മല്പാനോടു ചോദിക്കാം ?

# ആരാധനയിൽ ധൂപം വിശുന്നതെന്തിന്?



വിശുദ്ധ. സുറിയാനിസഭയുടെ ആരാധനാ ജീവിതത്തിൽ അവിഭാജ്യമായ ഒരു ഘടകം ആണ് ധൂപാർപ്പണം. വി. കുർബ്ബാനയിലും, കൂദാശകളിലും, നമസ്ക്കാരങ്ങളിലും, ശുശ്രൂഷകളിലും, അനുഷ്ഠാനങ്ങളിലുമെല്ലാം ധൂപാർപ്പണത്തിന് വലിയ പ്രാധാന്യം സഭ കല്പിച്ചിട്ടുണ്ട്. പഴയനിയമ സഭയിലും ധൂപാർപ്പണം അവരുടെ ആരാധനയുടെ ഭാഗമായിരുന്നു (ലേവ്യ.16:12, സംഖ്യ16:36-37, ലൂക്കോ.1-9). ധൂപപ്രാർത്ഥനയിലൂടെ നമ്മുടെ ആരാധന സ്വർഗ്ഗത്തിലെ ആരാധനയുടെ ഒരു അനുകരണമായി മാറുന്നതിനൊപ്പം (വെളി.8:3-4). സ്വർഗ്ഗത്തോടും, കർത്തൃബലിയോടും നമ്മെ സംബന്ധിപ്പിക്കുകയും ചെയ്യുന്ന ധൂപത്തെ കർത്താവിന്റെ ബലിയുടെ പ്രതീകമായി വി. പൗലോസ് ശ്ലീഹാ വർണ്ണിക്കുന്നുണ്ട്. **''ക്രിസ്തുവും നിങ്ങളെ സ്നേഹിച്ച് നമുക്കു വേണ്ടി തന്നത്താൻ ദൈവത്തിന് സൗരഭ്യവാസനയായ വഴിപാടും യാഗവുമായി അർപ്പിച്ചതുപോലെ സ്നേഹത്തിൽ നടപ്പീൻ" (എഫേ. 2).**

ധൂപകലശത്തെ താഴപ്പറയുന്ന രീതിയിലാണ് പരി.സഭാപിതാക്കന്മാർ സൂചിപ്പിച്ചിട്ടുള്ളത്.

ധൂപകലശത്തിന്റെ മേൽത്തട്ട് ആകാശത്തെയും അടിത്തട്ട് ഭൂമിയേയും സൂചിപ്പിക്കുന്നു. അതിലിടുന്ന കരി പാപം നിറഞ്ഞ മനുഷ്യസമൂഹത്തെയും അതിലുള്ള തീ മനുഷ്യശരീരത്തിൽ അവതരിച്ച് അതിനെ സജീവമാക്കിയ ദൈവപുത്രനെയും സൂചിപ്പിക്കുന്നു. തീയുടെ പ്രവർത്തനം മൂലം കരിയുടെ നിറവും സ്വഭാവവും മാറി അഗ്നിക്കനലായി മാറുന്നതുപോലെ മനുഷ്യന്റെ പാപസ്വഭാവത്തിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം ഉണ്ടാകുമ്പോൾ അവന് തേജസ്സും പ്രവർത്തനക്ഷമതയും ലഭിക്കുന്നു. അഗ്നി സുഗന്ധവസ്തുവായ കുന്തിരിക്കത്തെ ഉരുക്കി സുഗന്ധവാസന മുകളിലേയ്ക്ക് ഉയർത്തുന്നതുപോലെ പാപം നീങ്ങി പരിശുദ്ധാത്മാവു നിറഞ്ഞ ഹൃദയങ്ങളിൽ നിന്നുള്ള പ്രാർത്ഥന സുഗന്ധധൂപംപോലെ ദൈവസന്നിധിയിലേക്ക് ഉയർത്തപ്പെടുന്നു.

ധൂപകലശത്തിലെ നാലു ചങ്ങലകൾ ഭൂമിയുടെ നാലു ദിക്കുകളെ സുചിപ്പിക്കുന്നതിനോടൊപ്പം പരി. ത്രിത്വത്തിലെ മൂന്ന് ആളത്വങ്ങളെ സൂചിപ്പിക്കുന്നു. ധൂപക്കുറ്റി വാഴ്വ് പരി. ത്രിത്വത്തിലുള്ള ഒരു വിശ്വാസപ്രഖ്യാപനമാണ്. "പരിശുദ്ധനായ പിതാവ് പരിശുദ്ധൻ" എന്നു പറയുമ്പോൾ ഒരു ചങ്ങലയും"പരിശുദ്ധനായ പുത്രൻ പരിശുദ്ധൻ" എന്നു പറയുമ്പോൾ "പുത്രനിൽ പൂർണ്ണ ദൈവത്വവും പൂർണ്ണ മനുഷ്യത്വവും ഉണ്ടായിരുന്നതിനാൽ രണ്ടു മൂന്നും ചങ്ങലകൾ ചേർത്തും "ജീവനുള്ളവനും പരിശുദ്ധനുമായ റൂഹാ പരിശുദ്ധൻ" എന്നു പറയുമ്പോൾ "നാലാം ചങ്ങലയും ചേർത്തു പിടിയ്ക്കുന്നു. ചങ്ങലകളുടെ മുകളിലത്തെ വട്ട്, വളയും, കൊളുത്ത് തുടങ്ങിയവ പരി. ത്രിത്വത്തിന്റെ യോജിപ്പിനേയും ചങ്ങലകളിലെ പന്ത്രണ്ട് മണികൾ കർത്താവിന്റെ പന്ത്രണ്ട് അപ്പോസ്തോലന്മാരേയും അതിലെ ഓരോ കണ്ണിയും ഓരോ തലമുറയേയും പ്രതിനിധാനം ചെയ്യുന്നു.

ധൂപം ദൈവസാന്നിദ്ധ്യത്തിൽ മധുരസൗരഭ്യമായി ഉയർത്തുന്ന വിശ്വാസികളുടെ ജീവിതവും പ്രാർത്ഥനയുമാകുന്നു. വി. കുർബ്ബാനയുടെ ഒരുക്ക ശുശ്രൂഷയിൽ (തൂയോബോ) ധൂപകലശത്തിൽ കുന്തിരിക്കം ഇട്ടുകൊണ്ട് അപ്പവീഞ്ഞുകളുടെ കിഴക്കും പടിഞ്ഞാറും, വടക്കും, തെക്കുമായി ധൂപം അർപ്പിച്ച് ഇപ്രകാരം പാടുന്നു.

**കിഴക്ക്:** ഈ പരിമള ധൂപത്താൽ ദൈവമാതാവായ മറിയാം ഓർമ്മിക്കപ്പെടട്ടെ.

**പടിഞ്ഞാര്:** ഈ പരിമള ധൂപത്താൽ പ്രവാചകന്മാരും അപ്പോസ്തോലന്മാരും, പരി. രക്തസാക്ഷികളും ഓർമ്മിക്കപ്പെടട്ടെ.

**വടക്ക്:** ഈ പരിമള ധൂപത്താൽ ശുശ്രൂഷക്കാരും, പുരോഹിതന്മാരും നീതിമാന്മാരും ഓർമ്മിക്കപ്പെടട്ടെ.

**തെക്ക്:** ഈ പരിമള ധൂപത്താൽ വി. സഭയും സഭയുടെ എല്ലാ സന്താനങ്ങളും ഓർമ്മിക്കപ്പെടട്ടെ.

# ക്നാനായ കൺവെൻഷൻ 2020

ഫെബ്രുവരി 26, 2020 വലിയ നോമ്പിന്റെ ആദ്യ ബുധനാഴ്ച തിരുവല്ല മുൻസിപ്പൽ മൈതാനത്ത് വച്ച് വൈകിട്ട് 6 മണിക്ക് പതിനെട്ടാമത് ക്നാനായ കൺവെൻഷന് തിരശ്ശീല ഉയരും.

സുവിശേഷ സമാജം നേതൃത്വം കൊടുക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പദ്ധതിയാണ് ഭവനദാനം. ഇപ്പോൾ വരെ 100 വീടുകൾ കൊടുത്തു. 2020 ൽ 10 വീടുകൾ കൂടി നിർമിച്ചു കൊടുക്കേണ്ടതുണ്ട്. സമുദായത്തിലെ 150 വിധവകൾക്ക് പെൻഷൻ എല്ലാ മാസവും നൽകി വരുന്നു. ഡയാലിസിസ് പദ്ധതി തിരുവല്ലയിലെ മൂന്ന് ആശുപത്രികളിലായി നടത്തി വരുന്നു. സമുദായത്തിലെ അനേകം ആളുകൾ ഈ പദ്ധതി പ്രയോജനപ്പെടുത്തുന്നു.

ഈ പദ്ധതികൾക്ക് ചുക്കാൻ പിടിക്കുന്നത് പ്രബുദ്ധരായ ക്നാനായ സമുദായ അംഗങ്ങൾ ആണ് എന്നതിൽ ഞങ്ങൾ അഭിമാനിക്കുന്നു. ഇന്നുവരെ എല്ലാവരും ചേർന്ന് നൽകിയ സഹായ സഹകരണങ്ങൾക്ക് നന്ദി അറിയിക്കുന്നു. വീണ്ടും ഇതിലധികമായി പ്രതീക്ഷിച്ചുകൊണ്ട് കൺവെൻഷനിലേക്ക് എല്ലാവരെയും സ്വാഗതം ചെയ്തു കൊള്ളുന്നു.

ഫെബ്രു. 26ന് ആർച്ച് ബിഷപ്പ് കുര്യാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്ത കല്ലിശ്ശേരി മേഖല അഭി. കുറിയാക്കോസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ മഹനീയ അദ്ധ്യക്ഷതയിൽ കൺവെൻഷൻ ഉദ്ഘാടനം ചെയ്യും. സീറോ മലബാർ സഭ ചങ്ങനാശ്ശേരി അതിരൂപത ഓക്സിലറി മെത്രാൻ മോർ തോമസ് തറയിൽ പ്രഭാഷണം നടത്തും.

27-2-2020 രണ്ടാം ദിവസം റാന്നി മേഖലയുടെ അഭി. കുറിയാക്കോസ് മോർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ ബഹുമാനപ്പെട്ട ഫാ. ടോം ഉഴുന്നാലിൽ പ്രസംഗിക്കും. കത്തോലിക്ക സഭ മിഷനറിസ് ഓഫ് ചാരിറ്റി യെമെനിൽ നിന്നും 2017 സെപ്റ്റംബർ മാസത്തിൽ തട്ടികൊണ്ടുപോയ വൈദികൻ ആണ്.

28-02-2020 വെള്ളിയാഴ്ച മൂന്നാം ദിവസം രാവിലെ 10.30 മുതൽ വനിതാ സംഗമത്തിൽ കത്തോലിക്ക സഭ എറണാകുളം ആർച്ച് ഡയോസിസിലെ വൈദികനും അങ്കമാലി കറുകുറ്റി കാർമ്മൽ റിട്രീവ് സെന്റർ സ്ഥാപകനും ഡയറക്ടറും ആയ ബഹുമാനപ്പെട്ട റവ. ഫാ. ബോസ്കോ ഞാളിയത്ത് പ്രസംഗിക്കും.

29-2-2020 നാലാം ദിവസം വൈകിട്ട് മാർത്തോമാ തിയോളജിക്കൽ സെമിനാരി അദ്ധ്യാപകനും പാസ്റ്റർ കൗൺസിലിങ്ങിൽ ഡോക്ടറേറ്റ് കരസ്ഥമാക്കിയ ബഹുമാനപ്പെട്ട റവ. ഡോ. മോത്തി വർക്കി സന്ദേശം നൽകും.

1-03-2020, മാർച്ച് ഒന്നാം തീയതി ഞായറാഴ്ച രാവിലെ വിശുദ്ധ കുർബ്ബാന, യുവജന, കുടുംബ സംഗമം നടക്കും. വൈകിട്ട് 6 മണിക്ക് കൺവെൻഷനിൽ ക്നാനായ അസ്സോസിയേഷൻ പ്രസിഡന്റും മിഷൻ ഡയറക്ടറും ആയ റവ. ഡോ. എ. റ്റി. ഏബ്രഹാമിന്റെ അദ്ധ്യക്ഷതയിൽ ക്നാനായ സമുദായത്തിന്റെ ആർച്ച് ബിഷപ്പും വലിയ മെത്രാപ്പോലീത്തയുമായ കുര്യാക്കോസ് മോർ സേവേറിയോസ്, സമാപന സന്ദേശം നൽകും. യാക്കോബായ സഭയിലെ സുവിശേഷ സമാജം പ്രസിഡന്റും പ്രമുഖ പ്രാസംഗികനും ആയ പൗലോസ് പാറേക്കര കോർ എപ്പിസ്കോപ്പ അച്ചൻ സമാപന സമ്മേളനത്തിൽ സന്ദേശം നൽകും. നമുക്ക് ഒരുങ്ങാം പ്രാർത്ഥിക്കാം.

സുവിശേഷ സമാജത്തിനുവേണ്ടി
**ഫാ. തോമസ് ഏബ്രഹാം,**
വൈസ് പ്രസിഡന്റ്

# ക്നാനായ കോൺഗ്രസ് റാന്നി മേഖല

ക്നാനായ കോൺഗ്രസ് റാന്നി മേഖലയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട ക്രിസ്തുമസ് നൈറ്റ്-2019, റാന്നി സെന്റ് തോമസ് വലിയ പള്ളിയിൽ അഭിവന്ദ്യ കുറിയാക്കോസ് മോർ ഈവാനിയോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം നിർവഹിച്ചു. ഫാ. ബിനു മാത്യു പയ്യനാട്ട് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ റവ. ഫാ. റോയി മാത്യു മുളമൂട്ടിൽ കോർ എപ്പിസ്ക്കോപ്പ, ഫാ. രാജൻ ഏബ്രഹാം കുളമടയിൽ, ഫാ. കുറിയാക്കോസ് എം. ഫിലിപ്പ് മേലേക്കുറ്റ്, ബിബിൻ കല്ലുംപറമ്പിൽ, ബെറ്റിൻ പള്ളത്തറ, കൊച്ചുമോൻ ഒറ്റത്തൈയ്ക്കൽ, ജയ്മോൻ മേപ്രത്ത്, ഷിബി പുരയ്ക്കൽ, സ്മിജു മറ്റക്കാട്ട്, സജി ചെറിയ മൂഴിയിൽ, അനൂപ് മൂലേത്തറ എന്നിവർ പ്രസംഗിച്ചു. വിവിധ കലാപരിപാടികൾ നടത്തപ്പെട്ടു. പരിപാടികൾക്ക് സാബു കണ്ണംകുഴയത്ത്, ടോംസൺ മാളിയേക്കൽ, ജിക്കു അഴകത്ത്, ജെബു ഇടശ്ശേരിൽ, ടിനോ ചാലുപറമ്പിൽ, കുരുവിള വരാത്ര പൂഴിക്കുന്നിൽ, ജയ്സൻ പാറാനിക്കൽ, ബിനു തോട്ടത്തിൽ, പ്രസാദ് കാവുങ്കപുരയിൽ, അനു പുലിക്കോട്ട് എന്നിവർ നേതൃത്വം നൽകി.



# മലർവാടിക്കൂട്ടം

പരുന്ത് ആകാശത്തിൽ വട്ടമിട്ടു പറന്നു. അസഹ്യമായ വിശപ്പുണ്ട്. ഭക്ഷണത്തിനുള്ള വകയൊന്നും കാണാനുമില്ല.

താഴെ ഒരു പറ്റം ചെമ്മരിയാടുകൾ മേയുന്നു. പരുന്ത് സൂക്ഷിച്ചു നോക്കി. അതിൽ പ്രസവിച്ച് അധികം ദിവസമായിട്ടില്ലാത്ത ഒരു ആട്ടിൻകുട്ടി ഒറ്റപ്പെട്ടു നടപ്പുണ്ട്.

പിന്നെ താമസിച്ചില്ല. ചിറകടിയേറ്റ് പൊടി പടലം ഉയർന്നു, പരുന്തിന്റെ കൈകളിൽ ആട്ടിൻ കുട്ടിയും ഉയർന്നു. സൗകര്യത്തോടെ അതിനെ കൊത്തിപ്പൊളിച്ചു തിന്നാൻ കുന്നിനു മുകളിലുള്ള പാറക്കെട്ടിനെ ലക്ഷ്യം വച്ച് പരുന്ത് പറന്നുപോയി.

ആലിൻ കൊമ്പത്തിരുന്ന് ഒരു കാക്ക ഇതെല്ലാം കാണുന്നുണ്ടായിരുന്നു. തനിക്കും ഇങ്ങനെ എന്തുകൊണ്ട് ഒരാടിനെ റാഞ്ചിയെടുത്തു കൂടാ എന്നായി അതിന്റെ ചിന്ത. ഉടനെ പുറപ്പെടുകയും ചെയ്തു. ശക്തിയായി പറന്നു ചെന്ന കാക്ക വലിയ ഒരു ചെമ്മരിയാടിന്റെ പുറത്തു പിടികൂടി. അതിനെ എടുത്തുകൊണ്ട് പോകാനുള്ള ശ്രമമായി. ഇതിനിടയിൽ നീണ്ടുചുരുണ്ട ആട്ടിൻ രോമങ്ങളിൽ കാക്കയുടെ കാലുകൾ കുരുങ്ങിപ്പോയിരുന്നു. എന്തു ചെയ്തിട്ടും വിട്ടുകിട്ടുന്നില്ല. കാക്ക പിന്നീട് ബഹളം തുടങ്ങി ക്രാ... ക്രാ.... ക്രാ...

ബഹളം കേട്ട് ആട്ടിടയൻ വന്നു. രോമങ്ങളിൽ കുരുങ്ങി കിടന്ന കാക്കയുടെ കാലുകൾ അയാൾ സ്വതന്ത്രമാക്കി. പക്ഷേ ചിറകുകൾ കൂട്ടിപിടിച്ച് അതിനെ അയാൾ വീട്ടിലേക്ക് കൊണ്ടുപോയി കുട്ടികൾക്ക് കളിപ്പാട്ടമായി സമ്മാനിക്കുകയാണു ണ്ടായത്.

"സ്വന്തം ശക്തിയെക്കുറിച്ച് അറിയാത്തവർ കുരുക്കിലകപ്പെട്ട് അപഹാസ്യരാകുന്നു."

കൊച്ചേട്ടൻ



# ബാലദീപം ക്വിസ്

റ്റി. ജെ. ജേക്കബ് തുണ്ടിയിൽ

**പാഠഭാഗം**
**യെശയ്യ 35 to 66**
**മത്തായി. 15 to 28**

1. ദൈവം ഭൂമിയെ തുറക്കുന്നതെന്തിനുവേണ്ടി?
2. ഒരിക്കലും തൃപ്തിപ്പെടാത്ത (കൊതിയനായ) ഒരു ജന്തു & ജീവി ഏത്?
3. ദൈവത്തിന്റെ ആലയം ആരുടെ പ്രാർത്ഥനാലയം എന്നറിയപ്പെടുന്നു? (വിളിക്കപ്പെടുന്നു)
4. യേശു യെരീഹോവിൽ കൂടെ കടന്നുപോകുമ്പോൾ എത്ര കുരുടന്മാരെ സൗഖ്യമാക്കി?
5. കെട്ടിയിട്ടിരുന്ന പെൺ കഴുതയെ അഴിപ്പാൻ പോയ ശിഷ്യന്മാർ എത്ര?
6. യേശു കഴുതപ്പുറത്ത് യെരുശലേമിൽ വരുമെന്ന് മുൻകൂട്ടി പ്രവചിച്ച പ്രവാചകൻ ആര്?
7. മഹാപുരോഹിതനായ കയ്യഫാ യേശുവിനെപറ്റി പറഞ്ഞതെന്ത്?
8. തൂങ്ങി ചത്തതായി (കെട്ടിഞാന്ന്) പുതിയ നിയമത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ആൾ ആര്?
9. വിശുദ്ധ വഴിയിൽ നടക്കുന്നതാര്?
10. രോഗസൗഖ്യം കിട്ടിയപ്പോൾ പാട്ടെഴുതിയ ഒരു രാജാവാര്?

## ജനുവരി മാസത്തിലെ ഉത്തരങ്ങൾ

1. മറുരൂപ മലയിൽവച്ച് (മത്താ. 17:5)
2. ചതുർദ്രഹ്മപ്പണം (മത്താ. 17:27)
3. വി. മത്തായി (27:34ൽ)
4. തുലാസിനാൽ (യെശ. 40:12)
5. യഹോവയെ കാത്തിരിക്കുന്നവർ (യെശ. 40:12)
6. യെശയ്യാവ് (41:8)
7. കഴുകൻ (യെശ. 40:31)
8. സരള, പയിൻ, പുന്ന (41:19)
9. യോശീയാവ്, കോരെശ് (യെശ. 44:28, 2 ദിന. 36:23)
10. കൊരെശ് രാജാവ് (യെശ. 56:7)

## ക്നാനായ കോൺഗ്രസ് അർദ്ധവാർഷിക സംഗമം



ക്നാനായ കോൺഗ്രസ് കേന്ദ്ര കമ്മിറ്റിയുടെ അർദ്ധവാർഷിക സമ്പൂർണ്ണ പ്രതിനിധി സമ്മേളനവും മാമംഗലം യൂണിറ്റ് പ്രവർത്തനോദ്ഘാടനവും ജനുവരി 19 –ാം തീയതി എറണാകുളം മാമംഗലം ക്നാനായ പള്ളിയിൽ വെച്ച് ശ്രീ. റ്റി. ജെ. വിനോദ് എം.എൽ.എ. ഉദ്ഘാടനം ചെയ്തു. ആർച്ച് ബിഷപ്പ് അഭി. കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്ത അനുഗ്രഹ പ്രഭാഷണം നടത്തി.

## മനുഷ്യ മഹാശൃംഖല

2020 ജനുവരി 26–ന് കേരള മൊട്ടാകെ നടന്ന മനുഷ്യ മഹാശൃംഖല കായംകുളത്ത് കേരള കോൺഗ്രസ് ചെയർമാൻ എക്സ്. എം. പി. **സ്കറിയ തോമസ്** ഉദ്ഘാടനം ചെയ്യുന്നു.



## 1675–ാമത് സിറിയൻ ക്നാനായ വാർഷിക സംഗമം സ്വാഗതസംഘ രൂപീകരണം



ക്നാനായ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ മെയ് 15, 16, 17 തീയതികളിലായി റാന്നിയിൽ വെച്ച് നടത്തപ്പെടുന്ന 1675–ാമത് സിറിയൻ ക്നാനായ വാർഷിക സംഗമത്തിന്റെ സ്വാഗത സംഘ രൂപീകരണ യോഗം റാന്നി വലിയപള്ളിയിൽ ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യുന്നു.

## കൂനൻ കുരിശ് സത്യ സ്മാരക ശിൽപത്തിന്റെ അനാച്ഛാദനം

**കല്ലിശ്ശേരി വലിയപള്ളി അങ്കണത്തിൽ നിർമ്മിച്ചിട്ടുള്ള കൂനൻ കുരിശ് സത്യ സ്മാരക ശിൽപത്തിന്റെ അനാച്ഛാദനത്തോടനുബന്ധിച്ച് നടന്ന പൊതു സമ്മേളനം സമുദായ മെത്രാപ്പോലീത്ത ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്തായുടെ അധ്യക്ഷതയിൽ മാർത്തോമാ സഭയുടെ പരമാധ്യക്ഷൻ മോസ്റ്റ് റൈറ്റ് ഡോ. ജോസഫ് മാർത്തോമാ മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്യുന്നു. അഭി. ഡോ. ഗീവർഗ്ഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ, അഭി. കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ, അഭി. കുറിയാക്കോസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ എന്നിവർ സമീപം**




ST.MARYS KNANAYA PRAYER GROUP
RIYADH - SAUDI ARABIA
MANAGING COMMITTEE - 2020
PRAYER GROUP LEADER
BENNY UTHUPPAN
Edasseriath - Kuttoor
Contact.:+966 502908024
St. Mary's Knanaya Prayer Group - Riyadh
Your word is a lamp to my feet and light for my path Psalms 119: 105
PRESIDENT
THOMAS ABRAHAM
Moozhiperumethu - Thiruvanathapuram
Contact.:+966 506850226
SECRETARY
JOMON JOSE
Thazhathedathu - Seethathode
TRUSTEE
BAIJU CHACKO
Valayanattu - Manthamaruthi
AUDITOR
ABRAHAM KURIAKOSE
Pattambalathu - Thuruthicadu
SUNDAY SCHOOL HEAD MASTER
SUNIL IDICULLA
Kottamkuzhiyil - Mannar
SUNDAY SCHOOL HEADMISTRESS
BINCY JUSTIN
Kochumangara - Ranny
VANITHA SAMAJAM CO-ORDINATOR
RENI MANU
Pazhayapeedikayil - Kallissery
COMMITTEE MEMBER
SAJO MATHEW
Alappattu - Ranny
COMMITTEE MEMBER
JOSE KURIAN
Thyparampil - Venpala
COMMITTEE MEMBER
JOMON K SCARIA
Kattadiyil - Neelamperoor
COMMITTEE MEMBER
THOMAS KURIAN
Pazhayattu - Thonikadavu
COMMITTEE MEMBER
MANOJ KURIAKOSE
Vaniyapurakal - Eara
COMMITTEE MEMBER
SUBIN KURIEN
Edasseriyath - Kuttoor

Advt - O

## ക്നാനായ സമുദായത്തിന് ബാംഗ്ലൂരിൽ സ്ഥലം ലഭിച്ചു







## മെറിറ്റ് അവാർഡ് വിതരണം



വെളിയനാട് സെന്റ് മേരീസ് ബത്‌ലഹേം ക്നാനായ പള്ളിയിലെ പെരുന്നാളിനോടനുബന്ധിച്ചു നടത്തിയ മെറിറ്റ് അവാർഡ് വിതരണം യാക്കോബായ സഭ മൂവാറ്റുപുഴ മേഖലയുടെ അഭി. മാത്യൂസ് മാർ അന്തീമോസ് ഉദ്ഘാടനം ചെയ്തു. വികാരി ഫാ. ജേക്കബ് കല്ലുകുളം അധ്യക്ഷത വഹിച്ചു. സാബു തോട്ടുങ്കൽ, ഷേർളി ജോർജ് ഏബ്രഹാം തോമസ് ചന്ദ്രത്തുവാക്കൽ, ജിനു സക്കറിയാ വലിയപറമ്പിൽ എന്നിവർ പ്രസംഗിച്ചു.


## 40th Wedding Anniversary

10-02-2020



**Remani Jose & C. C. Joseph.**

**Theamaneth, Aythala, Ranny**

*Prayerful greetings from*

Jomon & Jiji Jomon
Jenit & Anu Jenit
Jeenamol & Benson Abraham

*Grand Children*

Livana Achu Jomon
Reyan Joseph Jenit
Jewel Benson Abraham

Advt - O



## 50-ാം വിവാഹ വാർഷികം

01- 02-2020



**കുര്യൻ മത്തായി**
**&**
**ശോശാമ്മ മത്തായി**

തട്ടാംകുന്നേൽ,
രാമമംഗലം

Advt - O





## വിവാഹിതരായി



തുരുത്തിക്കാട് സെന്റ് ജോൺസ് ക്നാനായ പള്ളി ഇടവകയിൽ തിരുവല്ല കുറ്റപ്പുഴ കൊന്നയ്ക്കൽ പി. സി. ജോസിന്റെയും (ബോസ്) കുമരകം തച്ചാറയിൽ ലൈസാമ്മ കുരുവിളയുടെയും മകൻ **രാഹുൽ കെ. ജോസും** (State Bank of India) വള്ളംകുളം സെന്റ് മേരീസ് ബെഥേൽ പള്ളി ഇടവകയിൽ ഒച്ചാലിൽ ഒ. എം. ജോസിന്റെയും ഇരവിപേരൂർ ചേമ്പിലേട്ട് സൂസൻ ജോസിന്റെയും (സുമ) മകൾ **മിജോമോൾ ജോസും** (Federal Bank) തമ്മിലുള്ള വിവാഹം 2020 ജനുവരി 11–ാം തീയതി ചിങ്ങവനം സെന്റ് ജോൺസ് പുത്തൻ പള്ളിയിൽ ഫാദർ അനിൽ കെ. തോമസ് കൊന്നയ്ക്കലിന്റെ മുഖ്യ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

Advt - R




# വിവാഹിതരായി



വെച്ചുച്ചിറ സെന്റ് മേരീസ് ക്നാനായ ഇടവകയിൽപ്പെട്ട ഒറ്റത്തെങ്ങിൽ ഒ. റ്റി. ജോസിന്റെയും ലാലി ജോസിന്റെയും മകൻ **റ്റിന്റു ടോം ജോസും (തോമാച്ചൻ)** നിലമ്പൂർ സെന്റ് ജോൺസ് ക്നാനായ ഇടവകയിൽപ്പെട്ട കവിരായിൽ കെ. കെ. ഏബ്രഹാമിന്റേയും അച്ചാമ്മ എബ്രഹാമിന്റെയും മകൾ **നീബു ഏബ്രഹാമും** തമ്മിലുള്ള വിവാഹം വെച്ചുച്ചിറ സെന്റ് മേരീസ് ക്നാനായ പള്ളിയിൽ വെച്ച് ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.



വെച്ചുച്ചിറ സെന്റ് മേരീസ് ക്നാനായ ഇടവകയിൽപ്പെട്ട ഒറ്റത്തെങ്ങിൽ ഒ. റ്റി. ജോസിന്റെയും ലാലി ജോസിന്റെയും മകൻ **റ്റിക്കു മാത്യു ജോസും (മാത്തുക്കുട്ടി)** റാന്നി വലിയപള്ളി ഇടവകയിൽപ്പെട്ട പുതുപ്പറമ്പിൽ ഷാജി പി. കെ. യുടെയും സാലമ്മ ഷാജിയുടെയും മകൾ **അന്നു ഷാജിയും** തമ്മിലുള്ള വിവാഹം 11-01-2020 ൽ വെച്ചുച്ചിറ സെന്റ് മേരീസ് ക്നാനായ പള്ളിയിൽ വെച്ച് ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

Advt - R

## മഞ്ഞിനിക്കര തീർത്ഥാടകർക്ക് സ്വീകരണം നല്കി



മഞ്ഞിനിക്കര തീർത്ഥാടനം വടക്കൻ മേഖല തീർത്ഥയാത്രാ സംഘം കോട്ടയം നാഗമ്പടത്തു എത്തി ചേർന്നപ്പോൾ കോട്ടയം നഗരസഭ സ്വീകരണം നൽകി. ക്നാനായ ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്ത, യാക്കോബായ സുറിയാനി സഭയുടെ എപ്പിസ്കോപ്പൽ സിനഡ് സെക്രട്ടറിയും കോട്ടയം ഭദ്രാസന അധിപനുമായ മോർ തീമോത്തിയോസ് തോമസ് മെത്രാപ്പോലീത്ത, നഗരസഭ അധ്യക്ഷ ഡോ. സോനാ പി. ആർ, മുനിസിപ്പൽ കൗൺസിലേഴ്സ് തുടങ്ങിയവർ ചേർന്ന് സ്വീകരിച്ചു.






## വർഷാരംഭ സുവിശേഷ യോഗം-2020



മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസന മേഖലാ പുതുവത്സര സംയുക്ത സുവിശേഷയോഗം ചിങ്ങവനം സെന്റ് ജോൺസ് ദയറാ പള്ളിയിൽ ആർച്ച് ബിഷപ്പ് അഭി. കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യുന്നു. റവ. ഫാ. വിനോയ് ഡാനിയേൽ ധ്യാനം നയിച്ചു. വികാരി. ഫാ. സ്കറിയ മർക്കോസ് കൊച്ചുമംഗര, സെക്രട്ടറി ശ്രീ. സാബു സ്കറിയാ മഠത്തിൽപ്പറമ്പ്, ട്രസ്റ്റി ശ്രീ. വി.എം. സോമൻ വാലടിത്ര, ശ്രീ. കെ.വി. ഉതുപ്പാൻ മൂഴിപ്പാറ തുടങ്ങിയവർ സമീപം




## 40 – ാം ചരമദിനം

05 – 03 – 2020



## യു. കെ. മാത്യു (69)

(കുഞ്ഞുമോൻ)

കുന്നുംപുറത്ത്, വാകത്താനം

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -

## 3 – ാം ചരമവാർഷികം

07 – 03 – 2020



## അമ്മിണി കോര

പൊക്കത്തിൻ, കുറിച്ചി

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

## 14 – ാം ചരമ വാർഷികം

28 – 02 – 2020

## 20 – ാം ചരമ വാർഷികം

29 – 01 – 2020



## Chinnamma Thomas

## N. U. Thomas

**Neduvoppil, Eara**

മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ

Advt - R

## 4-ാം ചരമവാർഷികം

29-02-2020



**കെ. പി. തോമസ് (തോമാച്ചൻ)**

കൊണ്ടൂർ

മാതാ എഞ്ചിനീയറിംഗ് വർക്സ് , ചിങ്ങവനം

Advt -O

## 11 –ാം ചരമ വാർഷികം

04 – 03 – 2020



**ജോസഫ് സഖറിയ**

പാലക്കുടിയിൽ, ചിങ്ങവനം

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ "

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -R



## 12 –ാം ചരമ വാർഷികം

17 – 03 – 2020

**കെ. സി. ജോസഫ്**

(അനിയൻകുഞ്ഞ്)

കോയിക്കൽ, അങ്ങാടി, റാന്നി

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് കാണാമെന്നുള്ള പ്രത്യാശയോടെ

കോയിക്കൽ സോമിൽ, അങ്ങാടി, റാന്നി.

കോയിക്കൽ ഫർണിച്ചർ മാർട്ട്, മാമുക്ക്, റാന്നി
9446708529

കോയിക്കൽ ഫർണിച്ചേഴ്സ്, അങ്ങാടി, റാന്നി

9447395775

സന്തപ്തകുടുംബാംഗങ്ങൾ

Advt - S

# നന്മയുടെയും സാക്ഷ്യ ജീവിതത്തിന്റെയും പ്രചോദനമായ പരി. ഏലിയാസ് ത്രിതീയൻ ബാവ

**ഫാ. മോനായി കെ. ഫിലിപ്പ് കർക്കടകംപള്ളിൽ**

ലോകചരിത്രത്തിൽ ചില അടയാളപ്പെടുത്തലുകൾ നടത്തിയവരുടെ സ്മരണ വളരെ ദീപ്തമാണ്. പരി. മോറോൻ മോർ ഇഗ്നാത്തിയോസ് ഏലിയാസ് ത്രിതീയൻ ബാവായുടെ 88-ാമത് ദുഃഖ്റോനോ പെരുന്നാൾ കൊണ്ടാടുമ്പോൾ, ആ പരിശുദ്ധന്റെ സ്മരണ നമുക്ക് അനുഗ്രഹത്തിന് ഇടയാകട്ടെ.



'സമാധാനത്തിന്റെ അപ്പസ്തോലനായ പരി. മോറോന്റെ സ്മരണ സമാധാനത്തിന്റെ വെള്ളരിപ്രാവുകളായിത്തീരാൻ നമുക്കിടയാകട്ടെ. പരി. മോറോൻ തന്റെ ക്ഷീണാവസ്ഥയിലും മലങ്കരസഭയെ പ്രതി ഇവിടേയ്ക്ക് എഴുന്നെള്ളി വന്ന്, തന്റെ ജനത്തിനിടയിൽ സമാധാനം സ്ഥാപിക്കുവാൻ ശ്രമിച്ച ആ പുണ്യപിതാവിന്റെ ഈ ലോകത്തിലെ ദൗത്യം പൂർത്തിയാക്കി, ദൈവസന്നിധിയിലേയ്ക്ക് മലങ്കരയിൽവച്ച് വാങ്ങിപ്പോയതും, തന്റെ ഭൗതികശരീരം മലങ്കരയിൽ കബറടങ്ങുവാനും സാധിച്ചത് മലങ്കര മണ്ണിന്റെ പുണ്യമാണ്. പരി. മോറോന്റെ സ്മരണ നാം നിർവ്വഹിക്കുമ്പോൾ സമാധാനത്തിന്റെ മക്കളായി നമുക്ക് ആയിത്തീരാൻ ശ്രമിക്കാം.

''നന്മയുടെ നിറകുടമായ പരി. മോറാൻ'' നമുക്ക് നല്കുന്ന ആഹ്വാനം നാം ആയിരിക്കുന്ന ഇടത്ത് നന്മനിറഞ്ഞവരായിത്തീരുക എന്നതാണ്. പരി.മോറോൻ തന്റെ മലങ്കരസന്ദർശനത്തിൽ മക്കളില്ലാതിരുന്ന ദമ്പതികൾക്ക് പ്രാർത്ഥനയിലൂടെ മക്കളെ ലഭിക്കുവാനും, കുടിവെള്ളം ഇല്ലാതിരുന്നവർക്ക് തന്റെ അനുഗ്രഹത്താൽ അത് ലഭ്യമാകാനും ഇടയായതിന് സാക്ഷ്യങ്ങൾ ധാരാളമാണ്. തന്റെ സാന്നിദ്ധ്യം തന്നെ നന്മ നിറഞ്ഞതായി തീർന്നത് ഇന്ന് നമുക്കൊരു മാതൃകയായാണ് അവശേഷിക്കുന്നത്. നമ്മുടെ ജീവിതത്തിലും മറ്റുള്ളവർക്ക് നന്മയുടെ വറ്റാത്ത ഉറവയായി നാം പരിലസിക്കേണ്ടതുണ്ട്.

'സാക്ഷ്യജീവിതത്തിന്റെ മാതൃക' അവശേഷിപ്പിക്കുന്ന പരി.മോറോൻ സാക്ഷ്യജീവിതം നയിക്കുവാൻ നമുക്ക് പ്രചോദനമാകുന്നു. ലൗകികതയുടെ പ്രലോഭനങ്ങളിലും ആസക്തികളുടെയും അതിപ്രസരം നിറഞ്ഞു നിൽക്കുന്ന ഇന്ന്, ദൈവികത നിറഞ്ഞ ഒരു ബദൽ സംസ്ക്കാരം പരി. മോറോന്റെ ജീവിതത്തിലൂടെ വെളിവാക്കുന്നു. ലൗകികതയുടെ മുഖമുദ്രകളായ ആഡംബരവും, സ്വാർത്ഥതയും നിറഞ്ഞ ലോകത്തിൽ ത്യാഗത്തിന്റെയും സ്നേഹത്തിന്റെയും, ക്ഷമയുടെയും പര്യായമായി പരി.മോറോൻ തിളങ്ങുന്നു. വിശ്വാസജീവിതം ത്യാഗത്തിന്റെയും, ക്ഷമയുടെയുമായിരിക്കണം എന്നും നമ്മെ പഠിപ്പിക്കുന്നു.

'സാമൂഹ്യപരിഷ്കരണത്തിൽ വ്യക്തിമുദ്ര പതിപ്പിച്ച് പരി. മോറാൻ നാം ആയിരിക്കുന്ന സമൂഹത്തിൽ പ്രചോദനമായി വർത്തിക്കണമെന്ന ആഹ്വാനം നൽകുന്നു. 1931 നവംബർ 26-ന് കുറിച്ചിയിൽ എഴുന്നള്ളിവന്ന്, അവിടെ സ്കൂളും, കന്യാസ്ത്രീമഠവും സ്ഥാപിക്കണമെന്ന ആഗ്രഹം പ്രകടിപ്പിച്ചതിലൂടെ സമൂഹത്തിൽ ഉന്നതമായ അവസ്ഥയിൽ വിശ്വാസികൾ എത്തണമെന്ന് പരി.മോറോൻ ആഗ്രഹിച്ചു. വിദ്യാഭ്യാസ ഉയർച്ചയിലൂടെ സാമൂഹികമായ മാറ്റത്തിനായി സഭ സമൂഹത്തിൽ പ്രവർത്തിക്കണമെന്ന സന്ദേശവും പരി. മോറോൻ നൽകുന്നു.

വി. ജീവിതത്തിന്റെ മാതൃകയായി പരിലസിക്കുന്ന പരി. മോറോൻ പ്രാർത്ഥനയും ഉപവാസവും വിശ്വാസ ജീവിതത്തിൽ അത്യാവശ്യമാണെന്നും ചൂണ്ടികാണിക്കുന്നു. ക്രിസ്തീയത നമ്മുടെ ജീവിതത്തിലൂടെ പ്രതിധ്വനിക്കണമെന്ന് പരി. പിതാവ് നമ്മെ ഓർപ്പിക്കുന്നു. പരിശുദ്ധന്റെ പെരുന്നാളിൽ നാം പങ്കെടുക്കുമ്പോൾ അത് നമ്മുടെ ജീവിതത്തെ കൂടുതൽ വിശുദ്ധിയിലേയ്ക്ക് നയിക്കുവാൻ പ്രചോദനമാകണം. പരി.മോറോൻ മോർ ഇഗ്നാത്തിയോസ് ഏലിയാസ് ത്രിതിയൻ ബാവായുടെ ഈ വർഷത്തെ ഓർമ്മപ്പെരുന്നാൾ നമ്മെ വിശുദ്ധിയിലേക്കും സാമൂഹ്യനന്മയിലേക്കും, സാക്ഷ്യജീവിതത്തിലേയ്ക്കും, നന്മയിലേക്കും, സമാധാന ജീവിതത്തിലേക്കും നയിക്കുവാൻ ഇടയാകട്ടെ. പരിശുദ്ധന്റെ മദ്ധ്യസ്ഥത നമുക്കെന്നും കോട്ടയാകട്ടെയെന്ന പ്രാർത്ഥനയോടെ പെരുന്നാളിന്റെ ആശംസകൾ നേരുന്നു.



ഡോ. സുനിൽ ഡി. കുരുവിള

# വൈകല്യം കുട്ടിക്കോ? നമുക്കോ?

"A child is like a butterfly in the wind.
Some can fly higher than others.
But each one files the best it can.
Why compare one against the other ?
Each one is difference, each one is special, each one is beautiful".

രാവിലെ ആദ്യത്തെ ഫോൺ കോൾ ഒരു പേരന്റിന്റേതായിരുന്നു.

"എന്താണ് വിഷയം?"

"മോൻ ഒൻപതിലാണ് പഠിക്കുന്നത്."

"ശരി"

"ക്ലാസ്സിൽ തീരെ ശ്രദ്ധിക്കുന്നില്ല."

"ഹും"

"പഠനത്തിൽ പുറകോട്ടാണ്"

"ശരി"

"ട്യൂഷനും കൊടുക്കുന്നുണ്ട്."

"ഹും, കുട്ടി കളിക്കാറുണ്ടോ?"

കുട്ടിയാണ് മറുപടി പറഞ്ഞത്, "കളിക്കാനൊന്നും വീട്ടിൽ സമ്മതിക്കുന്നില്ല."

അമ്മ കൂട്ടിച്ചേർത്തു, "ട്യൂഷൻ ഉള്ളതുകൊണ്ടാണ് സർ."

"ക്ലാസ്സിൽ എത്ര കുട്ടികളുണ്ട്"

"35"

"ട്യൂഷൻ ക്ലാസ്സിൽ എത്ര കുട്ടികളുണ്ട്."

"80"

എട്ടുമണിക്കൂർ ക്ലാസ്സിൽ തന്നെ ശ്രദ്ധിക്കാൻ പറ്റാത്ത കുട്ടികളെ അതിനുശേഷം ട്യൂഷൻ എന്ന് പറഞ്ഞ് വീണ്ടും ഇരുത്തി "ഉണക്കുക." അതും ശ്രദ്ധിക്കാൻ കഴിയാത്ത കുട്ടിയെ കുത്തിനിറച്ച ട്യൂഷൻ ക്ലാസ്സിൽ! പഠിക്കാൻ പുറകോട്ടു നിൽക്കുന്നതുകൊണ്ട് കളിക്കാനും വിടുന്നില്ല. ഇത്തരം കുട്ടികൾക്ക് കളികൾ വളരെ ആവശ്യമാണ്. കളിക്കാത്ത കുട്ടികൾ ജീവിതത്തിൽ കൂടുതൽ പരാജിതരാവാനാണ് സാധ്യത.

പഠന ബുദ്ധിമുട്ടും, വൈകല്യവുമുള്ള കുട്ടികളുടെ എണ്ണം സമൂഹത്തിൽ കൂടി വരുകയാണോ?

